മി. സ്പീക്കർ : ഒരു പാർട്ടി നേതാവിനേയും ഞാൻ പ്രത്യേകമായിട്ട് വിളിച്ചിട്ടില്ല. ശ്രീ. ചന്ദ്രശേഖരൻനായർ ഉന്നയിച്ച പോയിൻറ് ഓഫ് ആർഡറിനെ സംബന്ധിച്ച് ചില ക്ലാരിഫിക്കേഷൻ നൽകാൻ ഒന്നു രണ്ട് മെമ്പർമാരെ അനുവദിച്ചു. പ്രതിപക്ഷനേതാവ് ആ കാര്യത്തെക്കുറിച്ച് പറഞ്ഞു. സഭാനേതാവിന് അതേക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഒരു തർക്കത്തിന്റെ കാര്യമില്ല. അദ്ദേഹം ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് അങ്ങേയ്ക്ക് പറയാനുള്ളത് പറഞ്ഞു. പക്ഷെ എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ബേബിജോൺ ഉന്നയിച്ച വാദം ഇവിടെ നിലനിൽക്കത്തക്കതല്ല. കാരണം ഗവർണ്ണർ ഈ സഭയിൽ ഒരു പ്രസംഗം ചെയ്യാത്ത ഒരു സാഹചര്യമാണ് ഉണ്ടായിരുന്നതെങ്കിൽ ആ പ്രസംഗം അംഗീകരിച്ചുകൊണ്ട് ആ പ്രസംഗത്തിന് ഒരു നന്ദി പ്രമേയത്തിന് അനുവാദം കൊടുക്കാൻ അന്ന് നിലവിലുണ്ടായിരുന്ന സ്പീക്കർ മുതിരുമായിരുന്നില്ല. നന്ദി പ്രമേയത്തിന് നോട്ടീസ് കൊടുക്കുകയും അതിനുശേഷം സഭ കൂടി മറെറാരു സ്പീക്കറെ തെരഞ്ഞെടുക്കുകയും ഇന്ന് ചർച്ചയ്ക്ക് വിഷയീഭവിക്കുകയും ചെയ്തിരിക്കുകയാണ്. ഗവർണ്ണർ പ്രസംഗം ചെയ്തുവെന്നുള്ള കാരണത്താൽതന്നെ അന്നുണ്ടായിരുന്ന സ്പീക്കർ അത് അംഗീകരിച്ച് സഭാനടപടികളും മുന്നോട്ടു കൊണ്ടുപോയ സാഹചര്യത്തിൽ അതിന് വിപരീതമായി ഒരു റൂളിങ്ങ് കൊടുക്കേണ്ട പ്രശ്നമില്ല. (ബഹളം) ശ്രീ. ചന്ദ്രശേഖരൻ നായർക്കുള്ള സംശയം തീർത്തുകൊടുക്കുന്നതും സഭാനടപടികളും മുന്നോട്ടു കൊണ്ടുപോകുന്നതും രണ്ടും രണ്ടാണ്. സഭാനടപടികളും മുന്നോട്ടു കൊണ്ടുപോകാനുള്ള കാര്യത്തിൽ അങ്ങ് റൂളിങ്ങ് നൽകിയിട്ടില്ല. റൂളിങ്ങിന്റെ പ്രശ്നം ഉദിക്കുന്നില്ല. സംശയം തീർക്കുന്ന കാര്യത്തിൽ പിന്നീട് സംശയം തീർക്കാൻ അവകാശമുണ്ട്. അതേയവസരത്തിൽ സഭാനടപടികളും നിർത്തിവയ്ക്കേണ്ട യാതൊരു സാഹചര്യവുമില്ല, സഭാ നടപടികളും തുടർന്നുകൊണ്ട് പോകണം. (ബഹളം)

III അവിശ്വാസ പ്രമേയം

മി. സ്പീക്കർ : ഈ വിഷയത്തെക്കുറിച്ച് സംസാരിക്കാനുള്ളവർ സംസാരിച്ചു കഴിഞ്ഞു. ഇനി ആ പ്രശ്നത്തെക്കുറിച്ച് സംസാരിക്കേണ്ടതില്ല. I have received notices of motions from Shri K. Pankajakshan and Shri A. C. Shanmugha Das expressing want of confidence in the Council of Ministers headed by Shri K. Karunakaran. The notice from Shri K. Pankajakshan was received first. It reads as follows :

"This House expresses its want of confidence in the Council of Ministers headed by Shri K. Karunakaran".

Members who are in favour of leave being granted will please rise in their seats.

(More than twnety members from the Opposition rose in their seats)

More than twenty members are in favour of leave being granted. Leave is accordingly granted. The motion will be taken up for discussion.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഈ സഭയുടെ നടപടിച്ചട്ടമനുസരിച്ച്, ഗവർണ്ണറുടെ പ്രസംഗത്തെ സംബന്ധിച്ചുള്ള നന്ദിപ്രമേയം സഭയുടെ ചർച്ചയിലിരിക്കുമ്പോൾ മറെറ് ചർച്ചകൾക്ക് സ്ഥാനമില്ല. എന്നാൽ ഈ ഗവൺമെൻറിനെതിരായി അവിശ്വാസപ്രമേയം വന്ന സാഹചര്യത്തിൽ ഒരു നിമിഷവും വൈകാതെ, ആ സംശയത്തിന്റെ ധൂമമറ നീക്കുന്നതിനുവേണ്ടിയിട്ട്, ഈ സഭയുടെ അംഗീകാരത്തോടുകൂടി അവിശ്വാസ പ്രമേയത്തിന്റെ ചർച്ച ഇപ്പോൾ തന്നെ തുടങ്ങണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ആദ്യം നന്ദി പ്രമേയം തന്നെ ചർച്ച ചെയ്യണമെന്നില്ല. കീഴ്വഴക്കമനുസരിച്ച്, ഇൻഡ്യൻ ഭരണഘടനയുടെ 1-ാം ഭേദഗതിയനുസരിച്ച് നന്ദി പ്രമേയത്തിനു മുമ്പ് അവിശ്വാസപ്രമേയം ചർച്ച ചെയ്യാവുന്നതാണ്. (ബഹളം) ചർച്ചയ്ക്ക് ഗവൺമെന്റു സമ്മതിച്ചുവെങ്കിൽ അത് ബഹുമാനപ്പെട്ട കരുണാകരൻ തരുന്ന ഔദാര്യമൊന്നുമല്ല. ഭരണഘടനാപ്രകാരം തന്നെ നന്ദി പ്രമേയം എടുക്കുന്നതിനു മുമ്പ്, അവിശ്വാസപ്രമേയം എടുക്കാം. അതൊരു ഔദാര്യമായി ആരും കണക്കാക്കണ്ട. കാൺസ്റ്റിറ്റ്യൂഷൻ പ്രകാരം അതൊരു റൈറ്റാണ്.

(ബഹളം)

ശ്രീ. എ. സി. ഷൺമുഖദാസ് : ഇതിനെ സംബന്ധിച്ച് ഞാനൊരു മോഷൻ അവതരിപ്പിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ഞാൻ വായിച്ചപ്പോഴും രണ്ടും പറഞ്ഞു.

ശ്രീ. എ. സി. ഷൺമുഖദാസ് : പറഞ്ഞില്ല.

മി. സ്പീക്കർ : ഞാൻ വായിച്ചപ്പോഴും രണ്ടും പറഞ്ഞു.

ശ്രീ. കെ. പങ്കജാക്ഷൻ : ശ്രീ. ഷൺമുഖദാസ് പ്രമേയത്തെ ആസ്പദമാക്കി ആദ്യം സംസാരിക്കും. അതു കഴിഞ്ഞ് അതിനെ പിൻതാങ്ങി ഞാൻ സംസാരിക്കാം.

ശ്രീ. പി. കെ. വാസുദേവൻ നായർ : ഇതുപോലെ സുപ്രധാനമായ ഒരു അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയ്ക്ക് മൂന്നു ദിവസമെങ്കിലും ആവശ്യമാണെന്നാണ് അഭിപ്രായം. അതിനെപ്പറ്റി ഒരു ധാരണ വേണം. ഇതുപോലെ പ്രധാനപ്പെട്ട ഒരു അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയ്ക്ക് അംഗങ്ങൾക്ക് ആവശ്യമായ സമയം വേണം. അതുകൊണ്ട് മൂന്നു ദിവസത്തെ ചർച്ച ഇതിനാവശ്യമാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതനുസരിച്ച് ഞങ്ങളുടെ മെമ്പറൻമാർക്ക് വിശദമായി സംസാരിക്കാനുള്ള സമയത്തെ സംബന്ധിച്ച് ഒരു ധാരണ വേണം.

ശ്രീ. കെ. കരുണാകരൻ : സർ, ഈ സഭ അടിയന്തിരമായ ചില നടപടികൾക്കുവേണ്ടി സമ്മേളിച്ചിരിക്കുകയാണ്. എങ്കിലും അവിശ്വാസപ്രമേയം വന്നതുകൊണ്ട് ഞങ്ങൾ അതിന് മുൻഗണന നൽകുകയാണ്. പാർലമെന്ററിലെ കീഴ്വഴക്കമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചതെങ്കിൽ, പാർലമെന്റ് കീഴ്വഴക്കം, അവിശ്വാസപ്രമേയം ഒരു ദിവസം വെളുപ്പാൻ കാലംവരെയിരുന്ന് ചർച്ച ചെയ്തു, അതേ ദിവസംതന്നെ തീരുമാനം എടുക്കുകയാണുണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇന്നേ ദിവസം മുഴുവൻ നമുക്കിരുന്ന് ചർച്ച ചെയ്യാം. ഈ സഭയിൽത്തന്നെ രണ്ട് ദിവസത്തിൽ കൂടുതൽ ചർച്ച നീട്ടിക്കൊണ്ടുപോയിട്ടില്ല. അതുകൊണ്ട് ഇന്നേ ദിവസം കൊണ്ടു തന്നെ നമുക്ക് ചർച്ച ചെയ്തു തീർക്കാം. വേണമെങ്കിൽ ഒരു ദിവസം കൂടി ഇരിക്കുന്നതിനും വിരോധമില്ല.

ശ്രീ. ആർ. എസ്. ഉണ്ണി : പോയിന്റ് ഓഫ് ആർഡർ. ഇത്തരം കാര്യങ്ങളിൽ സഭയുടെ തീരുമാനമാണ് പ്രധാനം. സാധാരണഗതിയിൽ, സഭയെ പ്രതിനിധാനം ചെയ്യുന്ന ബിസിനസ് അഡ്വൈസറി കമ്മിറ്റിയോ, കക്ഷിനേതാക്കൻമാരോ ആലോചിച്ച് തീരുമാനിക്കുന്നത് സഭ അംഗീകരിക്കണം. സഭയുടെ തീരുമാനമാണ് പ്രധാനം. അവിശ്വാസപ്രമേയം ചർച്ച ചെയ്യുന്നതിനു മൂന്നു ദിവസം വേണമെന്ന അഭിപ്രായം സഭയുടെ തീരുമാനത്തിനു വയ്ക്കണം. ഇത്തരം കാര്യങ്ങളിൽ സഭാ നേതാവിന് തീർച്ചയായും അഭിപ്രായം പറയാം. പക്ഷേ അത് സഭയുടെ തീരുമാനമാകണമെന്നില്ല. ഇക്കാര്യത്തിൽ സഭയുടെ തീരുമാനം അങ്ങ് ആരായണം, സഭയുടെ തീരുമാനമനുസരിച്ച് കാര്യങ്ങൾ നടത്തണം എന്നാണ് എനിക്ക് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, സഭയുടെ തീരുമാനം ആവശ്യമില്ല.

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട ഉണ്ണി ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച്, ഇവിടെ വലിയ അഭിപ്രായവ്യത്യാസമൊന്നുമില്ല. മൂന്നു ദിവസത്തെ ചർച്ച വേണമെന്ന് ബഹുമാനപ്പെട്ട വാസുദേവൻ നായർ ആവശ്യപ്പെട്ടു. ഒരു ദിവസമേ വേണ്ടതുള്ളൂ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സഭാനേതാവ് പറഞ്ഞു. വേണമെങ്കിൽ രണ്ടു ദിവസമാകാമെന്നും പറഞ്ഞു. ഈ സഭയുടെ കീഴ്വഴക്കമനുസരിച്ച് രണ്ടു ദിവസം മാത്രമേ സമയമുള്ളൂ. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിൽ നിന്ന് നൽകുന്ന റൂളിംഗ് തന്നെയാണ് പ്രധാനം.

ശ്രീ. ആർ. എസ്. ഉണ്ണി : ഒരു പോയിന്റ് ആഫ് ആർഡർ. സഭയുടെ തീരുമാനമാണ് സഭയുടെ നടപടിയെ സംബന്ധിച്ച് അംഗീകരിക്കേണ്ടത് എന്നുള്ളതു നിയമമാണ്. ആ നിയമമനുസരിച്ച്.....

(ബഹളം)

ശ്രീ. ഇ. അഹമ്മദ് : 1971-ൽ ബഹുമാനപ്പെട്ട സി. ബി. സി. വാര്യർ ഇവിടെ അവിശ്വാസപ്രമേയം അവതരിപ്പിച്ചു. 1971-ൽ തന്നെ ബഹുമാനപ്പെട്ട ജോൺമാഞ്ഞൂരാൻ അവിശ്വാസപ്രമേയം അവതരിപ്പിച്ചു. 1972-ൽ ശ്രീ. ബാലാനന്ദൻ അവിശ്വാസപ്രമേയം അവതരിപ്പിച്ചു ഈ മൂന്നു സന്ദർഭങ്ങളിലും രണ്ട് ദിവസം ചർച്ച ചെയ്യണമെന്നാണ് തീരുമാനിച്ചത്. അത് ബഹുമാനപ്പെട്ട ചെയറാണ് തീരുമാനിച്ചത്, സഭയല്ല. അതുകൊണ്ട് ചെയറിന്റെ തീരുമാനമാണ് വേണ്ടത്, സഭയുടേതല്ല.

(ബഹളം)

മി. സ്പീക്കർ : നടപടിക്രമങ്ങളെ സംബന്ധിച്ച്.....

(ബഹളം)

Shri K. M. Mani : Sir, under Rule 63 (5) The Speaker may if he thinks fit Prescribe a time limit for Speeches.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ആ റൂൾ ദുർവ്യാഖ്യാനം ചെയ്യുകയാണ്.

മി. സ്പീക്കർ : ആർഡർ, ആർഡർ. ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. ഞാൻ അതിനെക്കുറിച്ച് എന്തെങ്കിലും പറഞ്ഞതിനുശേഷം .....(ബഹളം)
ദയവായി ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം.

(ബഹളം)

ശ്രീ. ആർ. എസ്. ഉണ്ണി : റൂൾ 65 മൊത്തം ഒരു വിഷയത്തിന് സമയം നിശ്ചയിച്ചാൽ അംഗങ്ങളുടെ.....

(ബഹളം)

ശ്രീ. കെ. എം. മാണി : നോ കോൺഫിഡൻസിനെക്കുറിച്ച്, റൂൾ 63 (5)-ം ഉപവകുപ്പിൽ പറയുന്നത് സ്പീക്കറുടെ അധികാരമാണ്.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞത് .....
ആർക്കും അറിയാൻ പാടില്ലാത്ത ഒരു പ്രശ്നമല്ലയിത്. ഇതിനെ സംബന്ധിച്ച്, സമയം തീരുമാനിക്കുന്നതിനുള്ള പൂർണ്ണമായ സ്വാതന്ത്ര്യം ചെയറിനുണ്ട്. നിയമപരമായി .....

ശ്രീ. ആർ. എസ്. ഉണ്ണി : ക്ഷമിക്കണം. അങ്ങനെയല്ല. അത് ശരിയല്ല.

മി. സ്പീക്കർ : ചെയറിൽ നിന്ന് .....

Shri K. M. Mani : Rule 63 is the relevant provision regarding no confidence in Ministers. Sub rule (5) ൽ പറയുന്നത് "The Speaker may if he thinks fit, prescribe a time limit for Speeches" It is left to the Speaker.

ശ്രീ. എം. വി. രാഘവൻ : ഇതൊരു കൊള്ളരുതായ്മയല്ലേ ? ഈ മാണിയെ അവിടെ കയറ്റിയത് ?

(ഈ സമയം ശ്രീ. സി. ബി. സി. വാര്യർ എന്തോ പറയുന്നുണ്ടായിരുന്നു.)

മി. സ്പീക്കർ : ബഹുമാനപ്പെട്ട സി. ബി. സി. വാര്യർ എന്താണ് പറയുന്നതെന്ന് ശ്രീ. രാഘവൻ പറയുന്നതുകൊണ്ട് കേട്ടുകൂടെ.

ഇക്കാര്യത്തെ സംബന്ധിച്ച് ഒരു തീരുമാനവും ചെയറിൽനിന്ന് പറഞ്ഞില്ല. നമ്മെ ആവശ്യമില്ലാത്ത കാര്യത്തിൽ തർക്കിക്കണോ ? മൂന്നു ദിവസം ചർച്ച വേണമെന്ന ഒരു അഭിപ്രായം വന്നു. ഒരു ദിവസം മതിയെന്ന് ബഹുമാനപ്പെട്ട സഭാനേതാവ് പറഞ്ഞു. പോരെങ്കിൽ രണ്ട് ദിവസം ആകാമെന്ന നിർദ്ദേശവും അദ്ദേഹം വച്ചു. അതിനെക്കുറിച്ച് ചെയറിൽ നിന്ന് പറഞ്ഞുവന്നത്, ഇപ്പോഴത്തന്നെ മൂന്നു ദിവസം നമ്മുടെ സമയം പോയിരിക്കുകയാണ്. ഇന്നും ചോദ്യോത്തര സമയം ഒഴിവാക്കിക്കൊണ്ടുള്ള പരിപാടിയാണ് നടന്നിട്ടുള്ളത്. നാളെക്കൂടിയാണ് ഇന്നുവരെയുള്ള തീരുമാനപ്രകാരം, സഭ നിൽക്കേണ്ടത്. ഈ കാര്യം ഏതു രീതിയിൽ വേഗത്തിലാക്കണമെന്നുള്ളതിനെക്കുറിച്ച്, ഇന്നത്തെ സമ്മേളനത്തിനുശേഷം പാർട്ടിനേതാക്കൻമാരെല്ലാംകൂടി ആലോചിച്ച് ഒരു തീരുമാനം ഇക്കാര്യത്തിൽ എടുക്കാം എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ശ്രീ. ഷൺമുഖദാസിനു പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാം.

Shri A. C. Shanmukha Das : Sir, I move: "This House expresses its want of confidence in the Council of Ministers headed by Shri K. Karunakaran". ഈ സംസ്ഥാനത്ത് അധികാരത്തിൽ വന്നിട്ടുള്ള ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിൽ ഈ സഭയ്ക്കുള്ള അവിശ്വാസം രേഖപ്പെടുത്താൻ ഏതാനും ആഴ്ചകളുടെ ഭരണം മാത്രം പിന്നിട്ട ശേഷം ഞാൻ തയ്യാറായത്, നമ്മുടെ ഭരണഘടനയിൽ അടിസ്ഥാനപരമായി നിയമസഭയുടെ കേവലമായ ഭൂരിപക്ഷം ഉണ്ടാകണമെന്ന അടിസ്ഥാന പ്രമാണങ്ങളുടെ ലംഘനം നടത്തിയെന്ന വിശ്വാസംകൊണ്ടാണ്. വിവിധ കക്ഷികളുടെ .....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രമേയാവതാരകന് 30 മിനിറ്റാണ് അനുവദിച്ചിട്ടുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഈ നിയമസഭയിൽ കക്ഷികളും അവരുടെ രാഷ്ട്രീയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങളും മുഖവിലയ്ക്കെടുത്താൽ കേരളാ ഗവർണ്ണർ ശ്രീ. കരുണാകരനെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ ക്ഷണിച്ചപ്പോൾ ഏതു നിലയ്ക്ക് പരിശോധിച്ചാലും 141 അംഗങ്ങൾ ഉള്ള ഈ നിയമസഭയിലെ 67 അംഗങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

പിൻതുണ മാത്രമേ ശ്രീ. കരുണാകരന് ഉള്ളതായി പരസ്യമായി വെളിവാക്കപ്പെട്ടിട്ടുള്ളു. ജനതാപാർട്ടി അവരുടെ സംസ്ഥാന തലത്തിൽ ചേർന്നിട്ടുള്ള രണ്ടു യോഗങ്ങളിലും അതുപോലെ ജനതാപാർട്ടിയിലെ എം. എൽ. എ. മാർ ശ്രീ. കരുണാകരൻ സത്യപ്രതിജ്ഞചെയ്ത വേളയിൽ ആ ആഴ്ചയിൽ ചെയ്തിട്ടുള്ള പരസ്യപ്രസ്താവനയും എല്ലാം പൂർണ്ണമായി പരിശോധിച്ചാൽ ഐക്യജനാധിപത്യ മുന്നണിയിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന 67 അംഗങ്ങളുടെ മാത്രം പിൻതുണയോടുകൂടിയാണ് ശ്രീ. കരുണാകരന് ഭൂരിപക്ഷം ഉണ്ടെന്ന നിഗമനത്തിൽ കേരളാ ഗവർണ്ണർ എത്തിച്ചേർന്നത് എന്നു കാണാൻ കഴിയും. ഭരണഘടനയിലെ ജനാധിപത്യ മൗലികാവശ്യങ്ങൾ കാത്തുസൂക്ഷിക്കാൻ പൂർണ്ണമായി ബാദ്ധ്യതപ്പെട്ടിട്ടുള്ള ബഹുമാനപ്പെട്ട ഗവർണ്ണർ, തനിക്ക് തന്റെ അറിവിൽ നിയമസഭയിൽ ശ്രീ. കരുണാകരന് ഭൂരിപക്ഷമുണ്ടെന്ന് പറഞ്ഞതല്ലാതെ ആ ഭൂരിപക്ഷം ഏതെല്ലാം കക്ഷികളുടെ പിൻബലത്തോടുകൂടിയാണ്, ഏതെല്ലാം അംഗങ്ങളുടെ പിൻബലത്തോടുകൂടിയാണ് എന്ന് വെളിപ്പെടുത്താനുള്ള സൻമനസ്സു കാണിക്കുകയുണ്ടായിട്ടില്ല. ഓരോ രാഷ്ട്രീയ കക്ഷിയും തങ്ങളുടെ അംഗങ്ങളുടെ അഭിപ്രായത്തെ മാനിച്ചുകൊണ്ട് ഈ ഗവൺമെൻറിനോടുള്ള അവരുടെ സമീപനം വ്യക്തമാക്കിയതിനുശേഷം ആ രാഷ്ട്രീയ കക്ഷികളിലെ അംഗങ്ങളിൽ ചിലർ അവരുടെ പരസ്യപ്രഖ്യാപനത്തിന് വിരുദ്ധമായി രഹസ്യമായി തനിക്കു ശ്രീ. കരുണാകരന് മന്ത്രിസഭ രൂപീകരിക്കാൻ ആവശ്യമായ പിൻതുണ നൽകുന്നു എന്ന് ബഹുമാനപ്പെട്ട ഗവർണ്ണർ പറഞ്ഞു എങ്കിൽ അത് നിയമസഭയിലുള്ള അംഗങ്ങളുടെ വ്യക്തിത്വത്തിന്റെയും മാന്യതയുടെയും നേരെയുള്ള ഒരു ചോദ്യമായി നിൽക്കുകയാണ്. ഇന്നു കാലത്തുപോലും ശ്രീ. കെ. കെ. നായർ പറഞ്ഞത് അദ്ദേഹം എന്തു തീരുമാനിക്കുമെന്ന് നാളെ പറയുമെന്നാണ്. ശ്രീ. കെ. കെ. നായർപോലും അദ്ദേഹത്തിന്റേതായ അഭിപ്രായം പറഞ്ഞുകഴിഞ്ഞിട്ടില്ല. നിയമസഭയിൽ വെളിപ്പെടുത്താമെന്നാണു പറഞ്ഞിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ഗവൺമെൻറ് ന്യൂനപക്ഷ ഗവൺമെൻറാണ്. ഈ ഗവൺമെൻറിനു ഭരിക്കാൻ അവകാശമില്ല. ഭരണഘടനയോടും അതുപോലെ ജനാധിപത്യ മൗലിക സിദ്ധാന്തങ്ങളോടുമുള്ള ഒരു ലംഘനമാണ്. ഇപ്പുറത്തിരിക്കുന്ന ഞങ്ങളും, ഈ നാട്ടിലെ പൊതുജനങ്ങളും, പത്രങ്ങളും, ജനാധിപത്യ വിശ്വാസികളും എല്ലാം ഈ ഗവൺമെൻറിനെക്കുറിച്ച് ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളും പൂർണ്ണമായിത്തന്നെ നിലനിൽക്കുന്നു. മറുഭാഗത്തു ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ തന്റെ ഭൂരിപക്ഷം തെളിയിക്കുമെന്ന് പറയുകയല്ലാതെ ആ ഭൂരിപക്ഷം തെളിയിക്കുന്നതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ല. ഇന്ന് ഇവിടെ ഒരു അവിശ്വാസപ്രമേയം വന്നപ്പോൾ അദ്ദേഹം ഇതൊരു പ്രത്യേക സൗജന്യമായി ചിത്രീകരിച്ചുകൊണ്ട് ഇപ്പോൾ തന്നെ ചർച്ച ചെയ്യണമെന്ന് പറയുകയുണ്ടായി. 1969 ഫെബ്രുവരിയിൽ കേന്ദ്ര പാർലമെൻറിൽ പ്രസിഡൻറിന്റെ പ്രസംഗത്തിൽ നന്ദി രേഖപ്പെടുത്താൻവേണ്ടി പ്രമേയം ചർച്ചയ്ക്കു വന്നപ്പോൾ പാർലമെൻറിൽ ഉന്നയിച്ചിട്ടുള്ള അവിശ്വാസപ്രമേയം സ്പീക്കർ പെട്ടെന്നുതന്നെ അന്നത്തെ സഭാനേതാവിന്റെ അഭിപ്രായത്തോടെ അവതരിപ്പിക്കാൻ അനുവദിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള പാർലമെൻററി സംപ്രദായത്തിൽ നിരവധി പാരമ്പര്യങ്ങളും ക്രമവും ഇവിടെ ഉള്ളിടത്തോളംകാലം ശ്രീ. കരുണാകരൻ ഇത്തരത്തിൽ സന്നദ്ധത പ്രകടിപ്പിച്ചത് അദ്ദേഹത്തിന്റെ ജനാധിപത്യത്തെക്കുറിച്ചുള്ള ഒരു പുതിയ അഭിനിവേശത്തിന്റെയും താൽപര്യത്തിന്റെയും പ്രകടമായ തെളിവായി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നുവെങ്കിൽ 67 അംഗങ്ങളെവച്ചുകൊണ്ടു കേരളാ ഗവർണ്ണർ 67 അംഗങ്ങളുടെ പിൻതുണ മാത്രമുള്ള ശ്രീ കരുണാകരന് നിയമസഭയിൽ ഭൂരിപക്ഷമില്ലാതെ ഭൂരിപക്ഷമുണ്ടെന്നു വ്യാജേന ക്ഷണിച്ചു മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യിച്ചത് ഈ സംസ്ഥാനത്തെ ജനങ്ങളും അംഗീകരിക്കാൻ പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതേ സമയത്തു ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലെ കാര്യം ഇന്നു കാലത്ത് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്റെ പാർട്ടിയുടെ പ്രമുഖനായ ഒരു നേതാവ്, ഒരുപക്ഷേ ഇൻഡ്യയിൽ ജീവിച്ചിരിക്കുന്ന മുഖ്യമന്ത്രിമാരിൽ ആദർശശാലിയും സ്വാതന്ത്ര്യസമര സേനാനിയും രാഷ്ട്രീയരംഗത്ത് അതികായനുമായ ശ്രീ. ശരത്ചന്ദ്രസെന്ന ആസ്സാം നിയമസഭയിൽ ജീവിച്ചിരിപ്പുള്ള 119 അംഗങ്ങളിൽ തന്റെ ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ 62 പേരും ശ്രീ. തൈമൂറിനെ നിയമസഭാകക്ഷി സ്ഥാനത്തു നിന്ന് പുറത്താക്കി ശ്രീ. ഗോഗോയെ നിയമസഭാകക്ഷി നേതാവാക്കി ഇന്ദിരാ കോൺഗ്രസ് കക്ഷിയുടെ നേതാവായി തെരഞ്ഞെടുത്തപ്പോഴും അതിൽ പ്രതിഷേധിച്ച് പുറത്തുവന്നാലോ അഞ്ചോ ഇന്ദിരാ കോൺഗ്രസ് എം. എൽ എ. മാരുടെ പിൻതുണ അടക്കം ശ്രീ. ശരത്ചന്ദ്രസെന്നയ്ക്ക് ഭൂരിപക്ഷമുണ്ടെന്നു ഗവർണ്ണറുടെ അടുത്ത് നേരിട്ട് അംഗങ്ങളെ ഹാജരാക്കിയും മറ്റെല്ലാ അർത്ഥത്തിലും പൂർണ്ണമായി ബോദ്ധ്യപ്പെടുത്തി, എൻ. ഡി. എഫിന്റെ അറുപത്തിരണ്ടും അതുപോലെ ഇന്ദിരാകോൺഗ്രസ്സിൽ നിന്ന് കൂറുമാറി വന്ന ആളുകളുമടക്കം 65, 67 പേരുടെ പിൻതുണയോളം ആസ്സാം നിയമസഭയിൽ ഉണ്ടെന്നു പറഞ്ഞിട്ടും അവിടെ ഒരർദ്ധരാത്രിയിൽ ആരോടും പറയാതെ ആരേയും അറിയിക്കാതെ പരസ്യമായ ഒരറിയിപ്പുപോലുമില്ലാതെ ഇന്ദിരാ കോൺഗ്രസ് നിയമസഭാകക്ഷി നേതാവ് ശ്രീ. ഗോഗോയെ സത്യപ്രതിജ്ഞ ചെയ്യിച്ച കാര്യമാണ് നമുക്ക് കാണാൻ കഴിഞ്ഞത്. അദ്ദേഹമാണെങ്കിൽ 1978-ൽ ജനതാടിക്കറ്റിൽ ജയിച്ച ആളാണ്. 1979-ൽ ജനതാദൾ-ന്റെ നേതാവ് ആയിരുന്നു. 1980-ൽ ആണ് ഇന്ദിരാ കോൺഗ്രസ്സിൽ ചേർന്നത്. ഒരു തെരഞ്ഞെടുപ്പിനു ശേഷം 3 വർഷത്തിൽ ഓരോ വർഷവും കൂറുമാറി കൂറുമാറി കാലുമാറി കാലുമാറി വന്നിട്ടുള്ള ഒരു നേതാവിനെ നിയമസഭയിൽ പ്രകടമായ ഭൂരിപക്ഷം ഇല്ലെന്നറിഞ്ഞിട്ടും കൂറുമാറാക്കാരന് ഒരുപക്ഷേ ഭൂരിപക്ഷമുണ്ടാക്കാൻ കൂറുമാറത്തിനേതായ പരിചയവും അതിനേതായ അനുഭവവും അതിനേതായ തന്ത്രങ്ങളും അറിയുന്നതുകൊണ്ടാകണം ഇൻഡ്യയിലൊരുപക്ഷേ കണ്ടിട്ടുള്ളതിൽ മൂന്നുകൊല്ലത്തിൽ മൂന്നു തവണ കൂറുമാറിയ ശ്രീ. ഗോഗോയെ ആസാം നിയമസഭയിൽ ഭൂരിപക്ഷമില്ലെന്നു വ്യക്തമായിട്ടുപോലും ഗവൺമെൻറ് രൂപീകരിക്കുന്നതിന് ആസ്സാം ഗവർണ്ണർ കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശമനുസരിച്ച് അവിടെ വിളിച്ചെങ്കിൽ സ്വാഭാവികമായും ശ്രീമതി ജോതിവെങ്കിടചെല്ലത്തോട് ഞങ്ങൾക്ക് പരിഭവിക്കേണ്ട കാര്യമില്ല. സഹതാപം മാത്രമേ തോന്നുന്നുള്ളു. 25-ാംതു മലമ്പുഴയിൽ ശ്രീമതി ജോതിവെങ്കിടചെല്ലം ക്യാമ്പുചെയ്തപ്പോഴും കോൺഗ്രസ് നിയമസഭാ പാർട്ടിയിലെ ചില അംഗങ്ങളും, ഞാൻ അടക്കമുള്ള അംഗങ്ങളും അവരെ പോയി കണ്ടിരുന്നു. 71 പേരുടെ പിൻതുണ ശ്രീ. കരുണാകരന് ഉണ്ടെന്ന് വ്യക്തമായി രേഖാമൂലം ബോദ്ധ്യപ്പെടാത്തിടത്തോളം കാലം ഇവിടെ ഒരു ഗവൺമെൻറ് രൂപീകരിക്കാൻ ഞാൻ ആരേയും ക്ഷണിക്കുകയില്ല എന്നാണ് അവർ ഞങ്ങളോടു പറഞ്ഞത്. ഞങ്ങളോട് പറഞ്ഞത് മുഖവിലയ്ക്ക് എടുത്താലും പത്രങ്ങളിൽ അവർ ഇറക്കിയിട്ടുള്ള പ്രസ്താവന നോക്കിയാലും മറ്റു കക്ഷികളോട് അവർ വ്യക്തമാക്കിയിട്ടുള്ള നിലപാട് എടുത്താലും കേന്ദ്ര ഗവൺമെൻറിന്റെ രാഷ്ട്രീയ സമ്മർദ്ദവും കേന്ദ്ര ഗവൺമെൻറ് ആസ്സാമിൽ കാണിച്ചതുപോലുള്ള ജനാധിപത്യവിരുദ്ധമായ രാഷ്ട്രീയ സമ്മർദ്ദങ്ങൾക്കു വഴങ്ങിയാണ് നിയമസഭയിൽ ഭൂരിപക്ഷം ഒരു കാരണവശാലും തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ശ്രീ. കരുണാകരന് കഴിഞ്ഞ ഒരു മാസക്കാലമായി ഈ സംസ്ഥാനത്ത് മുഖ്യമന്ത്രിയായി അധികാരത്തിലിരിക്കാൻ, ഈ നിയമസഭയിൽ ഭൂരിപക്ഷം ആർജ്ജിച്ചിട്ടില്ലാത്ത 8 മന്ത്രിമാർക്ക് കഴിഞ്ഞ ഒരു മാസക്കാലമായി ഈ സംസ്ഥാനത്ത് നിയമവിരുദ്ധ ഭരണം നടത്താനുള്ള ഒരു സാഹചര്യം ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുന്നത്. കേരള ഗവർണ്ണർക്ക് ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം അതിൽ അശേഷമെങ്കിലും അവരുടെ കഴിഞ്ഞകാല രാഷ്ട്രീയവും പാരമ്പര്യവും രാഷ്ട്രീയ നിലപാടും ഇന്നും നിലനിൽക്കുന്നു എങ്കിൽ ഇന്ദിരാ കോൺഗ്രസ്സിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും സമ്മർദ്ദത്തിനും ഭീഷണിക്കും വഴങ്ങി കേരളം പോലുള്ള വളരെ ജനാധിപത്യ വിശ്വാസമുള്ള ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇനിയും സംസ്ഥാന ഗവർണ്ണറായി തുടരുന്നതിന് അവർക്ക് അർഹതയില്ല. അവർ രാജിവച്ച് പോകണം. ഈ കാര്യത്തെക്കുറിച്ച് കൂടുതൽ വിശദമായി സംസാരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഈ സംസ്ഥാനത്തിലെ, ഇൻഡ്യയിലെ ദേശീയ രാഷ്ട്രീയ കക്ഷികളുടെ ഉറച്ച തീരുമാനവും പ്രഖ്യാപനവും ഇന്നും ഉള്ളതുകൊണ്ട് ഈ സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റിന് നിയമസഭയിൽ ഭൂരിപക്ഷമില്ല. ജനതാ പാർട്ടിയാകട്ടെ, എൻ. ഡി എഫിൽ ഇടതു പാർട്ടികളായിട്ടുള്ള രാഷ്ട്രീയ കക്ഷികളാകട്ടെ, സംസ്ഥാന കമ്മിറ്റികളായാലും അവരുടെ അഖിലേന്ത്യാ കമ്മിറ്റികളായാലും അവർ നടത്തിയിട്ടുള്ള ദേശീയ രാഷ്ട്രീയ പ്രഖ്യാപനങ്ങൾ അനുസരിച്ച് ഇന്ദിരാ കോൺഗ്രസ്സിന്റെ പങ്കാളിത്തമോ, ഇന്ദിരാ കോൺഗ്രസ്സിന്റെ നേതൃത്വമോ ഉള്ള ഒരു മുന്നണിയിൽ പങ്കുചേരാൻ അവർ സന്നദ്ധരല്ലെന്നു പ്രഖ്യാപിച്ചാൽ ഏതെങ്കിലും ആളുകളെ മാക്കിട്ട് ഏതെങ്കിലും നിലയ്ക്ക് അവരെ സ്വാധീനിച്ച് ഏതെങ്കിലും തരത്തിൽ 67 പേരെയെങ്കിലും പടച്ചുണ്ടാക്കിയെങ്കിൽ അതു പൂർണ്ണമായി കേരളം കണ്ടിട്ടുള്ള ഏറ്റവും വലിയ ഏറ്റവും മോശപ്പെട്ട കാലുമാറ്റത്തിന്റെയും കൂറുമാറ്റത്തിന്റെയും ചാക്കിട്ടു പിടിത്തത്തിന്റെയും സ്വാധീനിപ്പിക്കലിന്റെയും തെളിവായി ഈ കഴിഞ്ഞ ഒരു മാസക്കാലത്തെ ഭരണംകൊണ്ട് കേരളം ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങൾക്കു മുമ്പിൽ ഇൻഡ്യയിലെ ജനാധിപത്യ വിശ്വാസികൾക്ക് മുമ്പിൽ ഒരു ചോദ്യ ചിഹ്നമായി ഒരു അപമാനമായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ശ്രീ. കരുണാകരൻ എഴുന്നേറ്റപ്പോൾ ഈ ഗവൺമെന്റ് അവിശ്വാസപ്രമേയത്തിന്റെ വോട്ടെടുപ്പിന്റെ ഫലം നോക്കാതെ തന്നെ ഞാൻ രാജിവയ്ക്കുന്നു എന്ന് അദ്ദേഹം പറയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. അദ്ദേഹം പഴയ കോൺഗ്രസ്സിന്റെ പാരമ്പര്യം അവകാശപ്പെടുന്ന ആളാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെക്കുറിച്ച് എനിക്കും പഴയ കോൺഗ്രസ്സുകാരായ അപ്പുറത്തിരിക്കുന്ന പല സുഹൃത്തുക്കൾക്കും അറിയാം.

കഴിഞ്ഞ മുപ്പതുകൊല്ലം ഈ രാജ്യം ഭരിച്ചിട്ടും ഈ രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും ജീവിതപ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും ഒരുകാര്യമെങ്കിലും നാം അഭിമാനത്തോടുകൂടി സ്മരിക്കാറുണ്ട്. ലോകം കണ്ട ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇൻഡ്യ. ജനാധിപത്യ സംഘടനാ സംവിധാനത്തിൽ ഒരുപക്ഷേ ലോകത്തിൽ ഏറ്റവും വലിയ പ്രസക്തി, ലോകത്തിൽ ഏറ്റവും വലിയ സ്ഥാനമുള്ള രാജ്യമാണ് ഇൻഡ്യ. അത് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ രാഷ്ട്രീയ പ്രമാണത്തിന്റെയും അടിസ്ഥാന രാഷ്ട്രീയ പ്രമാണത്തിന്റെയും രാഷ്ട്രീയ പൈതൃകത്തിന്റെയും പര്യായമായി നാം കൊട്ടിഘോഷിക്കാറുണ്ട്. പക്ഷേ ഇന്നെന്താണ് സാർ നടക്കുന്നത്. നിയമസഭയിൽ ഭൂരിപക്ഷം ഇല്ലാത്തയാളെ മുഖ്യമന്ത്രിയായി മുഖ്യമന്ത്രി കസേരയിൽ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അധികാരത്തിൽ പിടിച്ചിരുത്തിയിരിക്കുന്നു. ഭൂരിപക്ഷമുള്ള ആളെ മുഖ്യമന്ത്രി സ്ഥാനത്തേയ്ക്ക് സത്യപ്രതിജ്ഞ ചെയ്യിക്കാൻ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അവർ ശ്രമിച്ചിട്ടും അനുവാദം കൊടുക്കാതെ പൂർണ്ണമായും അത് തള്ളിക്കളയുന്ന സ്ഥിതിയുണ്ടാക്കി കാലുമാറ്റക്കാരേയും കൂറുമാറ്റക്കാരേയും പ്രോൽസാഹിപ്പിച്ചുകൊണ്ട് മന്ത്രിമാരാക്കിയും മറ്റു രീതിയിലും ഓരോ ഭരണരംഗത്ത് സ്വാധീനത്തിൽ കൊണ്ടുവന്ന് ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയ സംസ്കാരത്തേയും ഇൻഡ്യയിൽ കഴിഞ്ഞ 30 കൊല്ലക്കാലം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ഇൻഡ്യൻ നാഷണൽ കോൺഗ്രസും അനുവർത്തിച്ചുപോന്നിട്ടുള്ള എല്ലാ രാഷ്ട്രീയ സമീപനത്തേയും പൂർണ്ണമായി തകർക്കുന്ന രാഴ്ചകളാണ് കഴിഞ്ഞ കുറെ കാലങ്ങളായി കണ്ടുവരുന്നത്. ഇന്ന ഇൻഡ്യഭരിക്കുന്ന കക്ഷിയുടെ നേതാവായ ഇന്ദിരാഗാന്ധിപോലും ഒരു രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ ആ രാഷ്ട്രീയ പാർട്ടിയിലെ ജനാധിപത്യ സംഘടനാവകാശങ്ങളേയും, സൗകര്യങ്ങളേയും അത് എത്രമാത്രം ഉണ്ടായിരുന്നിട്ടും അവയൊന്നും ഉപയോഗപ്പെടുത്താതെ പാർട്ടിയുടെ നേതൃത്വത്തിൽ പുതിയ പാർട്ടി ആവിഷ്കരിക്കാതെ ആ പാർട്ടിയെ സംഘടിതമാക്കുന്നതിനുവേണ്ടി സമാന മനസ്കതയുടെ ഒരു ചർച്ചായോഗം എന്ന നിലയിൽ 1978 ജനുവരിമാസം ഒന്ന്, രണ്ട് തീയതികളിൽ ഡൽഹിയിൽ വിളിച്ചുകൂട്ടി. ആവിളിച്ചുകൂട്ടിയ യോഗം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഭരണ ഘടനയുടെ, എല്ലാ മൂല്യങ്ങളേയും എല്ലാ വകുപ്പുകളേയും അതിലംഘിച്ചുകൊണ്ട് സ്വന്തം പാർട്ടി ഉണ്ടാക്കി അവർ മാറിപ്പോയെങ്കിൽ ആ ഇന്ദിരാഗാന്ധിനേതൃത്വം കൊടുക്കുന്ന രാഷ്ട്രീയകക്ഷി ഇന്ന് ഇൻഡ്യയിലെ വലിയകക്ഷിയായിപ്പോയി എന്നുള്ളതുകൊണ്ട് സ്വാഭാവികമായും ഞങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലങ്ങളിൽ എടുത്തിട്ടുള്ള തീരുമാനങ്ങളിൽ നിന്ന് വ്യതിചലിക്കാൻ ഒരു കാരണവും കാണുന്നില്ല. 1980-ൽ ശ്രീമതി ഇന്ദിരാഗാന്ധി ഇൻഡ്യയിൽ അധികാരത്തിൽ വരുന്നതുവരെ ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഇന്ദിരാഗാന്ധിയും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ കേന്ദ്ര നേതൃത്വവും സംസ്ഥാനനേതൃത്വവും സ്വീകരിച്ചിട്ടുള്ള എല്ലാ ജനാധിപത്യ മര്യാദകളേയും ക്രമങ്ങളേയും പൂർണ്ണമായി തട്ടിതെറിപ്പിച്ചണമാക്കിക്കൊണ്ടുള്ള ഒരു പ്രവർത്തനമാണ് ഇന്ന് ഇന്ദിരാകോൺഗ്രസ്സിമെൻറിനേയും ഇന്ദിരാഗവൺമെൻറിനേയും കേന്ദ്രഗവൺമെൻറിനേയും സമ്മർദ്ദത്തിന്റെ ഫലമായി വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്നത്. അതുകൊണ്ടുതന്നെ ഒരു കോൺഗ്രസ്സുകാരനെന്ന നിലയിൽ കോൺഗ്രസ്സ് രാഷ്ട്രീയ സംസ്കാരം ഉൾക്കൊള്ളുന്ന ഒരു പ്രവർത്തകനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിനെ ഒരു നിമിഷം പോലും വച്ചുപൊറുപ്പിക്കാൻ സാദ്ധ്യമല്ല സർ. അതുകൊണ്ട് കോൺഗ്രസ്സിന്റെ പേരിൽ പഴയ കോൺഗ്രസ്കാരനായ ശ്രീ. കരുണാകരനോടു പഴയ കോൺഗ്രസ്സുകാരനായ ശ്രീ. ഉമ്മൻചാണ്ടിയോടു പഴയ എന്റെ സുഹൃത്തുക്കളായ ശ്രീ. കെ. എം. മാണിയോടും ശ്രീ. ജോസഫിനോടും ഞാൻ അഭ്യർത്ഥിക്കുന്നു, ഈ ഗവൺമെൻറിൽ നിന്ന് ഏതുനിമിഷം നങ്ങം പുറത്തുപോകുന്നുവോ അത്രയും നല്ലത്.

സർ, രാഷ്ട്രീയമായി പരിശോധിച്ചാൽ ധാർമ്മികമായി പരിശോധിച്ചാൽ 1980-ലെ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങം എന്താണ് വിധിയെഴുത്തു നടത്തിയിരുന്നത്. ആറാം നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചുള്ള ചർച്ചാവേളയിൽ ശ്രീ. ഉമ്മൻചാണ്ടി വളരെ വ്യക്തമായി പറഞ്ഞു, ഇന്ദിരാഗാന്ധിക്കെതിരായി, ഇന്ദിരാകോൺഗ്രസ്സിനെതിരായി ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയ സംസ്കാരത്തെ പിന്നിൽനിന്ന് കാരകൊണ്ടു കുത്തി പരിക്കേൽപ്പിച്ച ഇന്ദിരാഗാന്ധിക്കും ഇന്ദിരാകോൺഗ്രസ്സിനും എതിരായ വിധിയെഴുത്താണ് 1980-ലെ കേരള തെരഞ്ഞെടുപ്പിൽനടന്നതെന്ന്. അന്ന് സംസാരിച്ച ശ്രീ. തച്ചടി പ്രഭാകരനും അന്ന് സംസാരിച്ച ശ്രീ. വി. എം. സുധീരനും വളരെ ശക്തിയായിപ്പറഞ്ഞു കേരളത്തെ സംബന്ധിച്ചിടത്തോളം രണ്ട് ചോദ്യമേ ഉണ്ടായിരുന്നുള്ളു. അതായത് ഇന്ദിരാഗാന്ധിക്ക് അനുകൂലമായ രാഷ്ട്രീയ നിലപാട് എടുക്കണമോ

LIBRARY ARCHIVES Kerala Legislative Assembly

അതോ ഇന്ദിരാഗാന്ധിക്ക് എതിരായ രാഷ്ട്രീയ നിലപാട് എടുക്കണമോ എന്നുള്ളതാണ്. കേരളത്തിലെ ജനങ്ങളും വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വിജയിപ്പിച്ചു. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട് ഏതാനും ആഴ്ചകൾക്കുള്ളിൽ കാസർകോടു മുതൽ പാറശാലവരെ, എന്തിനേറെ വയനാട് മലകയറാൻ പോലും കയറിയിറങ്ങി അവർ വോട്ടു ചോദിച്ചു. പ്രധാനമന്ത്രി എന്ന നിലയിൽ താൻ തെരഞ്ഞെടുക്കപ്പെട്ടു വീണ്ടും അധികാരത്തിൽ വന്നത് തന്റെ പ്രമാണിത്വവും തന്റെ പ്രാമുഖ്യവും വളരെ വലുതായ ആ ഒരു ഘട്ടത്തിൽ കേരളത്തിന്റെ വിവിധ കോണുകളിൽ 10,24 പ്രദേശങ്ങളിൽ അവർ സംസാരിച്ചു. എല്ലാ പ്രദേശങ്ങളിലും അവർ ചുറ്റി സഞ്ചരിച്ചു. വയനാടൻ മലകയറാൻപോലും കയറിയിറങ്ങി ജനങ്ങളോടു പറഞ്ഞു. ഇത് എന്റെ അഭിമാനത്തിന്റെ പ്രശ്നമാണ് ഇൻഡ്യയിൽ ഞാൻ ജയിച്ചിരിക്കുന്നു.ജനതാ പാർട്ടിയെ തോൽപ്പിച്ചിരിക്കുന്നു കേരളത്തിലെ ജനങ്ങളും, എനിക്കു അനുകൂലമായ ഇൻഡ്യയിലെ തെരഞ്ഞെടുപ്പ് വിധി കാണണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഞാനും ഇവിടത്തെ ഇടതുപക്ഷ മുന്നണിയും തമ്മിലുള്ള മൽസരത്തിൽ, ഞാനും എനിക്കെതിരായുള്ള ശത്രുക്കളും തമ്മിലുള്ള പോരാട്ടത്തിൽ തന്നെ സഹായിക്കണമെന്നും തന്നെവിജയിപ്പിക്കണമെന്നും ശ്രീമതി ഇന്ദിരാഗാന്ധി, ഇൻഡ്യൻ പ്രധാനമന്ത്രി കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പു വേളയിൽ അങ്ങോളമിങ്ങോളം പ്രസംഗിച്ചു നടന്നു.

സർ, ഒരു രാഷ്ട്രീയപാർട്ടിയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്. 1978-ൽ കേരളത്തിലെ പത്തു രണ്ടായിരം കോൺഗ്രസ്സുകാർ ഒന്നിച്ചുചേർന്ന് മണിക്കൂറുകളോളം ഇൻഡ്യയിലെ രാഷ്ട്രീയത്തെക്കുറിച്ച് അപഗ്രഥനം, വിശകലനം നടത്തുകയുണ്ടായി. ഞങ്ങളുടെ വിശകലനത്തിൽ ഒന്നു കാണാൻ കഴിഞ്ഞു. ഇന്ദിരാഗാന്ധി 1978-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ പിന്നിൽനിന്ന് കാറാകൊണ്ട് കുത്തി ആ പാർട്ടിയെ തകർത്തു പുറത്തു പോയിരിക്കുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനുണ്ടായ ക്ഷീണം. ഇന്ദിരാഗാന്ധിക്കും അതുപോലെതന്നെ ആർ എസ്. എസ്. നെ പോലുള്ള വർഗ്ഗീയ ശക്തികൾക്കും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനു പകരം ഇൻഡ്യൻ മണ്ണിൽ അധികാരത്തിലെത്താനുള്ള ചവിട്ടുപടിയായി മാറിപ്പോയിരിക്കുന്നു. ഇൻഡ്യയിലെ വലിയൊരു ശതമാനം ജനത്തെ കോൺഗ്രസ്സ് രാഷ്ട്രീയാടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് വ്യതിചലിപ്പിച്ചുകൊണ്ട് ഇന്ദിരാഗാന്ധിയുടെ വ്യക്തിപരമായ ആകർഷണ വലയത്തിലേക്ക് ആകർഷിച്ചെടുക്കാൻ ഇന്ദിരാഗാന്ധിക്ക് കഴിഞ്ഞിരുന്നു. നമുക്കറിയാം സർ, കേരളത്തിലായാലും ഇൻഡ്യയിലായാലും നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഇന്നും ഫ്യൂഡലിസത്തിന്റെ അവശിഷ്ടങ്ങൾ ബാക്കി നിൽക്കുന്നു. വ്യക്തി ആരാധനയും വ്യക്തിയോടുള്ള ബഹുമാനവും എത്രമാത്രം ഉയർത്തി പിടിക്കുന്നുവോ അതിന് വിധേയത്വം കാണിക്കുന്ന സാമൂഹിക സാമ്പത്തിക ത്രയം നിലനിൽക്കുകയാണ്. ആ സാമൂഹ്യ സാമ്പത്തിക തത്വശാസ്ത്രത്തിനെതിരായ അഭിപ്രായഗതിയെ പൊരുതായിക്കാണുകയും വ്യക്തിയോടുള്ള കൂറും വ്യക്തിയോടുള്ള ആഭിമുഖ്യവും വീരാരാധനയും നിലനിൽക്കുകയും ചെയ്യുന്ന ഇൻഡ്യയിൽ നമ്മുടെ പാരമ്പര്യം കൊണ്ടാകാം, ഇന്ദിരാഗാന്ധിയെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ വീരാരാധന വളർത്തിയെടുത്ത് പ്രധാന പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ തിരിച്ചു വിട്ട് ഒരു വിഭാഗം ജനങ്ങളുടെ ഭൂരിപക്ഷം വിളിച്ചുകൂട്ടാൻ അവർക്ക് കഴിഞ്ഞിരിക്കണം. കോൺഗ്രസ്സുകാരായ ഞങ്ങളെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യസമരം നടത്തിയതും കഴിഞ്ഞ 3 കൊല്ലം ഭരിച്ചതും ജനാധിപത്യം ഈ മണ്ണിൽ പച്ചപിടിപ്പിക്കാനാണ്. അത് ഈ മണ്ണിൽ ഒരിക്കലും തകർന്നുപോകാതി

LIBRARY ARCHIVES Kerala Legislative Assembly

രിക്കാൻ ആണ്. ശ്രീമതി ഇന്ദിരാഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പേര് കളങ്കപ്പെടുത്തിക്കൊണ്ട് വ്യക്തിപരമായി ജനങ്ങളെ സ്വാധീനിച്ചുകൊണ്ട് ജനാധിപത്യത്തെ തന്നെ കൊല ചെയ്യുന്നതിനുള്ള നടപടികളുമായി നീങ്ങിയപ്പോഴും ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശത്രു ഇന്ദിരാഗാന്ധിയാണെന്നതുകൊണ്ട് പ്രാണവായുപോലെ പ്രധാനമാണ് ജനാധിപത്യമെന്ന് വിശ്വസിക്കുന്ന കോൺഗ്രസ്സുകാർ ഇന്ദിരാകോൺഗ്രസ്സിനെ ജീവൻ കൊടുത്തും പൊരുതി തോൽപ്പിക്കുവാൻ തീരുമാനിച്ചു. 1978 ഏപ്രിൽ മാസത്തിൽ പത്ത് രണ്ടായിരം കോൺഗ്രസ്സുകാർ ചേർന്ന് എടുത്ത നിഗമനവും നിലപാടും അതാണ്, അതിന്റെ അടിസ്ഥാനത്തിൽ ബാംഗ്ളൂർ സമ്മേളനവും ഡൽഹി ഇൻഡോർ സ്റ്റഡിയത്തിൽ മേയ് മാസത്തിൽ നടന്ന അഖിലേന്ത്യാ സമ്മേളനവും കേരളത്തിലെ കോൺഗ്രസ്സിന്റെ വിലയിരുത്തൽ അംഗീകരിക്കുകയുണ്ടായി. ആ വിലയിരുത്തൽ അടിസ്ഥാനപരമായി സ്വീകരിച്ചുകൊണ്ടാണ് 1980-ലെ തെരഞ്ഞെടുപ്പിൽ ഇന്ദിരാകോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ, ഇന്ദിരാഗാന്ധിയേയും ഇന്ദിരാഗാന്ധി മുന്നോട്ടുവച്ചിട്ടുള്ള രാഷ്ട്രീയേതര വ്യക്ത്യാധിപത്യ വംശാധിപത്യ കുടുംബ പരമ്പര്യം വച്ചുപുലർത്തുന്നതിനുള്ള നടപടികളേയും പരാജയപ്പെടുത്താൻ തീരുമാനിച്ചത്. ഒരുപക്ഷേ അന്നുവരെ പലപ്പോഴും ഏറ്റുമുട്ടിയിട്ടുള്ള അന്നുവരെ പല കാരണങ്ങളാലും വ്യത്യസ്ത അഭിപ്രായം വച്ചുപുലർത്തിയിട്ടുള്ള, അന്നുവരെ വ്യത്യസ്ത നിലപാട് എടുത്തിട്ടുള്ള രാഷ്ട്രീയ കക്ഷികളുമായി ചേർന്നുപോലും പൊരുതി തോൽപ്പിക്കേണ്ട ഒരു രാഷ്ട്രീയ ശക്തിയാണ് ഇന്ദിരാകോൺഗ്രസ്സ് എന്ന് അന്ന് തീരുമാനിക്കാൻ ഇടയായത് അങ്ങനെയാണ്.

ശ്രീമാൻ ഉമ്മൻ ചാണ്ടി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇവിടെ പറഞ്ഞുസർ, "പ്രാദേശികമായി എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാലും ഒരു കോൺഗ്രസ്സുകാരനെ സംബന്ധിച്ചിടത്തോളം അവൻ രാഷ്ട്രീയമായിപൊരുതിതോൽപ്പിക്കേണ്ടത് ഇന്ദിരാകോൺഗ്രസിനെയാണെന്നുള്ളതുകൊണ്ട് പ്രാദേശിക അഭിപ്രായ വ്യത്യാസം മാറിവച്ചും കേരളത്തിൽ ഇൻഡ്യയിൽ ഞങ്ങൾ ഇന്ദിരാകോൺഗ്രസ്സിനെ തോൽപ്പിക്കുവാൻവേണ്ടി, ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ഉറച്ചു നിൽക്കും." കഴിഞ്ഞ നിയമസഭയുടെ പ്രഥമ സമ്മേളനത്തിൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചുള്ള ചർച്ചയിൽ ഇടപെട്ടുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി കോൺഗ്രസ്സ് കക്ഷിക്കു വേണ്ടി, കോൺഗ്രസ്സുകാർക്കുവേണ്ടിയാണ് ഈ പ്രസംഗം ഇവിടെ ചെയ്തത്. ശ്രീ. ഉമ്മൻചാണ്ടി അടക്കമുള്ള ആളുകൾ 1978-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി വാദിച്ചപ്പോഴും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന രാഷ്ട്രീയ സങ്കല്പത്തിൽ ഏതൊക്കെ കക്ഷികൾ എന്നു പറഞ്ഞില്ലെങ്കിലും ഇന്ദിരാകോൺഗ്രസ്സിനെ തോല്പിക്കാൻ ആർ. എസ്. എസ്.നെ തോല്പിക്കാൻ കൂട്ടുചേരാവുന്ന എല്ലാവരോടും കൂട്ടുചേർന്നുകൊണ്ട് ഇത്തരത്തിലൊരു സംവിധാനം ഉണ്ടാക്കണമെന്ന് പറഞ്ഞപ്പോഴും ദഹിക്കാത്ത അല്പസ്വല്പം ആളുകൾ ഉണ്ടായിരുന്നു. അതുകൊണ്ട് പാർട്ടിയിൽനിന്ന് രാജിവച്ച് പോയവർ ഉണ്ട്. ഭരണത്തിൽ ആയതുകൊണ്ട് ഒരുപക്ഷേ ജയിക്കാൻ എളുപ്പവഴി ഇതാണെന്നുള്ളതുകൊണ്ട് ആ തത്വശാസ്ത്രം ദഹിച്ചില്ലെങ്കിൽ അതുൾക്കൊള്ളാൻകഴിയാത്ത ചിലരൊക്കെ ഈ പാർട്ടിയിൽ നിന്നിരുന്നു എന്നുള്ളത് ശരിയാണ്. ഒരു ജനാധിപത്യ പാർട്ടിയെന്ന നിലയിൽ വ്യത്യസ്ത അഭിപ്രായം വച്ചുപുലർത്തിയാൽ പോലും ഒരു തീരുമാനം സംഘടനാപരമായി എടുത്താൽ സംഘടനാതീരുമാനം അംഗീകരിച്ചുകൊണ്ടുതന്നെ പാർട്ടിക്കുള്ളിൽ തന്റെ വ്യക്തിപരമായ അഭിപ്രായം വ്യാപിപ്പിക്കാനും പ്രചരിപ്പിക്കാനുംപാർട്ടിയെക്കൊണ്ട് അംഗീകരിപ്പിക്കാനും ശ്രമിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു പാരമ്പര്യം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ ഉണ്ടായിരുന്നു. എറണാകുളത്തുവച്ച് തീരുമാനം എടുത്തപ്പോഴും അതിൽ വിശ്വസിക്കാത്ത ഒരു വിഭാഗം ആളുകളുണ്ട്. എറണാകുളത്തുവച്ച് തീരുമാനമെടുത്തപ്പോഴും യാതൊരു കാരണവശാലും അംഗീകരിക്കുകയില്ലെന്നു വാശിപിടിച്ച ചില ആളുകളുണ്ട്. ഈ തീരുമാനം കേരളത്തെ സംബന്ധിച്ചിടത്തോളം സാമൂഹ്യമായ രാഷ്ട്രീയ സങ്കേതങ്ങളെ, പിൻതിരിപ്പൻ രാഷ്ട്രീയ സങ്കേതങ്ങളെ, ഈ സംസ്ഥാനത്തിലെ സ്ഥാപിത താൽപര്യക്കാർക്ക് പിൻതുണ കൊടുക്കുന്ന ചില സങ്കേതങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ദിരാകോൺഗ്രസ്സിന്റെ പരാജയം മാത്രമല്ല അവരുടെ താൽപര്യത്തിനെതിരായ ഒരു പുതിയ വെല്ലുവിളിയാണ് കേരളത്തിൽ ഉയർന്നുവന്നിട്ടുള്ള ഇടതുപക്ഷജനാധിപത്യ മുന്നണി. ഈ വെല്ലുവിളി ദേശവ്യാപകമായി വളർന്ന് പന്തലിച്ചാൽ സ്വാഭാവികമായും ഇൻഡ്യയിൽ ഇന്ന് നിലനിൽക്കുന്ന സ്ഥാപിത താൽപര്യത്തിനും കുത്തകവ്യവസായത്തിനും കുത്തക താൽപര്യത്തിനും എതിരായ ഒരു വലിയ സ്വാതന്ത്ര്യസമരമായി, ഒരു വലിയ ഇതിഹാസമായി ഇതു മാറുമെന്നുള്ളതുകൊണ്ട് സംഘടനയ്ക്കകത്ത് നിന്നുകൊണ്ട് തന്നെ ഒരു ജനാധിപത്യ പാർട്ടിയെന്നുള്ള നിലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ എതിർക്കാൻ ഒരു വിഭാഗം ആളുകളും ഉണ്ടായിരുന്നു, അത് ഞാൻ ഇവിടെ വ്യക്തമാക്കേണ്ട കാര്യമില്ല.

അതേസമയംതന്നെ 1978 മുതൽ തുടർച്ചയായി ഇൻഡ്യയിൽ നടക്കുന്ന എല്ലാ രാഷ്ട്രീയപ്രശ്നങ്ങളിലും ഇന്ദിരാകോൺഗ്രസ്സിന്റെ നിലപാട് ഞങ്ങളും വിമർശിച്ചിട്ടുണ്ട്. ഒരു രാഷ്ട്രീയപാർട്ടിക്കും ഏറ്റവും അഭികാമ്യമായ മുഖ്യമന്ത്രിപദം ശ്രീമാൻ ആൻറണി രാജിവച്ചപ്പോഴും പോലും ഞങ്ങളും അദ്ദേഹത്തിന്റെ നിലപാടിനെ അംഗീകരിക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രിപദം എന്ന പദവി ഇന്ദിരാഗാന്ധിക്ക് ചിക്കമഗളൂരിലെ തിരഞ്ഞെടുപ്പിനെ വളഞ്ഞ വഴിയിലെങ്കിലും സഹായിച്ചേക്കുമോ എന്നുള്ള സംശയത്തിന്റെ അടിസ്ഥാനത്തിലാണ് ആ സ്ഥാനം രാജിവച്ചത്. ഈ സംസ്ഥാനത്തിലെ കോൺഗ്രസ്സുകാരുടെ ഇന്ദിരാവിരുദ്ധവികാരം, ഇന്ദിരാരാഷ്ട്രീയത്തോടുള്ള വൈരാഗ്യം കേന്ദ്രനേതൃത്വത്തെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് പാർട്ടിയോടു ചോദിക്കാതെയും പ്രവർത്തകരോടാലോചിക്കാതെയും മുഖ്യമന്ത്രിസ്ഥാനം രാജിവച്ചത്. എന്നിട്ടുപോലും ഈ സംസ്ഥാനത്തിലെ മുഴുവൻ കോൺഗ്രസ്സുകാരും ആൻറണിയുടെ നിലപാടിനെ അംഗീകരിച്ചുകൊണ്ട് ബഹുമാനത്തോടും ആവേശത്തോടുംകൂടി ഇൻഡ്യ കണ്ടിട്ടുള്ള, ജനാധിപത്യം കണ്ടിട്ടുള്ള ഏറ്റവും മഹത്വമേറിയ ഒരുകാര്യമായി വിശേഷിപ്പിക്കുകയാണ് ചെയ്തത്. ശ്രീ. ജയപ്രകാശ് നാരായണൻ ശ്രീ. ചന്ദ്രശേഖറിനെഴുതിയ കത്താണ് ഞാനിപ്പോൾ ഓർത്തുപോകുന്നത്. "ജനാധിപത്യത്തിനുവേണ്ടിവാദിക്കുന്ന ആൻറണിയെപ്പോലെയുള്ള ആളുകളുടെ നടപടികാണുമ്പോഴും ഞാൻ കൂടുതൽ നിരാശനാകുന്നില്ല. എന്നാണദ്ദേഹം പറഞ്ഞത്. സർ, ഡൽഹിയിൽ കേന്ദ്രഗവൺമെൻറിന്റെ ഒരു ഭരണസ്തംഭനം ഉണ്ടായപ്പോഴും, പ്രസിഡൻറുഭരണത്തിനു സാദ്ധ്യതയില്ല എന്നു വന്നപ്പോഴും, ചരൺസിംഗിന്റെ നേതൃത്വത്തിൽ ഒരു ഗവൺമെൻറുണ്ടാകും എന്നുവന്നപ്പോഴും, ഇന്ദിരാകോൺഗ്രസ്സിന്റെ പരോക്ഷമായ പിന്തുണ കേന്ദ്രകോൺഗ്രസ്സ് നേതൃത്വം സ്വീകരിക്കുന്നു എന്നുവന്നപ്പോഴും ഉമ്മൻ ചാണ്ടിയും ഞാനും അടക്കമുള്ള കേരളഘടകം ഒന്നിച്ചുനിന്നു; ഒറ്റക്കെട്ടായി നിന്നു. എന്തുവന്നാലും ശരി ഇന്ദിരാഗാന്ധിയുടെ പരോക്ഷമായ സഹായത്താലുണ്ടാകുന്ന കേന്ദ്രഗവൺമെൻറിന്റെ കോൺഗ്രസ്സിനോടുപോലും ചേരാൻ പാടില്ലെന്നുപറഞ്ഞ് ഒറ്റക്കെട്ടായനിലപാടെടുത്തവരാണ് ഞങ്ങളും. ഒരുവിഭാഗം കോൺഗ്രസ്സുകാർ മറിച്ചുള്ള നിലപാടുസ്വീകരിച്ചിട്ടുണ്ട്. പക്ഷേ, കേരളത്തിൽ ശ്രീമാൻ ആൻറണിയടക്കമുള്ള കോൺഗ്രസ്സ് സംഘടന പരോക്ഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പോലും ഇന്ദിരാഗാന്ധിയുടെ പിന്തുണയോടുകൂടി ഒരിക്കുന്നതുശരിയല്ല എന്നുള്ള നിലപാടെടുത്തവരാണ്. മഹാരാഷ്ട്രയിൽ ഇന്ദിരാകോൺഗ്രസ്സും കോൺഗ്രസ്സും ചേർന്നുകൊണ്ട് ഒരു ഗവൺമെന്റുണ്ടാക്കാൻ ആലോചന നടന്നപ്പോഴും കേരളത്തിലെ കോൺഗ്രസ്സുകാർ ഒറ്റക്കെട്ടായിനിന്ന് അത് പാടില്ലെന്ന് എതിർത്തവരാണ്, ശാഠ്യംപിടിച്ചവരാണ്. ഇന്ദിരാകോൺഗ്രസിനോടുള്ളസമീപനത്തിൽഞങ്ങളുടെ പഴയസുഹൃത്തുക്കൾക്കുകഴിഞ്ഞ അഞ്ചാറുമാസക്കാലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യതിയാനത്തിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഒക്ടോബർമാസത്തിൽ ഒരു രാഷ്ട്രീയപ്രശ്നം ഉണ്ടാകാനും ഇത്തരത്തിലുള്ള ഒരു ഗവൺമെന്റ് ഇപ്പോഴും കേരളത്തിലുണ്ടാകാനും ഇടയായത് എന്നുള്ള കാര്യത്തിൽ സംശയമില്ല. 1981 ഒക്ടോബർ 14, 15 തീയതികളിൽ ഞങ്ങളും വേളിയിൽ കൂടുകയുണ്ടായി. കെ.പി. സി.സി. എക്സിക്യൂട്ടീവിന്റെ തീരുമാനം ഈ സംസ്ഥാനത്തെ ഭരണമാറ്റത്തിനും രാഷ്ട്രീയബന്ധങ്ങൾക്കും ദൈനംദിനജീവിതത്തിനും ഒക്കെ സാരമായ മാറ്റമാണുണ്ടാക്കിയതെങ്കിൽ ഒരുകാര്യം ഞാൻ എടുത്തുപറയാനാഗ്രഹിക്കുകയാണ്. ഒരു കാരണവശാലും ഇടതുപക്ഷജനാധിപത്യമുന്നണിയിൽനിന്ന് ഒരിക്കലും വിട്ടുപോകരുതെന്ന് ഞങ്ങളും കുറെ ആളുകളും അന്നു ശക്തിയായി വാദിച്ചു. സർ, പാർട്ടിയിൽ രഹസ്യമായിനടക്കുന്ന ചർച്ചകളും പോലും പരസ്യമായി പത്രത്തിൽവരുന്ന ഒരുപാർട്ടിയാണ് ഞങ്ങളുടേതെന്നുള്ളതുകൊണ്ട് ഈ രഹസ്യചർച്ചകളൊക്കെ അന്നു പത്രത്തിൽ വന്നതാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ടമെമ്പർഅടക്കമുള്ള ആളുകളും ഒക്ടോബർമാസത്തിൽ വേളിയിൽ കൂടിയപ്പോഴും ഇടതുപക്ഷ ജനാധിപത്യൈക്യം തകർത്തത് മാർക്സിസ്റ്റുകാരാണെന്നും മാർക്സിസ്റ്റുപാർട്ടിയുമായി ഒരു ജനാധിപത്യകക്ഷിക്കും മേലിൽ മുമ്പോട്ടുപോകാൻസാധ്യമല്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറടക്കമുള്ള മന്ത്രിമാർ രാജിവയ്ക്കണമെന്ന് തീരുമാനിക്കുകയുമല്ലേ ചെയ്തത്? ഞങ്ങുകൂടി ഉൾപ്പെട്ട് അന്ന് ഏകകണ്ഠമായ തീരുമാനമെടുത്തതിനുശേഷം ഇന്നെന്താണിങ്ങനെ പറയുന്നത്?

ശ്രീ. എ. സി. ഷൺമുഖദാസ് : കെ. പി. സി. സി. യോഗത്തിന്റെ മിനിട്സ് ഇപ്പോഴും എറണാകുളത്തെ ആഫീസിലുണ്ട്. ആഫീസ് ഇപ്പോഴും നിങ്ങളുടെ കൈവശമാണല്ലോ. ആ മിനിട്സ് ഒരാഴ്ചക്കാലം എന്റെ മുറിയിലും സൂക്ഷിച്ചതുകൊണ്ട് അതിന്റെ ഒരു കോപ്പി എന്റെ കൈവശവും ഉണ്ട്. അതുകൊണ്ട് ഞങ്ങൾ, പ്രത്യേകിച്ചും ആറു.എം.എൽ.എ. മാർ--രണ്ടുമന്ത്രിമാർ അടക്കം ആ എക്സിക്യൂട്ടീവിൽ എന്ത് നിലപാടാണ് സ്വീകരിച്ചതെന്നകാര്യം മിനിട്സിന്റെ കോപ്പി ഉള്ളിടത്തോളംകാലം നമ്മൾ തമ്മിൽ തർക്കിച്ചിട്ടുകാര്യമൊന്നുമില്ല. ഇടതുപക്ഷജനാധിപത്യമുന്നണിയിൽ നിന്നു വിട്ടുപോകാൻ കെ.പി.സി.സി. എക്സിക്യൂട്ടീവ് തീരുമാനിച്ചു. ശരിയാണ് സർ.

ശ്രീ. കെ. പി. വിശ്വനാഥൻ: തീരുമാനം ഏകകണ്ഠമായിരുന്നില്ലെന്നാണ് പറയുന്നത് ?

ശ്രീ എ. സി. ഷൺമുഖദാസ് : ഏകകണ്ഠമായിരുന്നില്ല, ന്യൂനപക്ഷമായിരുന്നു. ശ്രീ ആന്റണി പത്രസമ്മേളനത്തിൽ പറഞ്ഞു ഭൂരിപക്ഷതീരുമാനമാണെന്ന്.....(ബഹളം) പുറത്തുപോകാൻ തീരുമാനിച്ചപ്പോഴംഅന്ന് ഞങ്ങൾക്ക് ഉറപ്പുതന്നിരുന്നു. ആന്റണിയുടെയും ഉമ്മൻചാണ്ടിയുടെയുമൊക്കെ പ്രസംഗങ്ങൾ പത്രത്തിൽവന്നതാണ്. ആരോഗ്യപ്രതിപക്ഷമായിരിക്കുമെന്നാണ് പറഞ്ഞത്. കഴിഞ്ഞ പത്തു വർഷക്കാലമായി ഭരണകക്ഷിയായി ഇരുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ദൃഷ്യങ്ങളൊക്കെ ശരീരത്തിൽനിന്നും പൂർണ്ണമായി തുടച്ചുമാറ്റാൻ പ്രതിപക്ഷ കക്ഷിയായി ഇരിക്കുമെന്നാണന്ന് പറഞ്ഞത്. അധികാരത്തിന്റെ ശീതളച്ഛായ ഇല്ലാതെ ജീവിക്കാൻകഴിയാത്ത ഒരു പാർട്ടിയാണ് കോൺഗ്രസ്സ് പാർട്ടി എന്ന തായാട്ട് ശങ്കരന്റെ വാദത്തിനു മറുപടിപറയാൻ ഈ രാജ്യത്ത് പൊരുതി പ്രവർത്തിക്കുന്ന ഒരു പ്രതിപക്ഷരാഷ്ട്രീയകക്ഷിയായി വരുന്ന കുറെക്കാലം കേരളത്തിൽ പ്രവർത്തിക്കും എന്ന് പുത്തരിക്കണ്ടംമൈതാനിയിൽപ്രസിംഗിച്ചു. പത്രസമ്മേളനത്തിൽ പറഞ്ഞു. അതുപോലെതന്നെ കെ.പി.സി സി. എക്സി ക്യൂട്ടീവിന്റെ പ്രമേയത്തിലും വ്യക്തമാക്കിയിരുന്നു. ലീഡർപാഡ് കൈയിലി ല്ലാത്തതുകൊണ്ട് വെള്ളക്കടലാസിലാണ് ഞങ്ങൾ മന്ത്രിസ്ഥാനം രാജിവച്ചു കൊണ്ടുള്ള കത്തുകൊടുത്തത്. പാർട്ടിയെ ഒന്നിച്ചുകൊണ്ടുപോകാൻ, ഇടതു പക്ഷമുന്നണിയിൽനിന്നു വിട്ടാലും ഇന്ദിരാകോൺഗ്രസ്സിനെ പരാജയപ്പെടു ത്താനുള്ള സമരത്തിൽ ഇന്ദിരാകോൺഗ്രസ്സിനോടനുഭാവമുള്ള തച്ചടി അടക്ക മുള്ള ആളുകളെ ഒന്നിച്ചുകൊണ്ടുനടക്കാൻ കഴിയുമോ എന്നു പരിശോധിക്കാൻ വേണ്ടി ആണ് ഞങ്ങൾ രാജിവച്ചത്. നമുക്കൊന്നിച്ചുപ്രവർത്തിക്കാമെന്ന് അന്ന് ഞങ്ങൾക്കുറപ്പു നൽകിയതാണ്. ശ്രീമാൻ ഉമ്മൻചാണ്ടിപറഞ്ഞു 22 എം.എൽ.എ. മാരും അംഗീകരിക്കുന്ന തീരുമാനംമാത്രമേ നിയമസഭാപാർട്ടി എടുക്കാറുള്ളു എന്ന്. എന്നെക്കാണുമ്പോഴൊക്കെ അദ്ദേഹംപറയും ആര് തീരുമാനിച്ചാലുംശരി ഷൺമുഖദാസ് അംഗീകരിക്കുന്ന തീരുമാനത്തിനല്ലാതെ ഞാൻ ഇല്ല എന്ന്. 22 പേരും ഒന്നിച്ചുനിൽക്കാൻ അതേവഴിയുള്ളു. ഇതദ്ദേഹം ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. ശ്രീമാൻ ആൻറണി പറഞ്ഞു അഖിലേൻഡ്യാ കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റിയുടെ തീരുമാനം എന്തായാലും. കേരളത്തിലെ കോൺഗ്രസ്സ് അതംഗീകരിക്കും എന്ന്. ബോംബേയിലെ രാഷ്ട്രീയതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കോൺഗ്ര സ്സിന്റെ സംപൂർണ്ണസമ്മേളനത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്ദിരാകോൺഗ്രസ്സുമായി പ്രത്യക്ഷമായോ പരോക്ഷമായോ കൂട്ടുചേരാൻ പാടില്ല എന്നുകോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചപ്പോഴും ഭൂരി പക്ഷതീരുമാനത്തിനു വഴങ്ങുക എന്ന സാമാന്യമര്യാദ അംഗീകരിക്കാൻ ശ്രീമാൻ ആൻറണി തയ്യാറായിരുന്നെങ്കിൽ ഒരു സംശയവുംവേണ്ട കേരളത്തിൽ കോൺ ഗ്രസ്സ് രണ്ടാകുമായിരുന്നില്ല ഇന്ന് ഈ ഗവൺമെൻറ് ഉണ്ടാകുമായിരുന്നില്ല നമ്മൾ ഒന്നിച്ചിരിക്കുമായിരുന്നു; രണ്ടു ചേരിയിൽ ഇരിക്കുമായിരുന്നില്ല. ശ്രീമാൻ ആൻറണി സകല സംഘടനാ മര്യാദകളുംലംഘിച്ചു. ശ്രീമാൻ ആൻറണി ഡൽഹിയിൽ കാണിച്ച അച്ചടക്കലംഘനം വേളിയിൽ ഞങ്ങൾ കാണിച്ചിരുന്നെ ങ്കിൽ ബഹുമാനപ്പെട്ട കരുണാകരൻ ഇപ്പോഴും ഈ സ്ഥാനത്തിരിക്കുമായിരുന്നോ ശ്രീ നായനാർ ആ സ്ഥാനത്തിരിക്കുമായിരുന്നു. ഇടതുപക്ഷമുന്നണിയിൽ നിന്നു വിട്ടുപോകരുതെന്ന് വാദിച്ചിട്ടുപോലും ഒരു കോൺഗ്രസ്സുകാരൻ എന്നനിലയിൽ ഭൂരിപക്ഷതീരുമാനത്തിനു വഴങ്ങി അത് ഞങ്ങൾ ന്യായീകരിച്ചു. ഞാൻ കുറച്ചു കടത്തിപറയുകയാണ് സർ, ന്യായീകരിച്ചു ഇടതുപക്ഷമുന്നണി യിൽ നിന്നും വിട്ടുപോകാനുള്ള തീരുമാനത്തെ, പാർട്ടി തീരുമാനമെന്ന നില യിൽ, ആത്മാർത്ഥതയുള്ള പാർട്ടി പ്രവർത്തകൻ എന്നുള്ള നിലയിൽ ഹൈക്ക മാൻഡിന്റെ തീരുമാനത്തെ വർക്കിംഗ് കമ്മറ്റിയിൽ അംഗമായ ആൻറണി, കമ്മറ്റിയിൽ പങ്കെടുത്ത ആൻറണി തള്ളിപ്പറഞ്ഞുകൊണ്ട് പുറത്തുവന്ന് അച്ചട ക്കലംഘനം കാണിച്ചതിന്റെ ദുർഭഗസന്തതികളാണ് ഇപ്പോഴും ഈ സംസ്ഥാനം ഭരിക്കുന്നത്. എന്നിട്ടിപ്പോഴും ജനാധിപത്യത്തെക്കുറിച്ചും സംഘടനയെക്കു റിച്ചും കോൺഗ്രസ്സ് സംസ്ക്കാരത്തെക്കുറിച്ചുമെല്ലാംവീറോടെ വാദിക്കുന്നു. എന്താണ് കോൺഗ്രസ്സ് സംസ്ക്കാരം? പണ്ട് രാജാക്കൻമാർക്ക് ഈ രാജ്യത്ത് പിന്തുണയുണ്ടായിരുന്നു. തിരുവിതാംകൂർ രാജാവിനോട് ജനങ്ങൾക്കാർക്കെ ങ്കിലും വൈരാഗ്യമുണ്ടായിരുന്നോ? ഇല്ല. അന്ന് ഡർബാർ കൂടാറുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവുള്ളക്കേടുള്ള ഒരു കാര്യവും ആ ഡർബാറിൽ ചർച്ചചെയ്യാറില്ല. മന്ത്രി സഭകളും ചേരാറുണ്ട്. സഹപ്രവർത്തകർ കൂടാറുണ്ട്. പക്ഷേ തിരുവുള്ളക്കേടുള്ള ഒരു കാര്യവും ഡർബാറുകളിൽ ചർച്ചചെയ്യാറില്ല. രാജാധിപത്യവും വംശപാരമ്പര്യവുമൊക്കെ അവസാനിച്ച ഇൻഡ്യയിൽ 600 നാട്ടുരാജാക്കൻമാർക്ക് പകരം ഒരു നാട്ടുരാജാവ് ഉണ്ടാക്കുന്നതാണോ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയസംസ്ക്കാരം? സംഘടനാതിരഞ്ഞെടുപ്പിൽ മഹാത്മാഗാന്ധി സുഭാഷ്ചന്ദ്രബോസിനെതിരായി നിൽക്കുന്നു എന്നറിഞ്ഞിട്ടുപോലും വമ്പിച്ച ഭൂരിപക്ഷത്തോടെ സുഭാഷ്ചന്ദ്രബോസിനെ തിരഞ്ഞെടുത്ത ജനാധിപത്യപാരമ്പര്യമുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഇന്ന് ഇന്ദിരാഗാന്ധിയുടെ പേരുംപറഞ്ഞ് പിളർക്കുകയാണ്.

കോൺഗ്രസ് സംഘടനയുടെ ചരിത്രത്തിൽ ഒരുപക്ഷേ ഇൻഡ്യയിലെ ഏറ്റവും വലിയ വഞ്ചനയുടേയും ഏറ്റവും വലിയ കുതിരകാൽവെട്ടിന്റേയും ജനാധിപത്യവിരുദ്ധ മര്യാദയുടേയും പര്യായമായി എന്റെ സുഹൃത്ത് ശ്രീമാൻ ആൻറണിയും ശ്രീമാൻ ഉമ്മൻ ചാണ്ടിയും മാറിപ്പോയി എന്നു കാണുന്നതിൽ ഞാൻ ഖേദിക്കുകയാണ്. ഒരു സമയത്തെങ്കിലും നിങ്ങൾക്കത് ബോധ്യപ്പെടുമെന്ന് ഞാൻ അവരെ അറിയിക്കുകയാണ്. ഈ ഗവൺമെൻറുണ്ടായപ്പോൾ ഞങ്ങൾ പുറത്തുനിന്നു സഹായിക്കും, ഞങ്ങൾ അകത്തേക്കില്ല എന്നു നിങ്ങൾ പറഞ്ഞതും പുറത്തിരുന്നാലും നിങ്ങൾ അതു പൊളിക്കും അതുകൊണ്ട് അകത്തിരിക്കണമെന്ന് അകത്തിരുന്നവർ നിർബ്ബന്ധിച്ചതും മനമില്ലാമനസ്സോടെ നിങ്ങൾ അകത്തേയ്ക്ക് വന്നതും ഇത് ഇപ്പോഴും വികസിപ്പിക്കാൻ കഴിയാതെ പ്രവർത്തിക്കുന്നതും ഈ നാട്ടിൽ എല്ലാപേർക്കും അറിയാം. എല്ലാ കാലങ്ങളിലും മനുഷ്യൻ അപകടമേ ചെയ്യൂ, ദൈവമേ ചെയ്യൂ എന്ന കളകത്തിന്റെ ഉടമകളായി എത്രകാലം നിങ്ങൾക്ക് നിൽക്കാൻ കഴിയും? നിങ്ങൾ ഒഴുക്കിന് എതിരായി നീന്തുന്നോ എന്ന് ഞങ്ങളോട് ചോദിക്കുന്നു. നിങ്ങൾ ഭൂരിപക്ഷത്തിനെതിരായി നിൽക്കുന്നു. ഭരണമില്ലാതെ നിൽക്കാൻ കഴിയുമോ എന്ന് അടിസ്ഥാനപരമായി ചിന്തിക്കുന്ന ഒരു രാഷ്ട്രീയപ്പാർട്ടിക്ക് ചോദിക്കാൻ കഴിയുന്ന ഒരു ചോദ്യമാണോ സർ? ഞങ്ങൾ വേളിയിൽ നിന്ന് ഇറങ്ങിപ്പോകാൻ തീരുമാനിച്ചപ്പോൾ ഈ ചോദ്യം ചോദിച്ചിരുന്നുവെങ്കിൽ ഞങ്ങൾ അവിടെ നിൽക്കുമായിരുന്നു.

ഏതായാലും കഴിഞ്ഞ ഒരു മാസക്കാലമായി ഇവിടെ ഭരിക്കുന്നു. ഈ ഇടക്കാല ഗവൺമെൻറ് പടച്ചുണ്ടാക്കിയത്, ഞാൻ വിശ്വസിക്കുന്നു, ഉമ്മൻ ചാണ്ടിയും ആൻറണിയും ആണെന്നാണ്. 16 എം.എൽ. എ. മാരെ ഒന്നിച്ചു നിറുത്തണം. അതിന് എന്താണ് വഴി? ആഫീസുകൾ പിടിച്ചെടുക്കുകയാണ്. ജില്ലാ ഐ.എൻ.ടി.യു. സി. പ്രസിഡൻറും കെ.പി.സി.സി. ലേബർ ഓർഗനൈസേഷൻ കമ്മിറ്റി പ്രസിഡൻറുമായ ശ്രീ. സി.ജി. ജനാർദ്ദനനെ അറസ്റ്റു ചെയ്തു. കോടതി ഇന്നലെ പറഞ്ഞു, അധികാരദുർവ്വിനിയോഗമാണ്, അറസ്റ്റു ചെയ്തത് തെറ്റാണ് എന്ന്. ഈ പാർട്ടി പിളർന്നതിനുശേഷം സംസ്ഥാനവ്യാപകമായി അറസ്റ്റു നടക്കുകയാണ്. ഇന്നലെ ആറരിങ്ങലിൽ ഞങ്ങളുടെ സഹപ്രവർത്തകനെ അറസ്റ്റു ചെയ്തു. ഞങ്ങൾ പ്രസംഗിച്ചപ്പോൾ കൂവി. ഭരണഘടനാപരമായി നിയമപരമായി ധാർമ്മികമായി രാഷ്ട്രീയമായി കോൺഗ്രസിന്റെ സംസ്ക്കാരം വച്ചുകൊണ്ട് പരിശോധിച്ചാലും ഈ ഗവൺമെൻറിനു അധികാരത്തിൽ തുടരാൻ അവകാശമില്ലാത്ത കാര്യമാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ രാഷ്ട്രീയ സംസ്ക്കാരം അശേഷമെങ്കിലും മജ്ജയിലും മാംസത്തിലും ഉള്ള കോൺഗ്രസുകാരുടെ വികാരപ്രകടനമായി ഞാൻ ഈ പ്രമേയത്തെ കാണുന്നു. അപ്പുറത്തിരിക്കുന്നവരിൽ ആർക്കെങ്കിലും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ സംസ്ക്കാരം ഉണ്ടെങ്കിൽ അവിടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

Same Side goal അടി നാളെ നടക്കും. അപ്പുറത്തിരുന്ന് അവർക്കെതിരായി ഒരു ഗോളടിച്ചുകൊണ്ട് ഈ അവിശ്വാസപ്രമേയം വമ്പിച്ച ഭൂരിപക്ഷത്തോടെ പിന്താങ്ങി വിജയിപ്പിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു നിമിഷംപോലും ഇവിടെ ഭരിക്കാൻ അവകാശമില്ലാത്ത, ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെ പിളർത്ത, തകർത്ത ഇന്ദിരാഗാന്ധിയ്ക്കെതിരെയുള്ള രാഷ്ട്രീയ വെല്ലുവിളി എന്ന നിലയ്ക്ക് ഈ ഗവൺമെൻറിനെ പിടിച്ചു പുറത്താക്കാനും ഈ പ്രമേയത്തെ പിന്താങ്ങാനും ഞാൻ അഭ്യർത്ഥിക്കുന്നു. ഈ പ്രമേയം പാസ്സാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അവിശ്വാസപ്രമേയ ചർച്ചയ്ക്ക് ഓരോ പാർട്ടിയ്ക്കും താഴെ പറയും പ്രകാരം സമയം അനുവദിച്ചിരിക്കുന്നു.

Communist Party of India (M)	52
Indian National Congress (I)	26
Communist Party of India	26
Indian National Congress (S) Antony	25
Indian Union Muslim League	20
Kerala Congress	14
Kerala Congress (J)	9
Indian National Congress (S)	9
Revelutionary Socialist Party	8
All India Muslim League	8
National Democratic Party	4
Janatha Party (Chandrasekharan)	3
Janatha Party (Kamalam)	4

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, 'ജനതാപ്പാർട്ടി ചന്ദ്രശേഖരൻ', ഇല്ല. ജനതാപ്പാർട്ടി റക്കഗ്നൈസ് ചെയ്തിട്ടുള്ളത് എന്നെയാണ്. 'ജനതാപ്പാർട്ടി ചന്ദ്രശേഖരൻ' എന്നു പറയുന്നത് ഇലക്ഷൻ കമ്മീഷനെ ധിക്കരിക്കലായിരിക്കും. അത് ചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 'കോൺഗ്രസ് എസ്, ആൻറണി' എന്ന് അങ്ങ് പറഞ്ഞു. അതേപോലെ എന്തെങ്കിലും പറഞ്ഞുകൊള്ളൂ. എന്നെ സംബന്ധിച്ചിടത്തോളം 'ജനതാപ്പാർട്ടി ചന്ദ്രശേഖരൻ'..... ഇല്ല. ജനതാപ്പാർട്ടി മാത്രമേയുള്ളൂ.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇരിക്കണം. ഇന്നു വന്നതിനുശേഷമാണ് എൻറെ കൈയിൽ ഇതു കിട്ടിയത്. ഞാൻ എടുത്ത തീരുമാനമല്ല. ഇക്കാര്യത്തെക്കുറിച്ച് ഇന്നു ചർച്ചചെയ്തത് എന്താണ് വേണ്ടതെന്ന് തീരുമാനമെടുക്കാം.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, 'ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (എസ്) ആൻറണി ഗ്രൂപ്പ്' എന്നു പറഞ്ഞിരിക്കുന്നു. ഈ നിയമസഭയിൽ 'ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എന്നു (എസ്)' പറഞ്ഞ് ഒരു പാർട്ടിയേ ഉള്ളൂ. അത് അഖിലേന്ത്യാപ്പാർട്ടിയാണ്. 22 സ്റ്റേറ്റുകളിൽ ഘടകങ്ങളുണ്ട്.

(സഭയിൽ ബഹളം)

ശ്രീ. പി. സി. ചാക്കോ : സർ, അങ്ങ് ഇവിടെ വായിച്ച പാർട്ടികളുടെ പേരിൽ ഒരു തെറ്റു കടന്നുകൂടിയിട്ടുണ്ട്. അത് ചൂണ്ടിക്കാണിക്കാൻ ഒരു മിനിട്ട് അനുവദിക്കണം.

(സഭയിൽ ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശരിയായ തീരുമാനം ഇതേവരെ എടുത്തിട്ടില്ല. ഇന്നു തന്നതനുസരിച്ച് ഞാൻ വായിച്ചതാണ്.

ശ്രീ. ബേബി ജോൺ : അങ്ങു പറയുന്നത് ശരിയാണ്. പക്ഷേ, 'ജനതാ പ്പാർട്ടി ചന്ദ്രശേഖരൻ' എന്ന തീരുമാനം എടുത്തില്ലെങ്കിൽ അങ്ങനെ പറയരുത്. ജനതാപാർട്ടി എന്നേ പറയാവൂ.

(സഭയിൽ ബഹളം)

ശ്രീ. പി. സി. ചാക്കോ: സർ, ഇതു സംബന്ധിച്ച് അവസാന തീരുമാനം എടുക്കാനും അങ്ങയ്ക്ക് അവകാശമുണ്ട്. അങ്ങു തീരുമാനമെടുക്കാൻ എത്തിച്ചേർന്ന മാനദണ്ഡങ്ങളെക്കുറിച്ച് ഞങ്ങൾക്ക് പറയണമെന്നേയുള്ളു. ഈ സ്റ്റേറ്റിൽ 'ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (എസ്)' എന്നു പറയുന്ന രണ്ടു പാർട്ടികളും ഇല്ല. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞങ്ങളുടെ പാർട്ടി അറിയപ്പെട്ടിരുന്നത് 'ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (യു)' എന്ന പേരിലാണ്. ബോംബെയിൽ അംഗീകരിച്ച അഖിലേൻഡ്യാ കോൺഗ്രസ് പ്രമേയമനുസരിച്ച്.....

മി. സ്പീക്കർ ; ബഹുമാനപ്പെട്ട ചാക്കോ പോയിൻറ് പറയണം. ഇതാണോ പോയിൻറ് ഓഫ് ഓർഡർ ?

(സഭയിൽ ബഹളം)

ശ്രീ. പി. സി. ചാക്കോ : സർ, അങ്ങ് പറയാൻ അനുവദിച്ചതാണ്. സർ, സഭാനടപടികളും അന്തസ്സായി നടത്തിക്കൊണ്ടുപോകാൻ അങ്ങയോടു സഹകരി ക്കണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് പോയിൻറ് ഓഫ് ഓർഡർ ഉന്നയി ക്കുന്നത്. ഈ നിയമസഭയിലും, അഖിലേൻഡ്യാ തലത്തിലും 'കോൺഗ്രസ് (എസ്)' എന്ന ഒരു പാർട്ടി മാത്രമേ ഉള്ളു. അങ്ങ് ഇപ്പോൾ വായിച്ച ലിസ്റ്റിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (എസ്) എന്ന പേരിൽ രണ്ടു പാർട്ടിയുടെ പേര് പരാമർശിച്ചത് തെറ്റാണ്. നിർഭാഗ്യകരമാണ്. ഈ സഭയിലെ റൂൾസ് ഓഫ് പ്രൊസീഡിയറിൻറെയും കീഴ്വഴക്കങ്ങളുടേയും ലംഘനമാണ്. ഒരു അഖിലേൻഡ്യാ പാർട്ടിയുടെ സംസ്ഥാനഘടകം ഒരേ പേരിൽ ഒരു പാർട്ടിയായി ഇവിടെയുള്ളപ്പോൾ ആ പാർട്ടിയുടെ പേര് മറെറാരു പാർട്ടിക്കു ചേർത്ത് ലിസ്റ്റ് വായിച്ചത് ശരിയല്ല. മറിച്ച് ആൻറണി ഗ്രൂപ്പുകാർ, ആൻറണി ഗ്രൂപ്പ് എന്നല്ലാതെ, കോൺഗ്രസ്—എസ് എന്ന് ഇതേവരെ ക്ലെയിം ചെയ്തിട്ടില്ല. അങ്ങയുടെ മേശപ്പുറത്ത് അങ്ങയുടെ ഫയലിൽ അഖിലേൻഡ്യാ കോൺഗ്രസ് ശരത്പവാർ അയച്ച കത്ത് ഉണ്ട്. ഞങ്ങളുടെ പാർട്ടിയുടെ പേര് നിശ്ചയിക്കാൻ കരുണാകരനു അവകാശമില്ല.

(സഭയിൽ ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട ചാക്കോ ഒരുപാടുനേരമായി സംസാരി ക്കുന്നു. ബഹുമാനപ്പെട്ട ചാക്കോ ഇരിക്കണം. സഭാനേതാവിനു എന്തോ പറയാനുണ്ടെന്നു തോന്നുന്നു, (ബഹളം) ഞാൻ ഈ കസേരയിലേക്ക് നിയോഗി ക്കപ്പെട്ടതു ഇന്നുമാത്രമാണെന്ന വാസ്തവം നിങ്ങൾക്ക് അറിയാം. അതു കൊണ്ടാണ് ഈ കാര്യത്തെക്കുറിച്ചുള്ള തീരുമാനം ഞാൻ നാളെ അറിയിക്കാമെന്ന് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. അങ്ങയുടെ റൂളിങ്ങിനെ ചോദ്യം ചെയ്യുകയൊന്നുമല്ല. സഭാനേതാവ് എന്ന് അങ്ങു പറയുകയുണ്ടായി. സഭാനേതാവെന്നു പറയണമെങ്കിൽ സഭയിൽ ഭൂരിപക്ഷം അംഗങ്ങളുടെ നേതാവായിരിക്കണം. എത്ര കണക്കുകൂട്ടിയാലും മുഖ്യമന്ത്രി സഭയിൽ ഭൂരിപക്ഷം അംഗങ്ങളുടെ നേതാവല്ല. ഭൂരിപക്ഷം അംഗങ്ങളുടെ നേതാവെന്നു തെളിയിക്കാത്തിടത്തോളം കാലം സഭാനേതാവ് എന്നു പറയുന്നത് ആർഡറിലാണോ ?

മി. സ്പീക്കർ : ശ്രീ. ബേബി ജോൺ പറയുന്നത് പൂർണ്ണമായും ശരിയല്ല. ഞാൻ പറഞ്ഞത് സഭാനേതാവിനു് എന്തോ പറയാനുണ്ട് എന്നാണ്.

ശ്രീ. ബേബി ജോൺ : ഇവിടെ സഭാനേതാവല്ല സർ, മുഖ്യമന്ത്രി മാത്രമാണ്.

മി. സ്പീക്കർ : ആ കാര്യത്തെക്കുറിച്ചു പറയാനുള്ളതു പറഞ്ഞു.

ശ്രീ. പി. കെ. വാസുദേവൻ നായർ : ഇവിടെ ഒരു തീരുമാനമെടുത്തിട്ടില്ലെന്നും ഇന്നാണ് അങ്ങയെ തിരഞ്ഞെടുത്തതെന്നും പറഞ്ഞു. അങ്ങയുടെ ബുദ്ധിമുട്ട് എനിക്ക് മനസ്സിലാക്കാം. ഈ വിഷയത്തെക്കുറിച്ച് ഒരു തീരുമാനവുമെടുത്തിട്ടില്ലെന്ന്.....:

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

അന്തിമതീരുമാനമെടുത്തിട്ടില്ലെന്നാണ് പറഞ്ഞത്.

(ബഹളം)

മി. സ്പീക്കർ : ശ്രീ. പാക്കോ ഇരിക്കണം. ഇവിടെ ആര് എന്തുപറഞ്ഞു എന്നുള്ളത് നിയമസഭാ റിക്കാർഡുകളിലുണ്ട്. ഞാൻ എന്തു പറഞ്ഞു എന്നുള്ളതിനെക്കുറിച്ച് തർക്കം വേണ്ട.

ശ്രീ. പി. കെ. വാസുദേവൻ നായർ : സർ, അങ്ങ് ഒരു തീരുമാനവുമെടുത്തിട്ടില്ലെന്നു പറഞ്ഞു. ഈ രാജ്യത്ത് ചീഫ് ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച പാർട്ടികളുണ്ട്. അങ്ങനെയുള്ള പാർട്ടികളിൽ ഒന്നാണ് കോൺഗ്രസ് (എസ്).

(ബഹളം)

അല്ലെങ്കിൽ, ആരും തർക്കിക്കുകയില്ലല്ലോ, ചീഫ് ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച പാർട്ടിയാണ് ജനതാ പാർട്ടി. അങ്ങനെയുള്ള ജനതാ പാർട്ടിയെ, അതിനകത്തുനിന്ന് ആരോ പിരിഞ്ഞുപോയി എന്നുള്ള ഒരൊറ്റക്കാരണത്താൽ "ജനതാ പാർട്ടി (ചന്ദ്രശേഖരൻ)" എന്ന് അങ്ങിവിടെ പരാമർശിച്ചു കഴിഞ്ഞു. ഒരുവശത്ത് അങ്ങുപറയുന്നു ഞാൻ തീരുമാനമെടുത്തിട്ടില്ല എന്ന്. എന്നാൽ അതേ ശ്വാസത്തിൽത്തന്നെ പ്രഖ്യാപിച്ചിരിക്കുന്നു "ജനതാ പാർട്ടി (ചന്ദ്രശേഖരൻ)" എന്ന്. ഇതു തമ്മിൽ എങ്ങനെ പൊരുത്തപ്പെടുമെന്ന് എനിക്കു മനസ്സിലാകാത്തതുകൊണ്ട് അപേക്ഷിക്കുകയാണ്. അങ്ങിവിടെ ചെയ്ത പ്രഖ്യാപനം റദ്ദുചെയ്യണം. കോൺഗ്രസ് (എസ്) ന്റെ കാര്യത്തിലും ജനതാ പാർട്ടിയുടെ കാര്യത്തിലും സഭയിൽ ചെയ്ത പ്രഖ്യാപനം റദ്ദു ചെയ്തിട്ട് സാവകാശമായി ശാന്തമായി പാർട്ടിനേതാക്കൻമാരുമായി ചർച്ച ചെയ്തിട്ട് മാത്രമേ തീരുമാനിക്കാവൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : സർ, ഒരു പഴയ അംഗമെന്ന നിലയിൽ ഞാൻ അങ്ങയുടെ ശ്രദ്ധയിൽ രണ്ടു കാര്യങ്ങൾ പെടുത്താനാഗ്രഹിക്കുന്നു. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ബേബി ജോൺ സഭയിൽ വന്നിട്ട് പത്തിരുപത്തൊൻപതു കൊല്ലമായി. അദ്ദേഹത്തിന് ഇത്രയും ഭീമമായ ഒരബദ്ധം പിണയുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിലേക്ക് സ്തോനടപടിച്ചട്ടം ഇവിടെ വായിക്കുകയാണ്.

"Leader of the House" means the Chief Minister, if he is a member of th House or a Minister who is a member of the House and is nominated by the Chief Minister to function as the Leader of the House.

എന്റെ സ്നേഹിതൻ ബേബി ജോൺ ഇതു മനസ്സിലാക്കാതെ പോയത് നിർഭാഗ്യകരമാണ്. മറെറാന്ന് ഈ സഭയിലുണ്ടായിട്ടുള്ള കീഴ്വഴക്കങ്ങളാണ്. 1969-ലും അതിനുമുൻപും ഉണ്ടായിട്ടുള്ള രണ്ടുമൂന്നു കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. ആരെയെങ്കിലും അംഗീകരിക്കുന്ന കാര്യത്തെപ്പററി ഞാൻ ഒരഭിപ്രായവും പറയുന്നില്ല. അത് അങ്ങു തീരുമാനിക്കേണ്ടതാണ്. 1969-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ ഭിന്നിപ്പുണ്ടായ അവസരത്തിൽ ഇലക്ഷൻ കമ്മീഷനോ പാർലമെന്റോ അന്തിമതീരുമാനമെടുത്തിട്ടില്ലാത്ത ഒരു സാഹചര്യത്തിൽ ഈ സഭയിൽത്തന്നെ ഒരു പാർട്ടി രണ്ടായപ്പോൾ ഒന്നിനെ കോൺഗ്രസ് (കെ) എന്നും മറേറതിനെ കോൺഗ്രസ് (ജി) എന്നുമാണ് പറഞ്ഞിരുന്നത്.

(തടസ്സം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട അനിരുദ്ധൻ ഇരിക്കണം.

ശ്രീ. കെ. കരുണാകരൻ : അതുപോലെതന്നെ കേരള കോൺഗ്രസ് രണ്ടായപ്പോൾ ഈ സഭയിൽ പാർട്ടിനേതാക്കൻമാരുടെ പേരിൻറെ.....

ശ്രീ. എ. സി. ഷൺമുഖദാസ് : വസ്തുതകൾ മറയ്ക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ : ഞാൻ എവിടേയ്ക്കാണ് വരുന്നതെന്ന് ഒന്നു ശ്രദ്ധിക്കൂ.

അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യങ്ങൾക്ക് അങ്ങ് സ്പീക്കർ എന്ന നിലയിൽ ആണ് താൽക്കാലിക തീരുമാനമെടുക്കുന്നത്. സംസ്ഥാന നിലവാരത്തിൽ ആയാലും ശരി, അഖിലേന്ത്യാ നിലവാരത്തിലായാലും ശരി സംസ്ഥാന നിയമസഭയിലെ എം. എൽ. എ. മാർ രണ്ട് കക്ഷിയായി തിരിയുമ്പോൾ താൽക്കാലികമായി അവരെ തിരിച്ചറിയുന്നതിന് വിളിക്കുന്നത് ആ പാർട്ടിയുടെ നേതാവിൻറെ പേര് വച്ചാണ്. എന്ത് തീരുമാനവും നാളെ എടുക്കാം. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. ....ബഹളം. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആണെങ്കിൽ ഒന്നേ ഉള്ളുതാനും.....സഭയിൽ ബഹളം

11 A.M.]

ശ്രീ. ഇ. കെ. നായനാർ : ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. പാർട്ടികളുടെ പേര് ഒരു സ്ഥലത്തുവച്ച് വെട്ടിപ്പൊളിക്കുക, അല്ലെങ്കിൽ പാർട്ടി വിട്ടുപോയവരുടെ പേര് വിളിക്കുക ഇതെല്ലാം ഗുരുതരമായ പ്രത്യാഘാതം ഉണ്ടാക്കുന്ന കാര്യങ്ങളാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ പ്രഖ്യാപിച്ചു, അങ്ങ് ഒരു തീരുമാനം എടുത്തില്ലായെന്ന്. ഇത നെക്കുറിച്ച് ഇന്നാണ് മനസ്സിലാക്കിയത്. എന്തായാലും ഇവിടെവച്ച് ഒരു പുതിയ പേര് വിളിക്കരുത്. പുതിയ ഒരു തീരുമാനം എടുത്തിട്ടില്ലാത്ത സ്ഥിതിക്ക് അതിന് മുൻപായി ഒരു പേര് വിളിക്കുന്നത് അനാരോഗ്യകരമായ നടപടിക്രമമായിരിക്കും. അതിന് മൂകസാക്ഷി ആയിരിക്കുവാൻ ഞങ്ങൾക്ക് സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly.

കോൺഗ്രസ്സിന്റെ അഖിലേന്ത്യാ പാർട്ടി ഉണ്ട് (എസ്). കേരളാ കോൺഗ്രസ് (എം) ഉണ്ട്, കേരളാ കോൺഗ്രസ് (ജെ) ഉണ്ട്.

ശ്രീ. കെ. എം. മാണി : അങ്ങനെയില്ല. ബഹുമാനപ്പെട്ട സ്പീക്കർ അങ്ങനെ വായിച്ചിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ : എന്തായാലും അഖിലേന്ത്യാ കോൺഗ്രസ്സിനെ വെട്ടിമുറിക്കരുത്. അതുപോലെ ജനതാ പാർട്ടിയേയും വെട്ടിമുറിക്കരുത് ഈ അസംബ്ലിയിൽവച്ച്. ഇതിനെക്കുറിച്ച് പാർട്ടികളുമായി ആലോചിച്ചശേഷം മാത്രമേ തീരുമാനം എടുക്കാവൂ. 1967-68 ൽ ഒരു പാർട്ടിയുടെ പേര് സംബന്ധിച്ച് നാല് മണിക്കൂർ സമയം ഞങ്ങൾ ലോക്സഭയിൽ ചർച്ച ചെയ്തു. അതിനുശേഷമാണ് മാർക്സിസ്റ്റു പാർട്ടിയെ സംബന്ധിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചും അവസാന തീരുമാനം എടുത്തത്. അപ്പോൾ ഒരു പാർട്ടിയുടെ പേര് സംബന്ധിച്ച് പെട്ടെന്ന് എടുക്കാവുന്ന ഒരു തീരുമാനമല്ല. അതിന് ചില പ്രോസസ് ഉണ്ട്. ഇവിടെവച്ച് ജനതയെ ചന്ദ്രശേഖരൻ ജനതയെന്നു പറയുന്നത് ശരിയല്ല. ഇത് തെറ്റായ നടപടിയാണ്. ജനതയിൽനിന്നും പോയവരെ ജനതയുമായി ബന്ധപ്പെടുത്താതെ ദിവസവും ഓരോ പേരുമായി വന്നാൽ സ്പീക്കറും വിഷമത്തിലാകും ഞങ്ങളും വിഷമത്തിലാകും. അത് അനുവദിക്കാൻ സാധ്യമല്ല. എന്തായാലും ഈ കാര്യത്തിൽ സ്പീക്കർ സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കും എന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പരിപൂർണ്ണമായും പ്രസക്തമല്ല. അദ്ദേഹം പറഞ്ഞത് കേരളാ കോൺഗ്രസ്സിന്റെയും കോൺഗ്രസ്സിന്റെയും കാര്യമാണ്. ജനതാപാർട്ടി അഖിലേന്ത്യാ നിലവാരത്തിലോ സംസ്ഥാന നിലവാരത്തിലോ പിളർന്നിട്ടില്ല. ജനതാ പാർട്ടിയുടെ പാർലമെന്ററി പാർട്ടിയിൽനിന്നും മൂന്ന് അംഗങ്ങളെ പാർട്ടിയുടെ കേന്ദ്രനിർദ്ദേശപ്രകാരം സസ്പെൻഡ് ചെയ്തു മാറ്റാനായി ആവശ്യപ്പെട്ടിട്ടുണ്ട്. .....ബഹളം... .....

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. അത്തരം ഒരു വിവാദത്തിൽ പോകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ കാര്യത്തെക്കുറിച്ച് ഒരു തീരുമാനമെടുക്കുവാനുള്ള സമയം തരാനുള്ള അവസരമുണ്ടാകണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. എ. സി. ഷൺമുഖദാസ് ; എന്റെ പാർട്ടിയെ സംബന്ധിച്ച് ശ്രീ. കെ. കരുണാകരൻ ഒരു പ്രസ്താവന ചെയ്തു. അത് അങ്ങയുടെ തീരുമാനത്തിന് മുൻപാണ്. ആ കാര്യത്തിൽ എന്റെ അഭിപ്രായം കൂടി കേൾക്കണം. .....ബഹളം.....

ശ്രീ. ആര്യാടൻ മുഹമ്മദ് : എന്റെ പാർട്ടിയെക്കുറിച്ച് ഇവിടെ അഭിപ്രായം വന്ന സ്ഥിതിക്ക് അതിനെക്കുറിച്ച് എനിക്കും പറയാനുള്ള അവസരം ഉണ്ടാകണം. ..... ബഹളം.

ശ്രീ. ബേബി ജോൺ : എന്നെ സംബന്ധിച്ച് മുഖ്യമന്ത്രി ഒരു പരാമർശം നടത്തി. അതുകൊണ്ട് അതിനെക്കുറിച്ച് എനിക്കും പറയാനുള്ള അവസരം നൽകണം. .....ബഹളം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ആരെയെങ്കിലും കുറിച്ച് ഇവിടെ പരാമർശം നടത്തിയിട്ടുണ്ടെങ്കിൽ അതെല്ലാം പരിശോധിച്ച് ആവശ്യമെങ്കിൽ മറുപടി പറയാനുള്ള അവസരം നൽകാം..... .....ബഹളം.

ശ്രീ. എൻ. പി. മൊയ്തീൻ : ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ച് ഇവിടെ പരാമർശം നടത്തിയതിന്റെ പേരിൽ അതിനെക്കുറിച്ച് സംസാരിക്കുവാൻ ഞങ്ങളുടെ പാർട്ടിയിൽനിന്നും ഒരാൾക്കെങ്കിലും അനുവാദം നൽകേണ്ടതുണ്ട്..... ....ബഹളം.....

ശ്രീ. പി. സി. ചാക്കോ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഒരു പാർട്ടിയുടെ പേര് സംബന്ധിച്ച് അങ്ങ് താൽക്കാലികമായി ഇപ്പോൾ ഇവിടെ നൽകിയ റൂളിംഗിനെ സംബന്ധിച്ചാണ് എനിക്ക് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുവാനുള്ളത്.....ബഹളം.....ഞങ്ങളുടെ പാർട്ടിയിൽനിന്നും.....ബഹളം.....

Shri E. Ahmed : Sir, my humble submission is that, a point of order about the ruling cannot be permitted after the ruling from the Chair.

മി. സ്പീക്കർ : റൂളിംഗിനെ സംബന്ധിച്ച് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുവാൻ പാടില്ലെന്നുള്ള വിവരം ശ്രീ. ചാക്കോയ്ക്ക് അറിയാമല്ലോ ?.....ബഹളം

ശ്രീ. പി. സി. ചാക്കോ : സർ, ഒരു സബ്മിഷൻ.....ബഹളം.....

ശ്രീ. ഇ. അഹമ്മദ് : ഇതൊക്കെ ശരിയല്ല. ബഹുമാനപ്പെട്ട ചെയറിനോട് ഇങ്ങനെയാണോ പെരുമാറുന്നത് ? ചെയറിനോട് കുറച്ചൊക്കെ ബഹുമാനം കാണിക്കണ്ടേ ?

മി. സ്പീക്കർ : ശ്രീ. ചാക്കോയ്ക്ക് പോയിന്റ് ഓഫ് ഓർഡർ ചോദിക്കാനുണ്ടെങ്കിൽ ചോദിക്കാം.

ശ്രീ. പി. സി. ചാക്കോ : ഞാൻ അവിടെ ഉന്നയിച്ച പ്രശ്നം കോൺഗ്രസ് എസ്സിൽ നിന്നും കാലുമാറിയവരെ കോൺഗ്രസ് 'എസ്' എന്നു വിളിക്കരുതെന്നാണ്, താങ്കൾ അതിന്റെ പേരിൽ അവസാനമായ റൂളിംഗ് തരാമെന്നു പറഞ്ഞിരിക്കെ സഭാ റെക്കാർഡുകളിൽ താൽക്കാലികമായി ആണെങ്കിലും കോൺഗ്രസ് (എസ്) എന്നുള്ള പേര് കോൺഗ്രസ്സിൽനിന്നും കാലുമാറിയവരെ വിളിക്കാൻവേണ്ടി ഉപയോഗിക്കരുതെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്, അത് നടപടിക്രമങ്ങൾക്ക് എതിരാണ്.

മി. സ്പീക്കർ : ഞാൻ അതിനെക്കുറിച്ച് റൂളിംഗ് കൊടുത്തുകഴിഞ്ഞു. ഈ കാര്യങ്ങളെക്കുറിച്ച് തീരുമാനം എടുത്തിട്ടുള്ളതാണ്. അതിനെക്കുറിച്ച് പരിശോധിച്ചിട്ട് തീരുമാനം എടുക്കുന്നതാണ്.

(ബഹളം)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. ചാക്കോ ചൂണ്ടിക്കാണിച്ചതുപോലെ ഞങ്ങളുടെ പാർട്ടിയുടെ പേര് ആദ്യം കോൺഗ്രസ് (യു) എന്നായിരുന്നു. പിന്നീട് ഞങ്ങളുടെ ബോംബെ സമ്മേളനത്തിൽവച്ച് കോൺഗ്രസ് (എസ്) എന്നാക്കി മാറ്റി. കോൺഗ്രസ് (യു) എന്ന് ആക്കുമ്പോഴും ഞങ്ങളുടെ പാർട്ടിയുടെ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ആയിരുന്നു. അതേ ഉമ്മൻചാണ്ടി ലീഡറായിട്ടുള്ള പാർട്ടിയുടെ പേര് ഇപ്പോൾ കോൺഗ്രസ് (എസ്) എന്നാണ്. അതുകൊണ്ട് കോൺഗ്രസ് (എസ്) എന്നു പറയുന്നത്.....

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഇൻഡ്യാരാജ്യത്ത് കോൺഗ്രസ് (എസ്) എന്നു പറയുന്ന റക്കഗ്നൈസ് ചെയ്ത ഒരു രാഷ്ട്രീയ പാർട്ടി എലക്ഷൻ കമ്മിഷന്റെ മുമ്പിൽ നിലവിലില്ല. അതുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി ലീഡറായിട്ടുള്ള ഈ സഭയിൽ അംഗീകരിക്കപ്പെട്ടിരുന്ന കോൺഗ്രസ് (യു) എന്നു പറയുന്ന പാർട്ടിയുടെ പേര് ഇപ്പോഴും കോൺഗ്രസ് (എസ്) എന്നാണ്. അത് മറന്നാർക്കും കൊടുക്കാൻ സാധിക്കുകയില്ല.

(ബഹളം)

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : ശ്രീ. പീതാംബരൻ മാസ്റ്ററെ പിന്നീട് വിളിക്കാം.

ശ്രീ. സി. ബി. സി. വാര്യർ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. രാഷ്ട്രീയപാർട്ടികളെ നിയമസഭയ്ക്കകത്ത് എങ്ങനെ അഭിസംബോധന ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം കീഴ്വഴക്കങ്ങളും ഉണ്ട്. ചട്ടങ്ങളുണ്ട്. ഒരു ദേശീയപാർട്ടിയെ സംബന്ധിച്ചിടത്തോളം ആ ദേശീയ പാർട്ടിയുടെ കേരള ഘടകത്തിൽനിന്നും അല്ലെങ്കിൽ സംസ്ഥാന ഘടകത്തിൽനിന്നും ആരെങ്കിലും കാലുമാറിയിട്ടുണ്ടെങ്കിൽ ആ ദേശീയ പാർട്ടിയുടെ നയത്തിനനുസരിച്ച്, അതിന്റെ തീരുമാനത്തിനനുസരിച്ച്, നിർദ്ദേശത്തിനനുസരിച്ച് പ്രവർത്തിക്കുന്ന പാർട്ടികളെ വേറെ പേര് അവർ ഇടുന്നില്ലെങ്കിൽ ഒരു ഗ്രൂപ്പായി മാറുന്നു. അങ്ങ് നേരത്തെപറഞ്ഞ താൽക്കാലികമായതീരുമാനം രേഖകളിൽ കിടക്കുമെന്നുപറഞ്ഞു. അത് ആരുടെ ഉപദേശപ്രകാരമുള്ള തീരുമാനമാണ്. അങ്ങ് അതിനെപ്പറ്റി പരിശോധിച്ചിട്ടില്ലെന്നു പറഞ്ഞു അങ്ങനെ അങ്ങ് പരിശോധിച്ച് അങ്ങേയ്ക്ക് ബോദ്ധ്യമല്ലാത്ത ഈ തീരുമാനം രേഖകളിൽ കിടക്കുന്നത് ഓർഡറിലാണോ ? ഈ മാതിരിയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം തീരുമാനമെടുത്തതിനുശേഷം സഭാനടപടികളും മുമ്പോട്ടുകൊണ്ടുപോകണം. ഈ സഭ തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള ക്രമവശത്തിന് നാളെ തീരുമാനമെടുക്കാമെന്നു പറഞ്ഞു. യാതൊരു കാര്യത്തെ സംബന്ധിച്ചിടത്തോളവും ചട്ടങ്ങളും അനുസരിച്ചുള്ള തീരുമാനമെടുക്കാതെ മുമ്പോട്ടുപോകുന്നത് ശരിയല്ല. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം തീരുമാനമെടുത്തിട്ട് ചട്ടപ്രകാരം പോകാൻ തീരുമാനിക്കണം. അതല്ലാതെ ഇതെല്ലാം താൽക്കാലികമായി കിടക്കുമെന്നു പറഞ്ഞിട്ട് ആൻറണി കോൺഗ്രസ്സിന്റെ ഏജൻറായിട്ടല്ല പ്രവർത്തിക്കേണ്ടത്. സഭാ നടപടികളും ഇങ്ങനെ മുമ്പോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നത് ശരിയല്ല. ഇവിടെ നിഷ്പക്ഷനായ പെയർ ആയിട്ടാണ് പ്രവർത്തിക്കേണ്ടത്. അതുകൊണ്ട് അതിൻമേൽ തീരുമാനം എടുക്കണം.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് സോഷ്യലിസ്റ്റ് എന്നു പറയുന്നത് ഒരു അഖിലേന്ത്യാ പാർട്ടിയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു കഴിഞ്ഞ നിയമസഭയിൽ കോൺഗ്രസ് (യു) ന്റെ നേതാവായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടി എന്ന്. ആ കോൺഗ്രസ് (യു) വിന്റെ നേതാവായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി ഇപ്പോഴും അവരുടെ നേതാവാണെന്ന് പറഞ്ഞിരിക്കുന്നു. കോൺഗ്രസ് (യു) എന്നോ ഏതെങ്കിലും പേരിടുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ കോൺഗ്രസ് സോഷ്യലിസ്റ്റ് എന്നുപറയുന്നത് ഒരു അഖിലേന്ത്യാ പാർട്ടിയാണ്. കോൺഗ്രസ് പ്രസിഡൻറ് ശ്രീ. പവാർ ശ്രീ. ഉമ്മൻ ചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഉംപ്പെടെയുള്ള കാലുമാറിയ എം. എൽ. എ. മാരെ പാർട്ടിയിൽനിന്നും സസ്പെൻറ് ചെയ്യുകയും കേരളത്തിലെ ഘടകം ഏതാണെന്ന് രേഖാമൂലം നിയമസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ കോൺഗ്രസ് എസിന്റെ കേരള ഘടകം ഏതാണെന്നു തെളിയിക്കാനുള്ള അവകാശം കോൺഗ്രസ് പ്രസിഡൻറിനാണ്. അങ്ങനെയിരിക്കെ ഇവിടെ കാലുമാറിയ ആളുകൾ ഈ അവകാശവാദം ഉന്നയിക്കുന്നത് പരിഗണിക്കുന്നത് ഓർഡറിലണോ ?

(ബഹളം)

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ചിടത്തോളം ഞാൻ പറഞ്ഞിട്ടുള്ളത് ഇവിടെ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഞാൻ പരിശോധിച്ച് തീരുമാനം നാളെയോ അതിനടുത്ത ദിവസമോ അറിയിക്കാമെന്നാണ്. ശ്രീ. സി. ബി. സി. വാര്യർ ഇവിടെ നടത്തിയ ചില പരാമർശനങ്ങൾ ഖേദകരമായിപ്പോയി. അല്ലാതെ മറെറാരു കാര്യവും ഒരു തീരുമാനമായി അറിയിച്ചിട്ടില്ല. ഏതായാലും അതിനെ സംബന്ധിച്ചിടത്തോളമുള്ള അന്തിമമായ തീരുമാനം അറിയിക്കുന്നതാണ്.

(ബഹളം)

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ടി. എം. ജേക്കബ്]

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഞാൻ കരുണാകരൻ നേതാവായിട്ടുള്ള കൗൺസിൽ ഓഫ് മിനിസ്ട്രിക്കെതിരായി ഒരു അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിച്ചത് സത്യപ്രതിജ്ഞ ചെയ്ത ദിവസം ഈ ഗവൺമെൻറിന് ഈ നിയമസഭയിലെ ഭൂരിപക്ഷം അംഗങ്ങളുടെ പിന്തുണ ഇല്ലാതിരുന്നു എന്നുള്ളതുകൊണ്ട് മാത്രമല്ല, ഇന്നും ഈ ഗവൺമെൻറിന് ഈ നിയമസഭയിൽ പിന്തുണയില്ലെന്നുള്ളതുകൊണ്ടുമാത്രവുമല്ല, ഒരിക്കലും ഈ ഗവൺമെൻറിന് ഈ സഭയിൽ ഒരു പ്രശ്നത്തിലും ഭൂരിപക്ഷപിന്തുണ ഉണ്ടാവുകയില്ലെന്നു വ്യക്തമായതുകൊണ്ടുകൂടിയാണ്. ഇവിടെ ഒരു തർക്കപുരുഷനായ ശ്രീ. കെ. കെ. നായർ നാളെ അദ്ദേഹത്തിന്റെ തീരുമാനം പ്രഖ്യാപിക്കുമെന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹം പ്രഖ്യാപിക്കുമെന്ന തീരുമാനം ശ്രീ. കരുണാകരന് അനുകൂലമാണെങ്കിൽത്തന്നെയും ഈ ഗവൺമെൻറിന് ഈ സഭയിൽ ഭൂരിപക്ഷം ഉണ്ടെന്നുതെളിയിക്കാൻ ശ്രീ. കരുണാകരനോ അദ്ദേഹത്തിന്റെ കൂട്ടുകാർക്കോ കഴിയുകയില്ലെന്നുള്ളതുകൊണ്ടാണ് ഒരു അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിക്കാൻ ഞാൻ മുതിർന്നത്. ശ്രീ. കെ. കെ. നായർ ശ്രീ. കരുണാകരനെ അനുകൂലിച്ചാൽത്തന്നെ 70 പേരേ അപ്പുറത്ത് ആവുകയുള്ളൂ. ഇപ്പുറത്തും 70 പേർ ഉണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഒരിക്കലും ഈ സഭയിൽ ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ രൂപം കൊണ്ടിട്ടുണ്ടെന്നു അവകാശപ്പെടുന്ന ഗവൺമെൻറിന് ഭൂരിപക്ഷം തെളിയിക്കാൻ സാധിക്കുകയില്ല എന്ന്. തെരുവിൽ തെളിയിക്കാൻ കഴിയുകയില്ലെന്നുമാത്രമല്ല, ഈ സഭയിൽ ഒരിക്കലും ഒരു പ്രശ്നത്തിലും തെളിയിക്കുന്നതിന് ശ്രീ. കരുണാകരന് കഴിയുകയില്ലെന്നുള്ളതുകൊണ്ട് തന്നെ ശ്രീ. കരുണാകരൻ നേതൃത്വം നൽകുന്നു എന്ന് അവകാശപ്പെടുന്ന ഗവൺമെൻറിന് ഒരു ഗവൺമെൻറ് എന്ന നിലയിൽ നിൽക്കാൻ അവകാശമില്ല. പക്ഷെ ഒരു കാര്യത്തിൽ ശ്രീ. കരുണാകരനെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം നേതൃത്വംനൽകുന്ന മന്ത്രിസഭയിൽ മുഖ്യമന്ത്രിയെന്നുള്ള നിലയിലല്ല ; അദ്ദേഹത്തിന്റെ മാറ് മേഖലകളിലുള്ള കഴിവിന്റെ പേരിലാണ്. നമ്മുടെ സംസ്ഥാനത്തെ ഏറവും ഉന്നത സ്ഥാനമെന്നു നാമെല്ലാം കരുതുന്ന ഗവർണ്ണർപദം അലങ്കരിക്കുന്ന മഹതിയെക്കൊണ്ട് ഇവിടെ ഒരു പ്രസംഗംമുഴുവൻ ചെയ്യിക്കാതെ അവരെ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഇറക്കിവിട്ടു. ആ മാന്യമഹതിക്ക് തളർവാതം പിടിപെട്ടിരിക്കുകയാണെന്നും അവർക്ക് മുഴുവൻ പ്രസംഗം വായിക്കാൻ കഴിയാതെപോയത് തൊണ്ടയിൽ അസുഖം ആയതുകൊണ്ടാണെന്നും ആര് ഇൻഡ്യാ റേഡിയോയെ കൊണ്ട് വായിപ്പിച്ചു, അങ്ങ് ഈ സഭയിൽ ഉണ്ടായിരുന്നല്ലോ. വെങ്കല മണി അടിക്കുന്നതുപോലെയാണ് ശ്രീമതി ജ്യോതി വെങ്കിടാചെല്ലം സഭയിൽ വായിച്ചിടത്തോളം പ്രസംഗം വായിച്ചത്; അതിന്റെ പിറേറദിവസമോ അതിന്റെ പിറേറന്നോ കോട്ടയത്ത് മലയാളമനോരമയുടെ ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് വെങ്കലത്തിൽ ഇടിക്കുന്നതുപോലെയുള്ള ശബ്ദത്തിൽ അവർ പ്രസംഗിച്ചു. ആറുകാൽ അമ്പലത്തിലെ മണി ശ്രീ. കരുണാകരനും അതുപോലുള്ള അഞ്ചാറുപേരുംകൂടി അടിച്ചാലുണ്ടാകുന്ന അത്രയും ഭീകരമായ ശബ്ദത്തിൽ അവർ പ്രസംഗിക്കുന്നതുകേട്ടു. എന്നിട്ട് ആ മാന്യമഹതിക്ക് തൊണ്ടയ്ക്ക് അസുഖമായതുകൊണ്ടോ, തളർവാതം പിടിച്ചിരുന്നതുകൊണ്ടാണ് പ്രസംഗം മുഴുവനും വായിക്കാത്തതെന്ന് പറഞ്ഞു. എന്റെ പഴയനേതാവ് ശ്രീകണ്ഠൻനായർ ഒക്ടോബർ 25-ാം തീയതി ഒരു പ്രസംഗം ചെയ്തു. കേരളത്തിലെ നിയമസഭ പിരിച്ചുവിട്ട് ഉടനടി തെരഞ്ഞെടുപ്പ് നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വിലപേശലിൽ കൂടിയും മൽപ്പിടുത്തത്തിൽകൂടിയും ഒരു മന്ത്രിസഭ ഉണ്ടാക്കാനുള്ള ശ്രമം ഒട്ടും യോജിച്ചതല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങനെപറഞ്ഞ ഞങ്ങളുടെ പഴയനേതാവ് ശ്രീകണ്ഠൻനായരെക്കൊണ്ട് ഒരു ബദൽ മന്ത്രിസഭയുണ്ടാക്കുന്നെങ്കിൽ വേഗം ഉണ്ടാക്കണമെന്ന് പിന്നീട് പറയിക്കാൻ കഴിഞ്ഞു ശ്രീ. കരുണാകരന്. കമ്മ്യൂണിസത്തിന് ഭാരതത്തിൽ വിത്തുപാകിയ എസ്. എ. ഡാങ്കേയെക്കൊണ്ടും അദ്ദേഹത്തിന്റെ മകളെക്കൊണ്ടും ശ്രീമതി ഇന്ദിരാഗാന്ധിക്ക് ഹലേലുയ്യ പാടിക്കാൻ അവർക്ക് കഴിഞ്ഞതിനേക്കാൾ കൂടുതൽ പ്രയത്നം ശ്രീ. കരുണാകരന് വേണ്ടിവന്നിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ആർ. എസ്. പി. യുടെ തൊഴിലാളിവർഗ്ഗ വിപ്ലവവീര്യം നഷ്ടപ്പെട്ടുപോയിരിക്കുന്നുവെന്ന് ആരോപിച്ചുകൊണ്ട് ആർ.എസ്.പി.യെ ശുദ്ധീകരിക്കാൻ ഇറങ്ങിത്തിരിച്ച ശ്രീകണ്ഠൻനായരുടെ, തൊഴിലാളിവർഗ്ഗ വിപ്ലവവീര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സടകുടഞ്ഞെണീറ്റ ശ്രീകണ്ഠൻനായരുടെ മീശമുടിയെപിടിച്ച് തന്റെ കാലിലെ തളളവിരലിൽ കെട്ടാൻ കഴിഞ്ഞ കരുണാകരനെ ഞാൻ അഭിനന്ദിക്കുന്നു, തൊഴിലാളിവർഗ്ഗത്തിന്റെ താൽപര്യം സംരക്ഷിക്കാൻവേണ്ടി മന്ത്രിസഭയിൽ പങ്കാളിയാകാനായി സഖാവ് ശ്രീകണ്ഠൻനായർ അയച്ച അനുയായിയെ തന്റെ വിനീതദാസനാക്കാൻ കഴിഞ്ഞുവെന്നുള്ളതിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. സത്യപ്രതിജ്ഞാസമയത്തും ഇന്നും ഭൂരിപക്ഷമില്ലാത്ത കരുണാകരന്റെ ഗവൺമെന്റിന് ഇനി ഒരിക്കലും ഒരുപ്രശ്നത്തിലും ഈ സഭയിൽ ഭൂരിപക്ഷം തെളിയിക്കാൻ കഴിയുകയില്ലെന്ന് വ്യക്തമായിരിക്കുന്നു. ഭരണം നടത്താനുള്ള കഴിവുമില്ല. 1982-83 പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിന് മുൻവർഷത്തേക്കാൾ കൂടുതൽതുക പിടിച്ചുവാങ്ങിക്കുന്നതിലേയ്ക്കായി ഡെൽഹിയിൽപോയിട്ട് അവിടത്തെ ആസൂത്രണ ശിപായിമാരുടെ മുമ്പിൽ എറാൻമൂളികളായിനിന്ന് മുൻവർഷത്തേക്കാൾ കുറഞ്ഞതുക വരുംവർഷത്തേയ്ക്ക് വാങ്ങി വന്നവരാണ് മുഖ്യമന്ത്രിയെന്ന് അവകാശപ്പെടുന്ന കരുണാകരനും ധനകാര്യമന്ത്രിയെന്ന് അവകാശപ്പെടുന്ന ശ്രീ. കെ. എം. മാണിയും. ശ്രീ. കെ. എം. മാണി ഇപ്പോഴും ഇവിടെയില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ധനകാര്യമന്ത്രിയെന്നുള്ള നിലയ്ക്ക് അന്നത്തെ മുഖ്യമന്ത്രി നായനാരോടൊപ്പം ഡെൽഹിയിൽപ്പെന്ന് കേരളത്തിനു അർഹമായത് വിലപേശി വാങ്ങിച്ച് അവകാശപ്പെട്ടത് നേടിയെടുക്കാൻ കഴിഞ്ഞ ശ്രീ. മാണിയ്ക്ക് കരുണാകരനോടൊപ്പം ഡെൽഹിയിലെ ആസൂത്രണ ശിപായിമാരുടെ മുമ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

ചെന്നുനിന്നപ്പോഴും നട്ടെല്ലിൽ റബ്ബർ വച്ചിരുന്നോ? അവിടത്തെ ശിപായി മാരുടെമുമ്പിൽ പഞ്ചപുച്ഛമടക്കി ഇനി ഇന്ദിരാമ്മ കനിഞ്ഞ് അനുഗ്രഹിക്കു മെന്ന് പറയാൻ നാണമില്ലായിരുന്നോ? മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അങ്ങനെ കഴിവില്ലാത്ത ഗവൺമെൻറ് അപകർഷതാബോധം മാറ്റിയെടുക്കാൻ ചെയ്ത നടപടി എന്താണ്? സംസ്ഥാനത്തൊട്ടാകെ നര നായാട്ട് നടത്തി ശ്മശാന ഭീകരത സൃഷ്ടിച്ചില്ലേ ജനുവരി 19-ാം തീയതി. 19-ാം തീയതി കേരളത്തിൽനടന്ന തൊഴിലാളി പണിമുടക്കിനെ, ജനകീയ ബന്ധിനെ പരാജയപ്പെടുത്താൻ ഉദ്ദേശിച്ച് നടത്തുന്ന നായ്ക്കളെ തല്ലുന്ന തുപോലെ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകൻമാരെ തല്ലിച്ചതച്ച സംഭവങ്ങളും ഈ സഭയിൽ അറിയാത്തവർ ആരെങ്കിലുമുണ്ടോ? മാർക്ക് കളളവ്യാപാരം നടത്തിയ സമ്പന്നൻമാരായ ആളുകളെ ചെയ്ത കൊള്ളരുതായ്മകളെ യൂണിവേഴ്സിറ്റിയിൽ മലീമസമായ അന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്ന പരിതഃസ്ഥിതിയിൽ തങ്ങളുടെ പ്രതിഷേധം അറിയിക്കാനായി അവിടെ ചെന്ന ഇടതുപക്ഷ വിദ്യാർത്ഥിനേതാക്കളെ തല്ലിച്ചതച്ച് ആശുപത്രിയിൽ വേണ്ട ചികിൽസപോലും നൽകാൻ വിസമ്മതിച്ച കാര്യത്തെപ്പറ്റി എല്ലാവർക്കും അറിയാവുന്നതാണ്. വരുമാനത്തിന് വ്യാജരേഖ നൽകി മകളെക്ക് അഡ്മിഷൻവാങ്ങിച്ച വിദ്യുവത്തിന്റെ തീപ്പന്തം ഇവിടെയിരിപ്പുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കാട്ടാക്കട പഞ്ചായത്തു പ്രസിഡൻറു ഉൾപ്പെടെയുള്ളവരെ നായ്ക്കളെപ്പോലെ തല്ലിഓടിക്കാൻ ശ്രമിച്ചു. തൊളി ക്കോട്ടും വിതുരയിലും ഉഴമലയ്ക്കലും, കുറ്റിച്ചലുംഒക്കെ ഭീകരമായ മർദ്ദനം നടന്നു. തങ്ങളുടെ മറ്റ് രംഗങ്ങളിലുള്ള കഴിവുകേടുകളെ മറച്ചുപിടിക്കുന്നതിനുവേണ്ടി മനുഷ്യത്വഹീനമായ ഭീകരമർദ്ദനം അഴിച്ചുവിട്ട ഒരു ഗവൺമെൻറിനെ ഗവൺമെൻറ് എന്നുള്ളനിലയിൽ തുടരാൻ അനുവദിക്കാൻ പറ്റുമോ? ടി. കെ. ദിവാകരന്റെ ആറാം ചരമവാർഷികം ആചരിക്കുന്ന അവസരത്തിൽ അദ്ദേഹവും സഖാക്കളും രക്തംചിന്തി പടുത്തുയർത്തിയ തൊഴിലാളി സംഘടനകളെ തകർക്കുന്നതിനുവേണ്ടി പോലീസ് ശ്രമിച്ചു. തൊഴിലാളി നേതാക്കൻമാരെ..... ....

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർക്ക് രണ്ടു മിനിറ്റേയുള്ളു.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഞാൻ പിന്താങ്ങിയാണ് സംസാരിക്കുന്നത്.

മി. ചെയർമാൻ : പിന്താങ്ങി സംസാരിക്കുന്നതിന് പ്രത്യേകമായ സമയം അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗത്തിന് നൽകിയിരിക്കുന്നത് 8 മിനിറ്റാണ്. ആർ എസ്. പി. പാർട്ടിയുടെ സമയം എട്ടുമിനിറ്റാണ്. പ്രമേയ അവതാരകന് 30 മിനിറ്റും പ്രമേയത്തെക്കുറിച്ച് മറുപടി പറയുന്ന മന്ത്രിക്ക് 60 മിനിറ്റും കഴിച്ചിട്ട് ബാക്കിയുള്ളത് കക്ഷികളുടെ അംഗസംഖ്യവച്ചിട്ടാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോഴത്തന്നെ നാലുമിനിറ്റ് കൂടുതൽ എടുത്തിട്ടുണ്ട്. രണ്ടുമിനിറ്റുകൂടി അനുവദിക്കാം. അതിൽകൂടുതൽ അനുവദിക്കാൻ നിവൃത്തിയില്ല.

ശ്രീ. ആർ. എസ്. ഉണ്ണി : പോയിൻറ് ആഫ് ആർഡർ. ഈ അവിശ്വാസ പ്രമേയത്തിനുതന്നെ എത്ര സമയം വേണമെന്നുള്ളത് തീരുമാനിച്ചിട്ടില്ല. അതിന് എത്ര സമയമെടുക്കണം; എത്ര ദിവസമെടുക്കണം എന്നുള്ളതു തന്നെ സഭയുടെ തീരുമാനത്തിന് വയ്ക്കണമെന്ന് നേരത്തെ പറഞ്ഞതാണ്. അതുതന്നെ തീരുമാനിച്ചിട്ടില്ല. പിന്നീട് കക്ഷി നേതാക്കൻമാരായി ആലോചിച്ച് തീരുമാനിക്കാമെന്ന് പറഞ്ഞു. മൊത്തം സമയം തീരുമാനിക്കാതെ, അവതരണത്തിന്റെ സമയവും മറുപടിയുടെ സമയവു തീരുമാനിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ പറയാനാണ്. എല്ലാ പ്രാവശ്യവും അവിശ്വാസ പ്രമേയം അവതരിപ്പിച്ചാൽ അതിനെ പിൻതാങ്ങി സംസാരിക്കുന്നതിന് കക്ഷികളുടെ സമയത്തിൽനിന്ന് അൽപ്പസ്വൽപ്പം സമയം അനുവദിക്കാറുണ്ട്. അതാണ് കീഴ്വഴക്കം. അതിൽനിന്ന് വ്യത്യസ്തമായി, പാനൽ ആഫ് ചെയർമാൻ എന്ന നിലയിൽ ചെയറിൽ ഇരിക്കുന്ന അങ്ങ് ഇങ്ങനെയൊരു തീരുമാനമെടുക്കുന്നത് ശരിയാണോ ? നടപടി ക്രമങ്ങൾക്ക് ചേർന്നതാണോ ? അവിശ്വാസ പ്രമേയത്തെ പിൻതാങ്ങി സംസാരിക്കുമ്പോൾ സമയം കൂടുതൽ അനുവദിക്കാറുണ്ട്. അത് കക്ഷിയുടെ സമയത്തെ മുൻനിറുത്തിയാണെന്ന് പറയുന്നത് ശരിയല്ല.

മി. ചെയർമാൻ : ചെയറിൽനിന്ന് മുൻകാല കീഴ്വഴക്കമനുസരിച്ചു മാത്രമേ റൂളിംഗ് നൽകിയിട്ടുള്ളൂ. ബഹുമാനപ്പെട്ട മെമ്പർക്ക് രണ്ട് മിനിട്ടുകൂടി അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഞാൻ മൂന്ന്—നാല് മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. സഖാവ് ടി. കെ. ദിവാകരന്റെ ആറാം ചരമവാർഷികത്തോടനുബന്ധിച്ച് കുളത്തൂർ രക്തസാക്ഷി മണ്ഡപവും അതിൽ പ്രതിഷ്ഠിച്ചിരുന്ന അദ്ദേഹത്തിന്റെ ഫോട്ടോയും തട്ടിത്തകർത്തു. വേളിയിൽ രക്തസാക്ഷിമണ്ഡപം പടുത്തുയർത്തിക്കൊണ്ടിരുന്ന പാവപ്പെട്ട തൊഴിലാളി സഖാക്കളെ 'നീ യൊക്കെ ബേബീജോണിന്റെ ആർ. എസ്.പി. യാണോടാ' എന്ന് ചോദിച്ചാണ് തല്ലിയത്. ആ രീതിയിൽ രക്തദാഹിയായ യക്ഷിയെപ്പോലെ അറുകൊല വിളിച്ചുകൊണ്ട് തങ്ങളുടെ കഴിവില്ലായ്മയ്ക്ക് പകരം വീട്ടാൻ ഗവൺമെന്റ് ശ്രമിക്കുകയാണ് ചെയ്യുന്നത്.

കഴിഞ്ഞ 19-ാം തീയതി നടന്ന തൊഴിലാളികളുടെ സമരം.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. പങ്കജാക്ഷൻ : അതെങ്ങനെയാണ് സർ, ഞാൻ ഒരൊറ്റ വാചകം പറഞ്ഞാൽ മൂന്നു മിനിട്ടാകുമോ ?

മി. ചെയർമാൻ : ചെയറിൽനിന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അനുവദിച്ച സമയം കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിൽനിന്ന് പറയുന്നത് അനുസരിക്കണം.

ശ്രീ. കെ. പങ്കജാക്ഷൻ : ഈ കഴിഞ്ഞ ജാനുവരി 19-ാം തീയതി നടന്ന തൊഴിലാളി പണിമുടക്ക്, ജനകീയ ബന്ത്. അത് പരാജയപ്പെടുത്തിയ തൊഴിലാളികളേയും ജനങ്ങളേയും അഭിനന്ദിക്കുന്നതിന്, എന്റെ പാർട്ടിയുടെ പേരിൽ റവല്യൂഷനറി സോഷ്യലിസ്റ്റ് പാർട്ടിയുടെ പേരിൽ ഈ ഇരിക്കുന്ന രാഷ്ട്രീയ വ്യഭിചാരത്തിന്റെ നികൃഷ്ട സന്തതി ഉൾപ്പെടെ, അവിടെയിരുന്ന് പ്രമേയം പാസാക്കി. തൊഴിലാളികളും അവരുടെ ന്യായമായ, പണിമുടക്കാനുള്ള അവകാശം ധ്വംസിക്കപ്പെടുന്നതിനെതിരെ രാജ്യവ്യാപകമായി നടത്തിയ പണിമുടക്കു സമരം ജനങ്ങളും പരാജയപ്പെടുത്തിയെന്ന് പ്രമേയം പാസാക്കിയ, പിച്ച കാശിന് തള്ളിപ്പറയാൻ തയ്യാറാകുന്ന യൂഡാസുകളെ കൂട്ടുപിടിച്ച് മന്ത്രിസഭ നിലനിറുത്തികൊണ്ട് പോകാമെന്ന് ആരെങ്കിലും വ്യാമോഹിക്കുന്നുവെങ്കിൽ അത് നടക്കുകയില്ല.

(ബഹളം)

ശ്രീ. എം. പി. ഗംഗാധരൻ : ഒരു ചോദ്യം. പിച്ചക്കാശും യൂഡാസും പറഞ്ഞതുകൊണ്ട് ചോദിക്കുന്നതാണ്. ആരും ഇൻഡ്യാ പാർട്ടിയുടെ തീരുമാനത്തിനെതിരായി ആർ. എസ്. പി. പിച്ചക്കാശ് ഉണ്ടാക്കിയത് ഓർമ്മയുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ : അത് ശ്രീ. ഗംഗാധരന് വിവരമില്ലാത്തതുകൊണ്ട് പറയുന്നതാണ്. ആർ. എസ്. പി. കേന്ദ്രനേതാക്കൻമാരുടെ സാന്നിദ്ധ്യത്തിൽ സംസ്ഥാന പാർട്ടി എടുത്ത തീരുമാനമനുസരിച്ച് കേരളാ മന്ത്രിസഭയിൽ പങ്കാളിയായതാണ്. ശ്രീ. ഗംഗാധരന് വിവരമില്ല. ഇത് അതല്ല. സംസ്ഥാന പാർട്ടിയുടെ തീരുമാനത്തിനെതിരായി, സംസ്ഥാന സമ്മേളനത്തിന്റെ തീരുമാനത്തിനെതിരായി മന്ത്രി സഭയിൽ നിന്ന് പിരിഞ്ഞുപോരണമെന്നാവശ്യപ്പെട്ട സഖാവ് ശ്രീകണ്ഠൻ നായരെക്കൊണ്ട് വിലപേശലിൽകൂടി രൂപംകൊണ്ട കാലുമാറ്റക്കാരുടെ മന്ത്രിസഭക്ക് പിന്തുണ പ്രഖ്യാപിപ്പിച്ചു.

(ബഹളം)

ഞാൻ നിറുത്തുന്നു. യൂണിവേഴ്സിറ്റി മാർക്കിന്റെ പേരിൽ കള്ളക്കച്ചവടം നടത്തിയ ഉന്നതൻമാരായ, സമൂഹത്തിലെ പൊയ്മുഖങ്ങളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി, ഇവിടത്തെ ഉദ്യോഗസ്ഥ സമൂഹത്തെ, യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥൻമാരെ, നമ്മുടെ നാട്ടിലെ സമ്പന്നരായ ആളുകളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെയും എന്റെ സുഹൃത്ത് ഉമ്മൻ ചാണ്ടിയുടെയും ശ്രീ. ജോസഫിന്റെയും പിന്തുണയോടുകൂടി ശ്രമം നടക്കുന്നു എന്ന് പറഞ്ഞാൽ അതിനേക്കാൾ കുൽസിതമായി എന്താണുള്ളത് ? അങ്ങനെയുള്ള വ്യക്തികൾ വിഹരിക്കുന്ന ഈ ഗവൺമെന്റ് ഒരു ഗവൺമെന്റല്ല. ഈ ഗവൺമെന്റിന് ഭൂരിപക്ഷം ഉണ്ടായിരുന്നില്ല. ഇന്ന് ഇല്ല. നാളെ ഭൂരിപക്ഷം ഉണ്ടാകുമെന്ന് തീർച്ചയില്ല. അങ്ങനെയുള്ള ഒരു ഗവൺമെന്റ് നമ്മുടെ രാഷ്ട്രീയ ചരിത്രത്തിൽ ഒരു വിരോധാഭാസമാണ്. ഈ വിരോധാഭാസം വച്ചുപുലർത്താൻ പാടില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ എതിർക്കുകയാണ്. അവിശ്വാസ പ്രമേയം വരുമ്പോഴത്തന്നെ എന്തോ വലിയ കാര്യമുണ്ട് അവിശ്വാസ പ്രമേയത്തിൽ, എന്ന് പ്രതീക്ഷിച്ചിരുന്നു. അവിശ്വാസ പ്രമേയാവതാരകനും അനുവാദകനും സംസാരിച്ചു കഴിഞ്ഞപ്പോൾ 'ഒരു മല എലിയെ പ്രസവിച്ചതുപോലുള്ള' പ്രതീതിയാണുണ്ടായത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സുഹൃത്തുക്കളെ വാസ്തവത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. നിങ്ങടെ കുട്ടിക്കുരങ്ങിനെക്കൊണ്ട് ചുടുചോറ് വാരിക്കേണ്ടിയിരുന്നോ ? അതുകൊണ്ടാണ് ശ്രീ. ഷൺമുഖദാസിനെകൊണ്ടുതന്നെ അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ മാർക്സിസ്റ്റ് സുഹൃത്തുക്കൾ മുൻകൈ എടുത്തത്. അതോടൊപ്പം അതിനെ പിൻതാങ്ങിയ കക്ഷിയുടെ നേതാവ്—ശ്രീമാൻ പങ്കജാക്ഷന്റെ പാർട്ടിയുടെ നിലയെക്കുറിച്ച് ഞാൻ പിന്നീട് പറയാം. ശ്രീ. ഷൺമുഖദാസ് കാലുമാറുന്നതിനെപ്പറ്റി, അതുപോലെതന്നെ കക്ഷി മാറുന്നതിനെപ്പറ്റിയൊക്കെ ധാരാളം കാര്യങ്ങൾ പറയുന്നത് കേട്ടു. കാലുവാരലിന്റെ രാജാവല്ലേ ശ്രീ. ഷൺമുഖദാസ് ? ഞങ്ങൾ ഒന്നായിരുന്ന കാലത്ത്, ഞാനും ശ്രീ. ഷൺമുഖദാസും ശ്രീ മൊയ്തീനുമൊക്കെ ഒന്നായിരുന്ന കാലത്ത്, അദ്ദേഹം ജില്ലാ കോൺഗ്രസ് പാർട്ടി സെക്രട്ടറിയായിരുന്ന കാലത്ത് പാർട്ടിക്കകത്തുതന്നെ കുതികാൽവെട്ടി, കാലുമാറിയ പാരമ്പര്യമുള്ള ശ്രീ. ഷൺമുഖദാസ് കാലുവാരലിനെപ്പറ്റി പറയുമ്പോൾ അൽഭുതം തോന്നുന്നു. ഈ പ്രാവശ്യം ശ്രീ. ബേബിജോണിന്റെ നേതൃത്വത്തിലുള്ള ആർ. എസ്. പി. ക്ക് കച്ചവടം നഷ്ടമാണ്. ഏത് ഭരണം വന്നാലും ആർ. എസ്. പി. ഉണ്ടാകും. ഈ പ്രാവശ്യം ഇത്തരത്തിലൊരു ഭരണമുണ്ടാകുമെന്ന് മുൻകൂട്ടി കണ്ടില്ല. അതിലുള്ള വെപ്രാളമാണ് ശ്രീ. പങ്കജാക്ഷൻ അവിശ്വാസ പ്രമേയത്തെ പിൻതാങ്ങി സംസാരിച്ചപ്പോൾ കാണാൻ കഴിഞ്ഞത്.

ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. പ്രതിപക്ഷത്തിന്റെ ഏറ്റവും വലിയ വാദം ഗവർണ്ണർ ഭൂരിപക്ഷമില്ലാത്ത ഒരു കക്ഷിയെ, മുന്നണിയെ അധികാരത്തിൽ ഏറ്റിയിരിക്കുന്നു എന്നുള്ളതാണ്. ഭരണഘടനയിൽ വ്യവസ്ഥ ഉണ്ട്. ഭരണഘടനയിൽ ഭൂരിപക്ഷത്തെക്കുറിച്ച് ഗവർണ്ണർക്ക് സബ്ജക്ടീവ് സാറ്റിസ്ഫാക്ഷൻ ഉണ്ടായാൽ മതിയെന്നാണ് പറയുന്നത്.

(ബഹളം)

ഗവർണ്ണറെ സംബന്ധിച്ചിടത്തോളം ഭൂരിപക്ഷം ഗവർണ്ണർക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ശ്രീമാൻ കരുണാകരനെ മുഖ്യമന്ത്രിയായി ഗവൺമെന്റുണ്ടാക്കാൻ ക്ഷണിച്ചിട്ടുള്ളത്. ഭൂരിപക്ഷത്തെക്കുറിച്ചുള്ള സംശയം തെളിയിക്കേണ്ടത് എവിടെ വച്ചാണ്? നിയമസഭയിൽ വച്ചാണ്. അല്ലാതെ അങ്ങാടിയിൽവച്ചും, നേതാക്കൻമാരുടെ പ്രസ്താവനകളും വച്ചുമല്ല. ഇവിടെ ഗവർണ്ണറുടെ നന്ദിപ്രമേയത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴത്തന്നെ, മഹത്തായ ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുന്ന ആളുകളും ഇപ്പുറത്തിരിക്കുന്നതുകൊണ്ടാണ് നന്ദിപ്രമേയചർച്ച മാറ്റിവച്ച് ആദ്യമായി അവിശ്വാസ പ്രമേയത്തിന്റെ ചർച്ച എടുക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സഭാനേതാവ് തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ചർച്ച നടക്കുന്നത്. ചർച്ചയുടെ അടിസ്ഥാനത്തിൽ നാളെ വോട്ടിംഗ് നടക്കും. വോട്ടിംഗ് നടക്കുമ്പോൾ.....

(ബഹളം)

<u>ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ</u> : ഒരു പോയിന്റ് ഓഫ് ഓർഡർ : ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ഇപ്പോൾ സംസാരിച്ചപ്പോൾ പറഞ്ഞു ഇവിടെ ഗവർണ്ണർക്കുള്ള നന്ദിപ്രമേയം മാറ്റിവച്ച് അവിശ്വാസപ്രമേയം ആദ്യമായി ചർച്ച ചെയ്യാം എന്നുള്ള തീരുമാനം സഭാനേതാവ് എടുത്തു എന്ന്. ഇവിടെ സ്പീക്കറാണ് ആ തീരുമാനം എടുത്തിട്ടുള്ളത്. അതുകൊണ്ട് സഭാനേതാവ് ആ തീരുമാനം എടുത്തു എന്നു പറഞ്ഞത് ഈ സഭയേയും സ്പീക്കറേയും അവഹേളിക്കലാണ്. അതു പിൻവലിക്കണം. അത് ഓർഡറില്ല.

<u>മിസ്റ്റർ ചെയർമാൻ</u> : അദ്ദേഹം പ്രസംഗമദ്ധ്യേ ഒരു അഭിപ്രായം പറഞ്ഞതാണ് അങ്ങനെ പല അംഗങ്ങളും അഭിപ്രായപ്രകടനം നടത്തുന്നുണ്ട്.

<u>ശ്രീ. കെ. രാമചന്ദ്രൻ മാസ്റ്റർ</u> : ഈ അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയുടെ അവസാനത്തിൽ വോട്ടിംഗ് നടക്കും, വോട്ടിംഗ് നടക്കുമ്പോൾ അവിടെയാണ് ഭൂരിപക്ഷം ഉണ്ടോ ഇല്ലയോ എന്ന് തെളിയിക്കാനുള്ള അവസരം. അവിടെ വച്ചു തെളിയിക്കണം. അല്ലാതെ ഇവിടെ ഭൂരിപക്ഷമില്ല, ഭൂരിപക്ഷമില്ലാത്ത സർക്കാരിനെയാണ് ഇവിടെ അധികാരത്തിൽ കൊണ്ടുവന്നിരിക്കുന്നത് എന്നു പറയുന്നത് ശരിയല്ല. ഭൂരിപക്ഷം തെളിയിക്കാനുള്ള മാനദണ്ഡം എന്താണ്? സർക്കാർ സത്യപ്രതിജ്ഞ ചെയ്തതിനുശേഷം മാസങ്ങളോളം നിയമസഭ വിളിച്ചുകൂട്ടുന്നത് നിറുത്തിവച്ചാൽ മനസ്സിലാക്കാം. നേരെമറിച്ച് ദിവസങ്ങൾ കഴിയുന്നതിനുമുമ്പ് നിയമസഭ വിളിച്ചുകൂട്ടി മന്ത്രിസഭയ്ക്ക് ഭൂരിപക്ഷം ഉണ്ടോ ഇല്ലയോ എന്ന് തെളിയിക്കാനുള്ള അവസരം ഉണ്ടാക്കിയിരിക്കുകയാണ്. ഇവിടെ മറ്റു പല പരാമർശങ്ങളും ഉണ്ടായി. കാസ്റ്റിംഗ് വോട്ടിനെപ്പറ്റി പല സുഹൃത്തുക്കളും സംസാരിച്ചു. കാസ്റ്റിംഗ് വോട്ടിനെക്കുറിച്ചൊക്കെ ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അതിനെക്കുറിച്ച് വിശദമായി സംസാരി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ട ആവശ്യമില്ല. ഭരണഘടനാ വിദഗ്ധൻമാർ വളരെ മുൻകൂട്ടി കണ്ടു കൊണ്ടു തന്നെയാണ് കാസ്റ്റിംഗ് വോട്ടിനെക്കുറിച്ച് ഭരണഘടനയിൽ പറഞ്ഞിട്ടുള്ളത്. അതിനെക്കുറിച്ച് കൂടുതൽ സംസാരിക്കാൻ ഞാൻ ഈ അവസരത്തിൽ ഉദ്ദേശിക്കുന്നില്ല.

ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം ഒരു സർക്കാർ നിലം പതിച്ചാൽ മറ്റു കക്ഷികൾക്ക് സർക്കാർ ഉണ്ടാക്കാനുള്ള അവസരം കൊടുക്കേണ്ട ചുമതല ഗവർണ്ണർക്കാണ്. അത് ഗവർണ്ണർ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഇവിടെ സർക്കാർ ഉണ്ടായിരിക്കുന്നു. ന്യൂനപക്ഷ മന്ത്രിസഭയെക്കുറിച്ചൊക്കെ വലിയ അലർജിയാണ് എന്റെ സുഹൃത്തുക്കൾക്ക്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സുഹൃത്തുക്കളോട് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്, നിങ്ങൾക്ക് ഇപ്പോൾ ന്യൂനപക്ഷമന്ത്രിസഭയോട് അലർജിയാണ് അല്ലേ? ആസ്സാമിൽ മന്ത്രിസഭ സസ്പെൻറു ചെയ്തു നിർത്തി. തൈമൂർ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം തൈമൂർ മന്ത്രിസഭയ്ക്ക് എതിരായി അവിശ്വാസ പ്രമേയം വന്നപ്പോൾ ആ അവിശ്വാസ പ്രമേയത്തിനെതിരായ നിലപാടല്ലേ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സുഹൃത്തുക്കൾ അവിടെ സ്വീകരിച്ചത്? നിങ്ങൾക്ക് പറയാൻ എന്താണവകാശം. പ്രതിപക്ഷം പറയുന്നത് ഇപ്പോൾ നിയമസഭ പിരിച്ചുവിടണമെന്നാണ്. 1979-ൽ പ്രതിപക്ഷം സമരം ചെയ്തത് നിയമസഭ പിരിച്ചുവിട്ട ഗവർണ്ണർക്കെതിരായിട്ടാണ്. ഇപ്പോൾ പ്രതിപക്ഷം പറയുന്നത് നിയമസഭ പിരിച്ചുവിട്ടില്ല എന്നാണ്. അന്ന് പിരിച്ചുവിട്ടപ്പോൾ സമരം ഇന്ന് പിരിച്ചുവിടാത്തപ്പോൾ സമരം. എന്തൊരു വിരോധാഭാസമാണ്. ബദൽ മന്ത്രിസഭയ്ക്ക് ഒക്കെ നിങ്ങൾ എതിരാണോ? സി. പി എം. എതിരാണോ? അപ്പുറത്തിരിക്കുന്ന ഏതെങ്കിലും കക്ഷികൾ എതിരാണോ? ബദൽ മന്ത്രിസഭ ഉണ്ടാക്കിയത് വലിയ പാതകമായിപ്പോയി എന്നാണ് പറയുന്നത്. 1979-ൽ ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ്കോയ മുഖ്യമന്ത്രിപദം രാജിവച്ചപ്പോൾ മന്ത്രിസഭ ഉണ്ടാക്കാനുള്ള ശ്രമം നടത്തിയില്ലേ? സി. പി. എം. നു എതിർത്തു പറയാൻ കഴിയുമോ അതിൽ പരാജയപ്പെട്ടതിനുശേഷമല്ലേ ആ ഏർപ്പാടിൽനിന്ന് പിൻവാങ്ങിയത്? സി. പി. എം. കാർക്ക് ഭരണം പോയ വെപ്രാളമാണ്. ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിന്റെ ഒരു പ്രസ്താവനയുണ്ട്. ശങ്കരൻ നമ്പൂതിരിപ്പാടു പറയുന്നത് മുഖ്യമന്ത്രിയും ഗവർണ്ണറും രാജിവയ്ക്കണം എന്നാണ്. എന്തിനാണ് രാജിവയ്ക്കുന്നത്. ഗവർണ്ണർ എന്തിനാണ് രാജിവയ്ക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഗവർണ്ണർക്ക് സബ്ജക്റ്റീവ് സാറ്റിസ്ഫാക്ഷൻ മതി. പിന്നെ മുഖ്യമന്ത്രി രാജിവയ്ക്കേണ്ട. അദ്ദേഹത്തിന്റെ പിന്തുണ ഇവിടെ തെളിയിക്കാൻ പോവുകയാണ്. ആ കാര്യങ്ങളെക്കുറിച്ചൊന്നും ആർക്കും സംശയം വേണ്ട. ശങ്കരൻ നമ്പൂതിരിപ്പാടിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞുകൊടുക്കണം. ശങ്കരൻ നമ്പൂതിരിപ്പാടിന് വയസ്സൈതയായിയെന്ന് കൃത്യമായി അറിയില്ല. പ്രായം കൂടുതലായില്ലേ. പിച്ചും പേയുമൊക്കെ പറയാൻ തുടങ്ങിയിരിക്കുകയാണ്. ഗവർണ്ണർ എന്തിന് രാജിവയ്ക്കണം, മുഖ്യമന്ത്രി എന്തിന് രാജിവയ്ക്കണം. അതിന്റെ ആവശ്യമെന്താണ്?

നിങ്ങൾക്ക് എന്തെങ്കിലും കാര്യത്തിൽ ആദർശനിഷ്ഠയുണ്ടോ? നിങ്ങൾ കാലുവാരലിനെപ്പറ്റിയും കൂറുമാറ്റത്തെപ്പറ്റിയുമൊക്കെ പറയുന്നുണ്ടല്ലോ? ഈ കഴിഞ്ഞ 33 വർഷക്കാലമായി ഈ രാജ്യത്തെ എല്ലാ അപകടങ്ങൾക്കും ഉത്തരവാദി കോൺഗ്രസ്സാണെന്നു പറഞ്ഞ്. 1980-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ ത്രിവർണ്ണ പതാകയല്ലേ കുട്ടിസഖാക്കളുടെ കൈയ്യിലേക്ക്

എടുത്തുകൊടുത്തത്. ഭരണമെന്നു കേൾക്കുമ്പോൾ മാർക്സിസ്റ്റുകാരെ സംബന്ധിടത്തോളം ഒരു വെപ്രാളമാണ്. ശ്രീ നായനാരൊക്കെ ഇപ്പോൾ ഖേദിച്ചിരിക്കുകയാണ്. മന്ത്രിസ്ഥാനം പോയതുകൊണ്ട് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയെസംബന്ധിച്ചിടത്തോളം ഭരണമെന്ന് കേൾക്കുമ്പോൾ മത്താണ്. ഭരണത്തിന്റെ സുഖസൗകര്യങ്ങൾ അനുഭവിച്ച 57-നു ശേഷം എങ്ങനെയെങ്കിലും ഭരണത്തിൽ കയറണം. അതിന് തത്വദീക്ഷയൊന്നും ഇല്ല. അതിന് ആദർശനിഷ്ഠയൊന്നും ഇല്ല. എന്തു വൃത്തികെട്ട കൂട്ടുകെട്ടും ഉണ്ടാക്കും, അപ്പോൾ പുതിയ ഒരു പരിവേഷം കൊടുക്കും. പിന്നെ ഒരു കാര്യം : നമ്പൂതിരിപ്പാട് ഏതൊക്കെ പാർട്ടിയിൽ തൊട്ടുപോ അതൊക്കെ ശുദ്ധം. പണ്ടൊരു പഴഞ്ചൊല്ലുണ്ട് ''തൈലാദിവസ്തുക്കളശുദ്ധമായാൽ പൗലോസു തൊട്ടാലതു ശുദ്ധമാകു''മെന്ന്. നമ്പൂതിരിപ്പാട് ഏതൊക്കെ പാർട്ടിയെ തൊട്ടോ ആ പാർട്ടികളൊക്കെ ഇടതുപക്ഷം. നമ്പൂതിരിപ്പാട് കൈ എടുത്താൽ അതൊക്കെ വലതുപക്ഷം. എന്തിനാണ് ഈ ഏർപ്പാട് നടത്തുന്നത്. മറ്റു പാർട്ടികളെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി ഭരിച്ച കാലഘട്ടത്തിലൊക്കെ അതിന്റെ രുചി നുണഞ്ഞതാണ്.

അഴിമതിയെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. അഴിമതി എന്നുള്ള വാക്ക് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സന്തതസഹചാരിയാണ്; മുഖമുദ്രയാണ്. 1957-ൽ ആന്ധ്രയിൽ കുംഭകോണം, 1967-ൽ എം. കെ. കൃഷ്ണന്റെ വനം കുംഭകോണം, 1980 വന്നപ്പോൾ എകസൈസ് കുംഭകോണം. ഇതൊക്കെയല്ലേ നിങ്ങളുടെ ഏർപ്പാട്? ഭരണത്തിനുവേണ്ടി നിങ്ങൾ എന്തു വൃത്തികേടുകളും ചെയ്യും. എന്തിനാണ് നിങ്ങളെയൊക്കെ പറയുന്നത്. നിങ്ങൾ ഉറപ്പുള്ള പാർട്ടിയാണോ? ആൻറണിയെ പിടിച്ചു നിർത്തുന്നതിനു വേണ്ടി മുന്നണിയെപ്പിടിച്ചു നിർത്തുന്നതിനുവേണ്ടിമാത്രം സ്വന്തം പാർട്ടിയുടെ മുഖപത്രമായ ദേശാഭിമാനി എഴുതിയ മുഖപ്രസംഗം പിൻവലിച്ച് മാപ്പ് പറഞ്ഞ നാണംകെട്ട, നെറികെട്ട, പാർട്ടിയല്ലേ നിങ്ങളുടേത്? എന്തിനായിരുന്നു ആ നാണക്കേട്. ഇതുമാത്രമാണോ? ആൻറണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് മുന്നണിയിൽനിന്നു വിട്ടുപോയതിനുശേഷം എന്തൊക്കെ വിലാപം നടത്തി നിങ്ങൾ? നമ്പൂതിരിപ്പാടിന്റെ വിലാപം, പോളിറ്റ് ബ്യൂറോയുടെ വിലാപം, തിരിച്ചുവരണമെന്നാണ്. തിരിച്ചുവരണമെന്നു പറഞ്ഞതിനു എന്താണ് കാരണമെന്ന് അറിയാമോ? അതിനുശേഷം എന്തു സംഭവിച്ചു എന്ന് അറിയാമോ? സി. ഐ. റ്റി. യു. എന്ന തൊഴിലാളി പ്രസ്ഥാനം ചെയ്ത തെമ്മാടിത്തരത്തിനും കൊള്ളരുതായ്മകൾക്കും എതിരാണ് ശ്രീമാൻ ആൻറണിയുടെ നേതൃത്വത്തിലുള്ള പാർട്ടിയെന്ന് മനസ്സിലാക്കിയപ്പോൾ മാർക്സിസ്റ്റു പാർട്ടി കെട്ടിപ്പടുക്കാൻ അഹോരാത്രം പാടുപെട്ട, സ്വന്തം അദ്ധ്വാനത്തിന്റെ ചില്ലിത്തുട്ടുകൾ എറിഞ്ഞുകൊടുത്ത് ആ പാർട്ടിയിലെ ആളുകളെ മന്ത്രിമാരും എം. എൽ. എ മാരും ആക്കിയ തൊഴിലാളി പ്രസ്ഥാനത്തിൽ തങ്ങളുടെ പാർട്ടിയുമായി പുലബന്ധംപോലും ഇല്ലെന്ന് പറഞ്ഞ്, ജാരസന്തതികളാണെന്ന് പറഞ്ഞ് ആക്ഷേപിച്ച നിങ്ങൾ നിങ്ങളുടെ തന്തമാരെ തള്ളിപ്പറയുകയില്ലേ? നിങ്ങൾ സി. ഐ. റ്റി. യു. എന്ന തൊഴിലാളി പ്രസ്ഥാനത്തെ തള്ളിപ്പറഞ്ഞില്ലേ? എന്തിനാണെന്നറിയാമോ? അധികാരം കിട്ടുന്നതിനുവേണ്ടി. അധികാരം കിട്ടുന്നതിനുവേണ്ടി ആൻറണി തിരിച്ചുവരണം. സി. ഐ. റ്റി. യു. ക്കാരോടാണ് ആൻറണിക്ക് എതിർപ്പ് സി ഐ. റ്റി. യു. വിന്റെ തെമ്മാടിത്തത്തോടാണ് എതിർപ്പ്. അതുകൊണ്ട് ആൻറണി തിരിച്ചു വരണം. വീണ്ടും ഭരണത്തിന്റെ സൗകര്യങ്ങൾ അനുഭവിക്കണം. വീണ്ടും ഭരണത്തിന്റെ മുന്തിരിച്ചാറ് മോന്തിക്കുടിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഷൺമുഖദാസിന്റെ നേതാവ് പറഞ്ഞിട്ടുള്ളത് എന്താണെന്ന് അറിയാമോ ? (ബഹളം) മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എതിരായി ഷൺമുഖദാസിന്റെ നേതാവ് പ്രിയരഞ്ജൻദാസ് മുൻഷി അഖിലേന്ത്യാ (എസ്) കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റി മെമ്പർ, അദ്ദേഹം പറയുന്നു മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരായിട്ടുള്ള പോരാട്ടം ബംഗാളിൽ താൻ സർവ്വശക്തിയും ഉപയോഗിച്ച് തുടരുകതന്നെ ചെയ്യുമെന്ന്. ബംഗാളിൽ ഡി. സി. സി. പ്രസിഡന്റ് പ്രിയരഞ്ജൻദാസ് മുൻഷി പ്രസ്താവിച്ചു, ഞാൻ ഒരു കോൺഗ്രസ്സുകാരനാണ്, യഥാർത്ഥ കോൺഗ്രസ്സുകാരൻ. ഗാന്ധിയൻ തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരു കോൺഗ്രസ്സുകാരനു് ഒരിക്കലും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയെ അനുകൂലിക്കാൻ ഒക്കുകയില്ല. എന്റെ രാഷ്ട്രീയ ജീവിതത്തിന്റെ തുടക്കംമുതൽതന്നെ മാർക്സിസ്റ്റുകാരോട് വിരോധമായിരുന്നു എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അവരുടെ പിന്നാലെ മാർക്സിസ്റ്റുകാർ നടക്കുകയാണ്. അവസാനം ആൻറണി തിരിച്ചുവരണമെന്നു പറഞ്ഞു. ആൻറണി തിരിച്ചുപോയില്ല. ചന്തുമേനോന്റെ നോവലിൽ പ്രസിദ്ധമായ ഒരു കഥാപാത്രമുണ്ട് സൂര്യൻ നമ്പൂതിരിപ്പാട്. പുതിയ ഒരു സൂര്യൻ നമ്പൂതിരിപ്പാട് കേരളത്തിൽ ഏലംകുളം മനയ്ക്കലെ സൂര്യൻ നമ്പൂതിരിപ്പാട്. ആ നമ്പൂതിരിപ്പാട് ആൻറണിയുടെ പിന്നാലെ പോയി. ആൻറണി വഴങ്ങിയില്ല. ഇന്ദുലേഖയെ കിട്ടിയില്ലെങ്കിലും ദാസിയെ കിട്ടിയാൽ മതി എന്നു പറഞ്ഞ മാതിരി ആൻറണി തിരിച്ചുപോകാതെ വന്നപ്പോൾ ഷൺമുഖദാസിനെ സ്വീകരിച്ചിരിക്കുകയാണ്. ഇത്ര നെറികെട്ട ഒരു പാർട്ടിയുണ്ടോ ? ഈ പാർട്ടിയാണ് ഈ കാര്യങ്ങൾ ഒക്കെ പറയുന്നത്. അതുകൊണ്ട് ഈ അവിശ്വാസ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

പ്രൊ. സി. ബി. സി. വാര്യർ : സർ, സമയത്തിന്റെ നിഷ്ഠ ഒരു വശത്തേയ്ക്കുമാത്രം ചെയർ നിഷ്ഠ്കർഷിക്കുന്നതു ശരിയല്ല. 11 മിനിറ്റ് എന്നു പറയുന്നത് 4 മിനിട്ട് അധികമായി. 15 മിനിട്ടായി ആ പാർട്ടിയുടെ സമയത്തിൽ അതു കുറയ്ക്കണം.

മി. ചെയർമാൻ : പ്രൊ. സി. ബി. സി. യുടെ പരാമർശനം ശരിയല്ല. അദ്ദേഹത്തിനു നൽകിയത് 11 മിനിട്ടാണ്. 11–37നാണ് അദ്ദേഹം തുടങ്ങിയത്. കൃത്യസമയത്തുതന്നെ നിറുത്താൻ ആവശ്യപ്പെട്ടു. പ്രൊ. സി. ബി. സി. യോട് പ്രസംഗിക്കാനും ആവശ്യപ്പെട്ടു. നിറുത്താതെ പ്രസംഗം മുന്നോട്ടു കൊണ്ടുപോയാൽ പിടിച്ചിരുത്താൻ ചെയറിന് അധികാരമില്ല.

പ്രൊ. സി. ബി. സി. വാര്യർ : സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി അനുകൂലിക്കുന്നു. സർ, ഈ ഗവൺമെൻറിന് രാഷ്ട്രീയമായും ഭരണഘടനാപരമായും നിയമപരമായും അധികാരത്തിൽ ഒരു നിമിഷംപോലും തുടരാൻ അവകാശമില്ല. സർ, 1980 ജനുവരി 22-ന് നടന്ന തെരഞ്ഞെടുപ്പിൽ നമ്മുടെ സംസ്ഥാനത്തെ ബഹുഭൂരിപക്ഷംവരുന്ന ജനങ്ങൾ ശ്രീമാൻ കരുണാകരൻ പ്രതിപക്ഷത്തിരിക്കണമെന്നാണ് തീരുമാനിച്ചത്. അതിന് അദ്ദേഹം അന്ന് തട്ടിക്കൂട്ടി ഉണ്ടാക്കിയ, പ്രത്യേകിച്ച് പരിപാടിയൊന്നുമില്ലാത്ത മുന്നണിക്ക് 141-ൽ 41 സീറ്റു മാത്രമാണ് നൽകിയത്. അദ്ദേഹത്തിന്റെ പാർട്ടിക്ക് 17 സീറ്റുകളാണ് നൽകിയത്. അതിനുപരി നമ്മുടെ രാജ്യത്തെ രാഷ്ട്രീയ സാമ്പത്തിക പശ്ചാത്തലത്തിലെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് രൂപംകൊണ്ട ഇടതുപക്ഷ ജനാധിപത്യമുന്നണി വരുന്ന അഞ്ച് കൊല്ലക്കാലം ഈ സംസ്ഥാനം ഭരിക്കണമെന്നാണ് ജനങ്ങൾ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

93 സീറ്റുകളും നൽകി. ലക്ഷക്കണക്കിനു വോട്ടുകളും നൽകി, എന്നാൽ ഈ ജനവിധിയ്ക്കു ഇടയാക്കിയ സാഹചര്യങ്ങളെ സംബന്ധിച്ച്, ആ വിധിയിലേയ്ക്കു ജനങ്ങളെ നയിക്കാൻ ഇടയാക്കിയ സാഹചര്യങ്ങളെ സംബന്ധിച്ച് ഞാൻ എന്റെ ഭാഷയിൽ പറയുന്നില്ല. ശ്രീ. എ. കെ. ആന്റണിയും ശ്രീ. കെ. എം. മാണിയും 1980 ജനുവരിയിലെ തെരഞ്ഞെടുപ്പിനുമുമ്പ് തിരുവനന്തപുരം റേഡിയോവിലൂടെ കേരളത്തിലെ ജനങ്ങളെ അഭിസംബോധന ചെയ്തതു ഇന്നും പത്രത്തിൽ അച്ചടിച്ചതു കിടക്കുന്നുണ്ട്. സമയക്കുറവു കൊണ്ട് വിശദമായി ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. ശ്രീമാൻ ആന്റണി അന്ന് ഇൻഡ്യയിലെ സാധാരണക്കാരായ ജനകോടികളുടെ രണ്ടു ശത്രുക്കളായ ഏകാധിപത്യ ശക്തികളേയും വർഗ്ഗീയ ശക്തികളേയും പരാജയപ്പെടുത്തുക എന്നതാണ് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും ജനങ്ങളുടെയും മുമ്പിലുള്ള കടമയെന്ന് പറഞ്ഞു. അദ്ദേഹം അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനം പറഞ്ഞു "നമ്മുടെ നാട്ടിന്റെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കാൻ പോകുന്ന ഒരു മുന്നണി കേരളത്തിൽ രൂപം കൊണ്ടിരിക്കുന്നു. ഇൻഡ്യയ്ക്കാകെ മാതൃകയായി മാറാൻ കഴിയുന്ന ഈ ജനാധിപത്യ പരീക്ഷണം വിജയിക്കേണ്ടതു കാലാവശ്യമാണ്. അവശത അനുഭവിക്കുന്ന ജനകോടികളുടെ മോചനത്തിനു മാർഗ്ഗമൊരുക്കാൻ കഴിയുന്ന ഈ രാഷ്ട്രീയ ശക്തിയ്ക്കു കേരളത്തിലെ പ്രബുദ്ധരായ ജനങ്ങളും ആവേശപൂർവ്വം പിൻതുണ നൽകുമെന്നു എനിക്കു ഉറപ്പുണ്ട്".

സർ, ഈ അഭിലാഷത്തിനു അനുസരണമായി തന്നെ ജനങ്ങളും തീരുമാനമെടുത്ത് ലക്ഷക്കണക്കിനു വോട്ടുകളും നൽകി, ബഹുഭൂരിപക്ഷം നൽകി. സർ, ഈ ജനവിധിയെ ഏതാണ്ട് ഇതിനെക്കാളും ശക്തിയായ ഭാഷയിൽ ശ്രീമാൻ കെ. എം. മാണി പറഞ്ഞു. അദ്ദേഹം പറഞ്ഞു, കേരളത്തിലെ അദ്ധ്വാനിക്കുന്ന വിഭാഗത്തിന്റെ ആകെ താൽപര്യം സംരക്ഷിക്കാൻ, ജനാധിപത്യം സംരക്ഷിക്കാൻ ഇത്തരമൊരു സംവിധാനം കൊണ്ടുമാത്രമേ കഴിയൂ എന്ന്. സർ, ഒരു കാര്യം പറയണമല്ലോ. അദ്ദേഹം കാലുവാരി, ജനവഞ്ചന നടത്തി അപ്പുറത്തേയ്ക്കു പോയെങ്കിലും ആ മുന്നണി പലതും ചെയ്തുവെന്ന് സമ്മതിക്കുന്നുണ്ട്. അത്തരത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി നയങ്ങളും പരിപാടികളും വച്ചുകൊണ്ട് ജനങ്ങളോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളും നൽകിയ വോട്ടുകളും വാങ്ങിയാണ് ഇന്ന് അപ്പുറത്തിരിക്കുന്ന ശ്രീ. കരുണാകരനോടൊപ്പം 26 മെമ്പറൻമാർ ഇരിക്കുന്നത്. ആ മെമ്പറൻമാർക്ക് ജനങ്ങളും നൽകിയ ജനവിധി കരുണാകരന്റെ നയങ്ങളും സംസ്ഥാനത്ത് നടപ്പാക്കാനല്ല. ഇന്ത്യൻ ജനാധിപത്യത്തെ കടപുഴക്കി എറിഞ്ഞുകൊണ്ട് ഇൻഡ്യൻ പാർലമെന്ററി ജനാധിപത്യത്തെ തകർത്തുകൊണ്ട് സോഷ്യലിസ്റ്റ് ഏകാധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്ന ഇന്ദിരാകോൺഗ്രസ്സിന്റെ സോഷ്യലിസ്റ്റ് ഏകാധിപത്യ രാഷ്ട്രീയത്തിനെതിരായി നൽകിയ വോട്ടുകളാണ് അത്. ഇടതുപക്ഷ ജനാധിപത്യത്തിന്റെ പ്രസക്തി നശിച്ചുവെന്നാണോ അഭിപ്രായം, അപ്പുറത്തു പോയവർക്ക് ? അതോ സോഷ്യലിസ്റ്റ് ഏകാധിപത്യത്തിന്റെയും വംശാധിപത്യത്തിന്റെയും മാർഗ്ഗം ഉപേക്ഷിച്ച് തനി ജനാധിപത്യത്തിന്റെ മാർഗ്ഗം ശ്രീമതി ഇന്ദിരാഗാന്ധിയും ഇന്ദിരാഗാന്ധിയുടെ അനുയായികളായ ഇന്ദിരാകോൺഗ്രസ്സുകാരും സ്വീകരിച്ചു എന്നാണോ അഭിപ്രായം ? ഇൻഡ്യൻ സമ്പദ് ഘടനയ്ക്കു രൂപം കൊടുക്കുന്ന അവസരത്തിൽ ഇന്ത്യയിൽ അവർ സ്വീകരിക്കുന്ന നയം ഇൻഡ്യയിലെ ജനങ്ങളെ ഇൻഡ്യയിലെ കൃഷിക്കാരെ പാപ്പരാക്കുന്ന നയത്തിൽനിന്നു മാറി എന്നാണോ അഭിപ്രായം ?

LIBRARY ARCHIVES Kerala Legislative Assembly

സർ, അന്ന് സോഷ്യലിസ്റ്റ് ആധിപത്യം ഒരു ഭീഷണിയായിരുന്നെങ്കിൽ ഇന്ന് ഒരു യാഥാർത്ഥ്യമാണ്. സോഷ്യലിസ്റ്റ് ആധിപത്യ ശക്തികൾ വീണ്ടും അധികാരത്തിൽ വരാൻ ഒരുങ്ങുന്ന അവസരത്തിലാണ് ഈ മുന്നണി ഉണ്ടായതെങ്കിൽ അത് അധികാരത്തിൽവന്ന പശ്ചാത്തലത്തെ നേരിട്ടുകൊണ്ടാണ് നാം അന്ന് വമ്പിച്ച വിജയം നേടിയതെങ്കിൽ ഇന്ന് ആ സോഷ്യലിസ്റ്റ് ആധിപത്യ വീണ്ടും അധികാരത്തിൽ വന്ന് മാസങ്ങളായി സോഷ്യലിസ്റ്റ് ആധിപത്യത്തിലേയ്ക്കു നീങ്ങുന്നു എന്നു തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. അത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ ? ശ്രീ. ആര്യാടൻ മുഹമ്മദ് അവിടെ ഇരിപ്പുണ്ട്. സോഷ്യലിസ്റ്റ് ആധിപത്യത്തിന്റെ തനി സ്വരൂപമാണ് അവശ്യസർവ്വീസ് സംരക്ഷണ നിയമമെന്ന് കഴിഞ്ഞ ആഗസ്റ്റ് സമ്മേളനത്തിന്റെ അവസാന ആഴ്ചയിൽ ഇവിടെ പറഞ്ഞത്. ആര്യാടൻ മറന്നുകാണുമെങ്കിലും ഇവിടത്തെ പ്രൊസീഡിംഗ്സിൽ അതു തെളിഞ്ഞുകിടപ്പുണ്ട്. അവശ്യ സർവ്വീസ് സംരക്ഷണനിയമം പിൻവലിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. മാണിയും ശ്രീ. ഉമ്മൻ ചാണ്ടിയും അടക്കമുള്ള ആളുകളും ഞങ്ങളോടൊപ്പം എഴുന്നേറ്റുനിന്ന് ഇവിടെ പ്രമേയം പാസ്സാക്കിയതാണ്.

ശ്രീ. പി. കെ. ശ്രീനിവാസൻ : ഉമ്മൻചാണ്ടി മാറിയെങ്കിലും അദ്ദേഹത്തിന്റെ ഭാര്യ മറിയാമ്മ അതിൽ ഉറച്ചുനിന്ന് 19-ാംതീയതിയിലെ പണിമുടക്കിൽ പങ്കെടുത്ത വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. സി. ബി. സി. വാര്യർ : അതാണ് ഞാൻ സൂചിപ്പിക്കാൻ വന്നത്. അദ്ദേഹത്തിന്റെ ഭാര്യ അടക്കം ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം കേരള സംസ്ഥാനത്തിന് ആവശ്യമാണെന്നതിൽ കേരളത്തിലെ ആ ജനവിഭാഗം മുഴുവൻ ഉറച്ചുനിൽക്കുന്നു. കൂടുതൽ ജനവിഭാഗങ്ങളും അതിലേയ്ക്കു വരുന്നു. ആ സമയത്ത് കൈയിൽകിട്ടിയ സമ്മതിദാനാവകാശവുമായി അവസരവാദപരമായി ശ്രീ. മാണിയും കൂട്ടരും ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും ശിവദാസൻ എന്നു പറയുന്ന ഒരു പ്രത്യേക വസ്തുവും അപ്പുറത്തേയ്ക്കു പോയി എന്നുള്ളതാണ് വസ്തുത. അതേക്കുറിച്ച് അതിൽ കൂടുതൽ പറയാനില്ല.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ആ പരാമർശം ഓർഡറിലാണോ ? ഇത് ഓർഡറിലാണെങ്കിൽ ഇതിനേക്കാളും കൂടുതൽ ഞാൻ അദ്ദേഹത്തെ പറയും ഇവിടെ കക്ഷികളുടെ ഏകാധിപത്യത്തിന് വ്യക്തികളെ വഴങ്ങിപ്പിക്കാനാണ് അവർ ശ്രമിക്കുന്നത്. അവരുടെ ഏകാധിപത്യത്തിന് വഴങ്ങാനല്ല ഇവിടെ വന്നിരിക്കുന്നത്. ഇവിടെ നിയമവാഴ്ച നടക്കണം. അതുകൊണ്ട് ഇത് സഭാനടപടിയിൽനിന്ന് നീക്കം ചെയ്യണം. ഇതിന് റൂളിംഗ് വേണം.

മി. ചെയർമാൻ : പ്രസംഗത്തിനിടയിൽ ഉണ്ടാകുന്ന പരാമർശനം കഴിയുന്നിടത്തോളം നമ്മുടെ സഭയുടെ അന്തസിന് ചേരുന്ന വിധത്തിൽ നടത്തിയാൽ മതി. ഇപ്പോഴും അദ്ദേഹം നടത്തിയ പരാമർശനം നീക്കം ചെയ്യേണ്ടതില്ല.

ശ്രീ. സി. ബി. സി. വാര്യർ : സർ, ഞാൻ അദ്ദേഹത്തെ അപമാനിക്കാൻ ഉദ്ദേശിച്ചില്ല. അദ്ദേഹത്തെപ്പറ്റി എനിക്ക് വിവരിക്കാൻ കഴിയുന്ന രൂപത്തിൽ വിവരിച്ചു എന്നു മാത്രമേയുള്ളൂ.

ശ്രീ. കെ. ശിവദാസൻ : സർ, ഇത്തരം പരാമർശനം നിയമസഭയിൽ ശരിയല്ല. അത് ആർക്കും ആകാവുന്ന കാര്യങ്ങളാണ്. അതുകൊണ്ട് ഇത്തരം പരാമർശങ്ങളും ഒഴിവാക്കുന്നത് സഭാനടപടികളുടെ ശരിയായ നടത്തിപ്പിനു സഹായകമാകും അല്ലാതെ വാളും എടുക്കുന്നവനെല്ലാം വെളിച്ചപ്പാടാണെങ്കിൽ ആരും വാളും എടുക്കാൻ തയ്യാറാകും.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പ്രസംഗമദ്ധ്യേ അവരുടെ വികാരം പ്രകടിപ്പിക്കാം. പക്ഷേ അത് നല്ല പദപ്രയോഗത്തിൽകൂടി ആകുന്നതാണ് നമ്മുടെ സഭയുടെ അന്തസ് നിലനിർത്താൻ സഹായകമായത്. ആ നിലപാട് എല്ലാ അംഗങ്ങളും സ്വീകരിക്കണമെന്നു മാത്രമേ അഭിപ്രായമുള്ളൂ.

ശ്രീ. സി. ബി. സി. വാര്യർ : സർ, നിഘണ്ടുവിൽ ഏതെങ്കിലും തരത്തിൽ അശ്ലീലസ്വഭാവമുള്ള ഒരു പദവും ഞാൻ ഉപയോഗിച്ചിട്ടില്ല.

12 Noon] ഞാൻ ഈ നിയമസഭയിൽ അങ്ങനെ ഉപയോഗിക്കുകയുമില്ല. ഞാൻ പരാമർശിച്ചത് 1980-ലുണ്ടായ ജനവിധിയെക്കുറിച്ചാണ്. ഇടതു പക്ഷജനാധിപത്യകക്ഷികളുടെ ഐക്യമുന്നണിയാണ് ഈ സംസ്ഥാനം അഞ്ചു കൊല്ലക്കാലം ഭരിക്കേണ്ടതെ് എന്നതാണ് ആ ജനവിധി. ഇടതുപക്ഷജനാധിപത്യ ഐക്യം ഈ ഘട്ടത്തിൽ കൂടുതൽ പ്രസക്തമായിരിക്കുന്നു എന്ന വസ്തുത അപ്പുറത്തിരിക്കുന്നവരിൽ കരുണാകരനൊഴിച്ച് മറ്റ് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? കരുണാകരനു നിഷേധിക്കേണ്ടതു ബാധ്യതയാണ്. കാരണം, His Mastr's voice ഇപ്പോഴും Her Master's voice ആണ്. 1980-ൽ ആൻറണിപറഞ്ഞതു ഞാൻ ഓർത്തുപോകുകയാണ്. ഇന്ദിരാഗാന്ധിക്കു രാജ്യത്താരെയും വിശ്വാസമില്ല, ജനങ്ങളെ വിശ്വാസമില്ല, സ്വന്തം പാർട്ടി പ്രവർത്തകരെ വിശ്വാസമില്ല. ആകെ വിശ്വാസമുള്ളതു സ്വന്തംമകനെയാണ്. ഒരു മകൻ അബദ്ധത്തിൽ മരിച്ചുപോയി ഉടൻതന്നെ അടുത്ത മകനെ വാഴിച്ചു കഴിഞ്ഞു. ഇത്തരത്തിൽ ഇൻഡ്യയിൽ സ്വേച്ഛാധിപത്യം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് അവർ പ്രവർത്തിക്കുന്നത്. എന്തിനാണ് ഈ സ്വേച്ഛാധിപത്യം സൃഷ്ടിക്കുന്നത്? ഇൻഡ്യയിൽ കുന്നുകൂടിയിരിക്കുന്ന സ്വത്ത് സംരക്ഷിക്കാൻ അധികാരകേന്ദ്രീകരണം ആവശ്യമായതുകൊണ്ട് ആണ് സ്വേച്ഛാധിപത്യം സംരക്ഷിക്കുന്നത്. ഈ സമീപനത്തോടു മറ്റ് ആർക്കെങ്കിലും യോജിക്കാൻ കഴിയുമോ? ഇടതുപക്ഷ ജനാധിപത്യ ശക്തികളുടെ ഐക്യം ഇൻഡ്യയിലെ ന്യൂനപക്ഷങ്ങളുടെ താൽപര്യം സംരക്ഷിക്കാൻവേണ്ടിയാണ്. പാവപ്പെട്ട ആളുകളുടെ താൽപര്യം സംരക്ഷിക്കാനും കൃഷിക്കാരുടെ താൽപര്യം സംരക്ഷിക്കാനും ജനാധിപത്യപരമായി ചിന്തിക്കാനും സംഘടിക്കാനും ഒക്കെത്തന്നെ അത് ആവശ്യമാണ്. ഈ വിശ്വാസം അടിസ്ഥാനമാക്കി കോടിക്കണക്കിനു ജനങ്ങളിലൂടെ വളർന്നുവരുന്ന ഈ പ്രസ്ഥാനത്തെ വഞ്ചിച്ചുകൊണ്ട് പോകുന്നവർക്ക് എന്തുണ്ട് മറുപടി പറയാൻ? മാർക്ക് ലിസ്റ്റ് തട്ടിപ്പു നടത്തി ചിലർ ഉന്നതഡിഗ്രികളും നേടിയതുപോലെ ചില പ്രത്യേക സാഹചര്യങ്ങളിലൂടെ നേതൃസ്ഥാനത്തേക്കുയർന്നു വന്നവരുണ്ട്. അവർക്ക് സ്വേച്ഛാധിപത്യത്തിന്റെ വളർച്ച കണ്ടപ്പോൾ, അതിന്റെ ഭീകരത കണ്ടപ്പോൾ, കിടുകിടെ മുട്ടു വിറച്ചു കീഴടങ്ങി എന്നുള്ളതല്ലേ സത്യം? ഈ സ്വേച്ഛാധിപത്യത്തെ നേരിടുമെന്നുപറഞ്ഞ് രംഗത്തിറങ്ങിയ ആൻറണി അതിനെ നേരിട്ടുകണ്ടപ്പോൾ ഭയന്ന് എല്ലാംവച്ചു കീഴടങ്ങി എന്നുള്ളതല്ലേ സത്യം? രഹസ്യപോലീസിനേയും കേന്ദ്രത്തിലെ ഉദ്യോഗസ്ഥൻമാരുടേയും കേന്ദ്രമന്ത്രിമാരുടെയെല്ലാം വിരട്ടു കേട്ടുകൊണ്ട് അധ്വാനി വർഗ്ഗത്തിന്റെ പുറകേ പോകുകയാണെന്നാണ് പറയുന്നത്. ഏതെങ്കിലുമൊരു തരത്തിൽ ഒരു മന്ത്രിസ്ഥാനം കൈയിൽ കിട്ടിയാൽ അതു നന്നായിരിക്കുമെന്നു കരുതിയ ചില ആളുകളും അവരോടൊപ്പം പോയി. അതല്ലേ സത്യം? ഈ സത്യത്തിനു രാഷ്ട്രീയമായി നിലനിൽക്കാനുള്ള അവകാശം എവിടെ? നിങ്ങൾക്ക് അഭിപ്രായം മാറാം. 1980-ൽ ഉണ്ടായിരുന്ന അഭിപ്രായം മാറി, ഏതു പേരുപറഞ്ഞുകൊണ്ടാണോ നിങ്ങൾ വോട്ടുവാങ്ങിയത് അതിൽനിന്നിപ്പോൾ മാറിയല്ലോ. മാറുമ്പോൾ ആ അഭിപ്രായം അനുസരിച്ചു നിങ്ങൾക്കു കിട്ടിയ സ്ഥാനമുണ്ടല്ലോ? അത്

LIBRARY ARCHIVES Kerala Legislative Assembly

തിരിയെ ഏൽപിക്കണം. അങ്ങനെ തിരിയെ ഏൽപിച്ചുകൊണ്ട് നിങ്ങൾ ജനവിധിക്കൊരുങ്ങുകയാണ് വേണ്ടത്. അത്തരമൊരു ജനാധിപത്യമര്യാദ നിയമത്തിലൊരിടത്തും പറയുന്നില്ലെന്നുള്ളതാണ് നിർഭാഗ്യകരം. മൂന്നര ദശകം കഴിഞ്ഞു സ്വാതന്ത്ര്യം കിട്ടിയിട്ട്, എങ്കിലും മാനിക്കാതെ ജനവിധിയെ വഞ്ചിച്ചുകൊണ്ട് കാലുമാറുന്നവനാണ് എം. എൽ. എ. സ്ഥാനവും എം. പി. സ്ഥാനവും കൊണ്ടുനടക്കാമെന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. സ്വാതന്ത്ര്യം കിട്ടി ഇത്രയും നാൾകഴിഞ്ഞിട്ടും അതിനൊരു പരിഹാരമുണ്ടായിട്ടില്ല. ഇൻഡ്യയിൽ ബഹുഗുണ കാണിച്ച ഉന്നത ജനാധിപത്യബോധം ഉണ്ട്, ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ പറഞ്ഞു കണക്കിനെപ്പറ്റിമാത്രം പറഞ്ഞാൽ മതി എന്ന്. അതിലേക്കു ഞാൻ വരാം. ബഹുഗുണ കാണിച്ച ജനാധിപത്യ ബോധം കാണിക്കാൻ ശ്രീ. ഉമ്മൻ പാണ്ടിയേയും കെ. എം. മാണിയേയും ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. കാരണം, പിതൃതുല്യത്തോട് സ്നേഹവും ബഹുമാനവും ഉള്ളവരിൽനിന്നുമാത്രമേ അങ്ങനെ പ്രതീക്ഷിക്കാവൂ. ഈ സംസ്ഥാനത്ത് അത്തരമൊരു സമീപനം സ്വീകരിക്കാൻ തയ്യാറുണ്ടോ? അതല്ലാതെ രാഷ്ട്രീയമായി നിങ്ങൾക്കു നിലനിൽക്കാൻ എന്താണവകാശം. നിയമപ്രകാരം ആകാം. ചാക്കിട്ടു പിടിച്ചുമാകാം. കഴിഞ്ഞദിവസം കരുണാകരൻ പറഞ്ഞതെന്താണ്? അദ്ദേഹത്തെ മുഖ്യമന്ത്രിയെന്നു വിളിക്കാനും എനിക്കു തോന്നുന്നില്ല. സഭാനേതാവെന്നു വിളിക്കാനും എനിക്കു തോന്നുന്നില്ല. ശ്രീമാൻ കരുണാകരൻ പറയുകയാണ് പാർട്ടി എന്തു തീരുമാനിച്ചാലും എം. എൽ. എ. മാർ വ്യക്തികളാണ് എന്ന്. നാണമില്ലേ? സകലവിധ ബഹുമാനത്തോടുംകൂടി ഞാൻ ബഹുമാനപ്പെട്ട ഷൺമുഖദാസിനോടു ചോദിക്കുകയാണ് ഇതാണോ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ജനാധിപത്യ രാഷ്ട്രീയ പാരമ്പര്യം? രാഷ്ട്രീയപാർട്ടികളുടെ നയത്തിന്റെപേരിൽ വോട്ടു ചോദിച്ചു വാങ്ങിയിട്ട് ആ അഭിപ്രായത്തിനനുസരിച്ച് നിയമസഭയിലേക്കു വരുന്നവർ പാർട്ടികൾ എന്തും പറഞ്ഞുകൊള്ളട്ടെ എം എൽ. എ. മാർ വ്യക്തികളാണ് എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ചാക്കിട്ടു പിടിത്തവും കുതിരക്കച്ചവടവുമാണ് എന്റെ മുദ്രാവാക്യം, അതാണെന്റെ കൊടി-ഇതല്ലേ മി. കരുണാകരൻ, നിങ്ങളുടെ അഭിപ്രായം? ഞാൻ ചോദിക്കട്ടെ, എന്താണ് ജനാധിപത്യം? മണർകാട് പാപ്പന്റെ കോടിക്കണക്കിനു പണവും അതുപോലെ വല്ലവരുടെയുമൊക്കെ പണവുമാണോ ജനാധിപത്യം? അത്തരം ചാക്കുകളുപയോഗിച്ച് മസ്കറ്റ്ഹോട്ടൽ പോലെയുള്ള ഹോട്ടലുകളിൽ ആളുകളെ കൊണ്ടിട്ട് പൂട്ടിയിട്ട് കാവലിട്ടാണോ ഭൂരിപക്ഷമുണ്ടാക്കുന്നത്? ആണോ മി. കരുണാകരൻ ? ആണോ എന്ന് കേരളത്തിലെ ജനങ്ങൾക്കറിയണം. ഇനി നാളെ നടക്കുന്നതു കണ്ടാൽ പോരെ എന്നാണ് ചോദിക്കുന്നത്. പോരാ ഭരണഘടനയനുസരിച്ച് സബ്ജക്ടീവ് സാറ്റിസ്ഫാക്ഷൻ എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഭൂരിപക്ഷംവേണ്ട എന്നാണ് ശ്രീ. രാമചന്ദ്രൻ മാസ്റ്റർ മനസ്സിലാക്കിയിരിക്കുന്നത്. അങ്ങനെയാണ് ആരോ അദ്ദേഹത്തിനു പറഞ്ഞുകൊടുത്തത്. ഭരണഘടനയനുസരിച്ച് ഭൂരിപക്ഷം നിയമസഭാ സാമാജികൻമാരുടെ പിന്തുണയുണ്ടെന്നേ ഗവർണർക്ക് ഉത്തമവിശ്വാസമുണ്ടായാൽ മന്ത്രിസഭയുണ്ടാക്കാൻ വിളിക്കാവുന്നതാണ്. ഇപ്പോൾ ഇവിടെ പറയുന്നത് ഉത്തമവിശ്വാസം എന്നുപറഞ്ഞാൽ മോശമാണ് കുറച്ചുമതി എന്നാണ്. ഉത്തമവിശ്വാസം അപ്പോൾ വെളിപ്പെടുത്തണമെന്നു നിർബന്ധമില്ലെന്നാണ് പറയുന്നത്. ശരി സമ്മതിച്ചു. ഡിസംബർ 28-ാം തീയതിയാണ് ഗവർണർ കരുണാകരനെയും മറ്റുമന്ത്രിമാരെയുമെല്ലാം സത്യപ്രതിജ്ഞചെയ്യിച്ച് അധികാരത്തിലേറ്റിയത്. സ്വാമിയടക്കമുള്ളമന്ത്രിമാരെ അധികാരത്തിലേറ്റിയത്. ഇങ്ങനെയൊരവസരം കിട്ടിയതിൽ തൽക്കാലത്തേക്ക് സ്വാമിക്ക് സന്തോഷിക്കാം. ആ അവസരത്തിൽ എത്രപേരുണ്ട് കരുണാകരന്റെ

LIBRARY ARCHIVES Kerala Legislative Assembly

കൂടെ? വെറും 67 പേരല്ലേ ഉള്ളൂ എന്ന് ഷൺമുഖദാസ് ചോദിച്ചു വെറും 67 പേർമാത്രമേയുള്ളൂ ജനതാ പാർട്ടി കരുണാകരന്റെ മന്ത്രിസഭയെ പിന്താങ്ങുമെന്ന് ഒരവസരത്തിലും പറഞ്ഞിട്ടില്ല. ജനുവരി 29-ാം തീയതിയാണ് ജനതാപാർട്ടിയുടെ അഖിലേൻഡ്യാതീരുമാനം വരുന്നത്. പിന്താങ്ങുകയില്ലെന്നുള്ളതാണ് തീരുമാനം. അതിനുശേഷം.... ഞാൻ ആവർത്തിക്കാനാഗ്രഹിക്കുന്നില്ല, ഏറ്റവും ജുഗുപ്സാവഹമായ, 1980 കണ്ടിട്ടുള്ളതിൽവച്ചേറ്റവും വൃത്തികെട്ട ചാക്കിടലിലും കുതിരക്കച്ചവടത്തിലുംകൂടി മൂന്നു പേരെ ജനതാപാർട്ടിയിൽനിന്ന് അടർത്തിയെടുത്ത് കേരള ജനതയാക്കാൻ നടക്കുകയാണ്. ശ്രീ. കെ. കെ. നായർ നാളെ എന്തുതീരുമാനിക്കുമെന്നറിഞ്ഞുകൂടാ. എന്തുതീരുമാനിക്കാനും അദ്ദേഹത്തിനവകാശമുണ്ട്. പക്ഷേ ഇന്നുവരെയും അദ്ദേഹം തീരുമാനമെടുത്തിട്ടില്ല. ആ കെ. കെ. നായരുടെയും അഞ്ച് ജനതാ എം. എൽ. എ മാരുടെയുംകൂടെ കണക്കു ചേർത്തിട്ടാണോ ഉത്തമവിശ്വാസമുണ്ടാക്കിയത്? ആ ഉത്തമവിശ്വാസം എവിടത്തെ ഉത്തമവിശ്വാസമാണ്? സബ്ജക്ടീവ് സാറ്റിസ്ഫാക്ഷൻ എന്നതിന്റെ മലയാളം എന്താണെന്ന് രാമചന്ദ്രൻമാസ്റ്റർ നിഘണ്ടു നോക്കി പഠിക്കണം. ഭരണഘടനാപ്രശ്നത്തെക്കുറിച്ചൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതിന് ഇന്ന് ടൂളിംഗ് കിട്ടിയില്ല. നിയമസഭാസമ്മേളനം സ്റ്റാർട്ട്ചെയ്യണമോ വേണ്ടയോ എന്നുള്ള തർക്കപ്രശ്നമായതുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി അവിടെയിരുന്ന് കണ്ണുകാണിച്ചു; അദ്ദേഹം ഒന്നും പറഞ്ഞുമില്ല. സർ, എന്തുകൊണ്ടാണ് ഗവർണർ പ്രസംഗമുഴുവനും വായിക്കാതെ ഇട്ടിട്ടുപോയത്? അവർക്കും ഉണ്ട് ഒരു മനസ്സാക്ഷിക്കുത്ത്. എന്തെന്നാൽ ആ പ്രസംഗത്തിന് ഏതാനും മിനിട്ടുമുൻപാണ് ജനതാപാർട്ടിയുടെ വ്യക്തമായ തീരുമാനം വന്നത്. ശ്രീമാൻ കരുണാകരൻ അവരെ നേരത്തെ ധരിപ്പിച്ചിരുന്നത് ജനതാപാർട്ടിയും സപ്പോർട്ടുചെയ്യുമെന്നാണ്. പക്ഷേ ചെയ്തത് തെറ്റാണെന്ന് അപ്പോഴാണ് ബോധ്യമായത്. ഭരണഘടനാപരമായ ചുമതല നിർവഹിക്കാത്ത കരുണാകരന്റെ വാക്കുകൾകേട്ട്, കേന്ദ്രത്തിലെ മകാനയുടെയും വെങ്കിടസുബ്ബയ്യയുടെയും വാക്കുകൾകേട്ട്, കേന്ദ്രഭരണാധികാരികളുടെ നിർബന്ധത്തിനു വിധേയമായി നിയമവിരുദ്ധമായി ഭരണഘടനയെ ലംഘിച്ചുകൊണ്ട്, ഭരണഘടനയിൽതൊട്ടു സത്യപ്രതിജ്ഞചെയ്ത സത്യവാചകം ലംഘിച്ചുകൊണ്ടുള്ള നടപടി സ്വീകരിച്ചതുകൊണ്ടാണ് അഭിമാനമുണ്ടെങ്കിൽ ഗവർണറും രാജിവയ്ക്കണമെന്ന് എന്റെനേതാവ് ഇന്നലെ പത്രസമ്മേളനത്തിൽ പറഞ്ഞത്. ഉത്തമവിശ്വാസം എന്നുപറയുന്നത് കൂടെനിൽക്കുന്ന പാർട്ടിക്കാർക്കെങ്കിലും മനസ്സിലാകണ്ടേ? കരുണാകരൻ പറയുന്നു എന്നു പറഞ്ഞാൽ കരുണാകരൻ കളവുപറയുമെന്നു പ്രത്യേകം പറയേണ്ട. കാരണം കരുണാകരൻ കളവല്ലേ പറയുകയുള്ളൂ എന്നുവരെ നാട്ടിൽ ചൊല്ലുവരത്തക്കവണ്ണം ഏതുസമയത്തും കളവ് ആവർത്തിച്ചു പറയുകയാണ്. ആവർത്തിച്ചാവർത്തിച്ച് ആയിരംതവണ പറഞ്ഞ് ഗീബൽസും തോറ്റുപോകുന്ന രീതിയിലുള്ള സത്യമാക്കിമാറ്റാനുള്ള കരുണാകരന്റെ വ്യഗ്രതയല്ലാതെ ഇന്നും ഈ ഗവൺമെന്റിനു ഭൂരിപക്ഷം എവിടെയാണ്? ഇതാണ് ഡിസംബർ 28-ലെ സ്ഥിതി. ഇന്നത്തെ സ്ഥിയെന്താണ്? ശ്രീമാൻ കെ. കെ. നായരുടെ നിലപാട് വ്യക്തമാക്കിയിട്ടില്ല. ശ്രീമാൻ എ. സി. ജോസിനെ ഭരണകക്ഷിയിൽ കൂട്ടിച്ചേർത്താലേ സാധിക്കുകയുള്ളൂ. അത് കരുണാകരൻ ആഗ്രഹിച്ചാലും അദ്ദേഹം സമ്മതിക്കുമെന്നു ഞാൻ കരുതുന്നില്ല. ഇൻഡ്യയിൽ ഇതുവരെ അംഗീകരിക്കപ്പെട്ടപാർലമെന്ററിജനാധിപത്യകൺവൻഷനുകളൊന്നും അതനുവദിക്കുകയില്ല. ശ്രീ. കെ. പി. നീലകണ്ഠപിള്ള ഉണ്ടാക്കിയ കൺവൻഷനും അതിനു പ്രയോജനപ്പെടുകയില്ല. താഴെയിരിക്കുന്ന 140 പേരിൽ വെറും 69 പേർമാത്രമല്ലേ കരുണാകരന്റെകൂടെയുള്ളൂ? 67 എണ്ണത്തിൽ ഒന്നുപോയി

LIBRARY ARCHIVES Kerala Legislative Assembly

എ. സി. ജോസ്. അപ്പോൾ 66 ഇപ്പോൾ ചാക്കിടലിൽക്കൂടി കിട്ടിയ 3 പേർ കൂടി ചേരുമ്പോൾ 69 പേരല്ലേ ഉള്ളൂ? 140-ൽ 69 എങ്ങനെ ഭൂരിപക്ഷമാകും? നാണമുണ്ടെങ്കിൽ ഒരു നിമിഷംപോലും വൈകാതെ എഴുന്നേറ്റുനിന്ന് ഞാൻ രാജിവയ്ക്കുന്നു എന്നു പറഞ്ഞ് ജനവിധി തേടാൻ ഇറങ്ങിപ്പോകുമോ? പക്ഷേ നാണം എന്നുപറയുന്നതും അന്തസ്സ് എന്നുപറയുന്നതും കരുണാകരന്റെ ഇതുവരെയുള്ള ജീവിതത്തിൽ പറഞ്ഞിട്ടില്ലാത്ത കാര്യമായതുകൊണ്ട് ഞാൻ അതു പ്രതീക്ഷിക്കുന്നില്ല. ശ്രീ മാണിക്കാണെങ്കിൽപ്പിന്നെ എന്തും ഭൂഷണമാണ്. അതുകൊണ്ട് അദ്ദേഹത്തെപ്പറ്റി പറഞ്ഞിട്ടു കാര്യമില്ല. ജോസഫും മാണിയുംകൂടി ഒരുമിച്ച് ഇങ്ങനെ ഇരിക്കുന്നതുതന്നെ ഒരു ഭൂഷണമാണ്. ഭരണഘടനാപരമായും നിയമപരമായും നിലനിൽക്കാൻ അവകാശമില്ലാത്ത ഈ ഗവൺമെന്റ് കഴിഞ്ഞ മുപ്പത്തേഴുദിവസമായി നിയമവിരുദ്ധമായി ഇവിടെ ഭരണംകൈകാര്യം ചെയ്യുന്നു. ബഹുമാനപ്പെട്ട പങ്കജാക്ഷൻ പറഞ്ഞതുപോലെ ഈ സംസ്ഥാനത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ നിയമവിരുദ്ധമായ ഈ സർക്കാരിന്റെ അധികാരം ഒന്നംഗീകരിപ്പിക്കാൻവേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത്. 1948-50 കാലഘട്ടത്തിൽ തിരുവിതാംകൂർ കണ്ടിട്ടുള്ളതിനേക്കാളും ഭീകരമായ വിധത്തിലാണ് മർദ്ദനം. നടുറോഡിലിട്ടും ലോക്കപ്പിലിട്ടും വഴിയിലിട്ടുമാണ് മർദ്ദനങ്ങൾ. വിദ്യാർത്ഥിയായിരുന്ന് രാഷ്ട്രീയ നേതാവായി മന്ത്രിയായി ഇപ്പോൾ ആഭ്യന്തരം കൈയിൽ കിട്ടിയ ആളാണ് ശ്രീ ഉമ്മൻചാണ്ടി. അതുകൊണ്ട് വിദ്യാർത്ഥികളുടെനേരെതന്നെ വേണം അദ്ദേഹത്തിന്റെ ആഭ്യന്തരത്തിന്റെ അധികാരം മുഴുവൻ പ്രയോഗിക്കാൻ എന്നു തീരുമാനിച്ചിറങ്ങിയിരിക്കുകയാണ്. ഈ കഴിഞ്ഞ 37 ദിവസക്കാലം ഈ സംസ്ഥാനത്തു നടന്ന നരവേട്ടയുടെ ചരിത്രം വിശദീകരിക്കണമെങ്കിൽ മണിക്കൂറുകളും വേണ്ടിവരുമെന്നുള്ളതുകൊണ്ട് ഞാൻ അതിനു ശ്രമിക്കുന്നില്ല.

സർ, ഈ സംസ്ഥാന സർക്കാരിന്റെ ആസ്ഥാനത്തിന് തൊട്ടു മുമ്പിൽ ഇക്കഴിഞ്ഞ 21-ാം തീയതി ഉന്നത സർവ്വകലാശാലയുടെ ഉന്നതസമിതി കൂടുന്ന സെനറ്റുഹാളിന്റെ അങ്കണത്തിൽ അതിന്റെ വരാന്തകളിൽ, സെനറ്റുഹാളിന്റെ ഉള്ളിൽ, കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അരുമനേതാക്കൻമാരുടെ ചോര തളംകെട്ടിനിന്നു. ഉമ്മൻ ചാണ്ടിയുടെ താഡ്ണവമാണ് സർ. 20 വിദ്യാർത്ഥികളെ നടത്തിയ പ്രകടനത്തിനെതിരായി 100 പോലീസുകാർ നേരിട്ടു. കണ്ണൂരിൽ സ്ക്കൂൾ യുവജനോൽസവത്തിനെത്തിച്ചേർന്ന വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും നാട്ടുകാരെയും ഒക്കെ പന്തലിൽ ഇട്ട് ലാത്തിയ്ക്കടിച്ചു. അധികാരത്തിലെത്തി 48 മണിക്കൂറിനുള്ളിൽ കേരളത്തിലെ 11 ജില്ലാ കേന്ദ്രങ്ങളിലും ചുറുചുറുക്കുള്ള ആയിരക്കണക്കിന് യുവജന പ്രവർത്തകരെ തല്ലി എല്ലൊടിച്ചു. നൂറുക്കണക്കിനാളുകളെ ജയിലിലാക്കി. സർ, ഇത്തരത്തിൽ അധികാര ദുർവിനിയോഗം ചെയ്തുകൊണ്ട് നിയമവിരുദ്ധമായി അധികാരത്തിൽവന്ന ഈ ഗവൺമെന്റ് നിയമവിരുദ്ധമായി അധികാരം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്ത് ഒരറ്റം മുതൽ മറ്റേ അറ്റം വരെ നരനായാട്ട് നടത്തുകയാണ്. സർ, ഇക്കഴിഞ്ഞ 37 ദിവസങ്ങൾക്കിടയിൽ ലക്ഷക്കണക്കിന് ഉറുപ്പികയുടെ കൊള്ള നടത്തുന്നതിന് വിവിധ പൊതുമേഖലാസ്ഥാപനങ്ങളിൽ നടപടികൾ നടത്തുന്നുണ്ട്. സർ, ഞങ്ങൾ അറിയുന്നത്, ഏതാണ്ട് അടുത്ത ദിവസങ്ങൾക്കുള്ളിൽ കോട്ടയത്തെ ഒരു ഫാക്ടറിക്ക് 45 ലക്ഷം ഉറുപ്പികയുടെ ഇലക്ട്രിസിറ്റി അരിയേഴ്സ് ഇലക്ട്രിസിറ്റി ബോർഡിന് കിട്ടാനുള്ളത് എഴുതിത്തള്ളാനുള്ള നടപടി ഉണ്ടായിട്ടുണ്ടെന്നാണ്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ നാനാഭാഗത്തും അത്തരം നടപടികളും സ്വീകരിച്ചിരിക്കുന്നു. നിയമപ്രകാരം അധികാരത്തിൽ ഇരിക്കാൻ അവകാശമില്ലെന്ന് തീരുമാനിക്കപ്പെടുന്നതിന് മുമ്പ് പൊതുമേഖലാ സ്ഥാപനങ്ങളും മുഴുവനും സ്വന്തം കൈക്കീഴിലാക്കാൻ വേണ്ടി കാലാവധി തീരാത്തവപോലും പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചു കഴിഞ്ഞു. അതേസമയം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ട. കേന്ദ്രത്തിൽപോയി കേന്ദ്രത്തിന്റെ നല്ല പിള്ളയായ കരുണാകരൻ നടത്തിയ ശ്രമം എന്തായി എന്ന് ബഹുമാനപ്പെട്ട പങ്കജാക്ഷൻ ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കഴിഞ്ഞ ആണ്ടത്തെക്കാൾ വിലനിലവാരം ഉയർന്നു. കഴിഞ്ഞ വർഷം ആദ്യം അനുവദിച്ച 225 കോടിയിൽ നിൽക്കുന്നു. ചർച്ചയിൽ 290 കോടിയായി കഴിഞ്ഞ കൊല്ലം ഉയർന്നുവെങ്കിലും ഈ വർഷം ചർച്ചയിൽ ഒരു പൈസപോലും ഉയരുന്ന പ്രശ്നമില്ലെന്ന് പത്രങ്ങളിൽ വളരെ വ്യക്തമായി വന്നു കഴിഞ്ഞു. സർ, സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഇത്തരമൊരു ഗവൺമെൻറിനെകൊണ്ട് കഴിയുകയില്ല. സംസ്ഥാനത്തെ ജനങ്ങളുടെ അംഗീകാരമില്ലാത്ത ഗവൺമെൻറ്, ഭരണഘടനാപരമായും രാഷ്ട്രീയമായും നിയമപരമായും നിലനിൽക്കാൻ അധികാരമില്ലാത്ത ഗവൺമെൻറ്, ഇന്നും ഭൂരിപക്ഷമില്ലാത്ത ഗവൺമെൻറ് രാജിവച്ച് ഇറങ്ങിപോകാൻ തയ്യാറാകുന്നില്ലെങ്കിൽ ഈ അവിശ്വാസ പ്രമേയം അംഗീകരിച്ചുകൊണ്ട് ഈ ഗവൺമെൻറിനെ പുറത്താക്കുന്നതിന് സഭാംഗങ്ങൾ തയ്യാറാകണം. അതിന് തയ്യാറാകുന്നില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ ജനാധിപത്യമനഃസാക്ഷിയെ വഞ്ചന ചെയ്തുകൊണ്ട് ജനാധിപത്യത്തെ കൊല ചെയ്തു കൊണ്ട് അധികാരത്തിൽ വന്നിട്ടുള്ള ഈ നിയമവിരുദ്ധ മന്ത്രിസഭയെയും കൂട്ടുകാരെയും ചവുട്ടിപ്പുറത്താക്കുമെന്ന് ഉറപ്പിച്ചു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : സർ, മാർക്സിസ്റ്റ് ദാസനായി മാറിക്കഴിഞ്ഞിരിക്കുന്ന ബഹുമാനപ്പെട്ട ഷൺമുഖദാസ് അവതരിപ്പിച്ച ഈ അവിശ്വാസ പ്രമേയത്തെ ഞാൻ എതിർക്കുന്നു. അധികാര ഭ്രംശത്തിന്റെ അസഹിഷ്ണുതയിൽ അവതരിപ്പിച്ച ഒരു അവിശ്വാസ പ്രമേയമാണ് ഷൺമുഖദാസ് അവതരിപ്പിച്ചത്. ഇടതുപക്ഷ പൊയ്മുഖമണിഞ്ഞ അക്രമരാഷ്ട്രീയത്തിന്റെ മുഖം മൂടിയാണിത്. ഇത് ജനങ്ങളുടെ അവിശ്വാസമല്ല.

സർ, ഇവിടെ സൈരജീവിതം ആഗ്രഹിക്കുന്ന കേരളത്തിലെ ജനങ്ങളുടെ വിശ്വാസത്തകർച്ചയിൽ നിന്ന് അവരെ രക്ഷിക്കാൻ രൂപം എടുത്ത ഈ ഗവൺമെൻറിൽ കേരളത്തിലെ ജനങ്ങൾക്ക് വിശ്വാസമുണ്ട്. അധികാരം നഷ്ടപ്പെട്ട പാർട്ടിയുടെ അവിശ്വാസം മാത്രമാണിത്. 21 മാസക്കാലം കേരള ജനതയെ പീഡിപ്പിച്ച മാർക്സിസ്റ്റ് ഡാക്കുളയുടെ ഭീകരതയിൽ നിന്ന് ജനാധിപത്യ വിശ്വാസികളെ രക്ഷിച്ച അവരുടെ ഗവൺമെൻറാണ് ഈ ഗവൺമെൻറ്. ഈ ഗവൺമെൻറിനെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്ന നിങ്ങൾക്ക് ശ്രീകൃഷ്ണനെ കൊല്ലാൻ ശ്രമിച്ച കംസന്റെ അനുഭവം അല്ലാതെ മറെറാന്നും ഉണ്ടാകാൻ പോകുന്നില്ല.

ഇതിനുമുമ്പ് മുന്നണി തകർന്നിട്ട് മറെറ് ഗവൺമെൻറുകൾ അധികാരത്തിൽ വന്നിട്ടില്ലേ ? 1967-ൽ ഇവിടെ അധികാരത്തിൽ വന്ന മുന്നണി 1969-ൽ തകർന്നു. എന്തിന്റെ പേരിലാണ് ആ മുന്നണി തകർന്നത് ? വൻപാർട്ടി മേധാവിത്വത്തിന്റെയും പരസ്പരമുള്ള അഴിമതി ആരോപണങ്ങളുടെയും പേരിൽ 1969-ൽ ഇ. എം. എസിന്റെ നേതൃത്വത്തിലുള്ള സപ്തകക്ഷി മുന്നണി ഇവിടെ തകർന്നു. പക്ഷെ 1981-ൽ മുന്നണി തകർന്നത് പരസ്പരമുള്ള അഴിമതി ആരോപണങ്ങളുടെ പേരിലോ വൻപാർട്ടി മേധാവിത്വത്തിന്റെ പേരിലോ അല്ല,

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടികളെ മാത്രം ബാധിക്കുന്ന പ്രശ്നത്തിന്റെ പേരിലോ അല്ല. കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ജനാധിപത്യ വിശ്വാസികളുടെ സമാധാന ജീവിതത്തിനുവേണ്ടിയാണ് നായനാരുടെ മന്ത്രിസഭ തകർന്നത് എന്ന വസ്തുത പ്രധാനമായും ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ മാർക്സിസ്റ്റ് പാർട്ടി അക്രമാധിപത്യ മുന്നണിയാക്കി മാറ്റിയപ്പോൾ ജനാധിപത്യത്തിന്റെ വിളികേട്ടിട്ട് അക്രമാധിപത്യ മുന്നണിയിൽ നിന്ന് ഇറങ്ങിപ്പോന്ന ജനാധിപത്യ പ്രസ്ഥാനത്തിന്റെ പ്രവർത്തകരാണ് ഞങ്ങൾ. സർ, ഇവിടെ 21 മാസക്കാലം ക്രമസമാധാന രംഗത്തുണ്ടായ സംഭവികാസം സാധാരണക്കാരുടെ ജീവിതം അസാധ്യമാക്കിത്തീർത്തു. പോലീസിനെ നിഷ്ക്രിയരാക്കി. സി. ഐ. ടി. യു. വിന്റെ തേർവാഴ്ച നടന്നു. പാർലമെന്റും നിയമസഭയും ഉണ്ടാക്കുന്ന നിയമങ്ങൾ നടപ്പിലാക്കേണ്ട ചുമതല പോലീസിനാണ് സർ. തെരുവിൽ മുഷ്ടിചുരുട്ടി ശക്തിയുടെ ഭാഷയിൽ സംസാരിച്ച് സി. ഐ. ടി. യു. വാസ്തവത്തിൽ ഭരണഘടനാതീത ശക്തിയായി മാറുകയാണ് ഉണ്ടായത്.

(അദ്ധ്യക്ഷ വേദിയിൽ ശ്രീ. സി. എസ്. നീലകണ്ഠൻ നായർ)

ശ്രീ. സി. കെ. തങ്കപ്പൻ : സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ശ്രീമാൻ ഹസ്സൻ അക്രമത്തെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്നു. വയനാട് പ്രദേശത്ത് ബത്തേരിയിൽ ആദിവാസികളെ വെടിവച്ചു കൊന്നു. ആ കൂട്ടത്തിലെ ശേഷിച്ച പാവപ്പെട്ട ആളുകൾ ഇപ്പോൾ ഈ ഗേറ്റിൽ ധർണ നടത്തുകയാണ്. അതിനെപ്പറ്റി എന്താണ് പറയാനുള്ളത്. ആ പാവപ്പെട്ടവരെ പരസ്യമായി കൊലചെയ്തതിന് കൂട്ടുനിൽക്കുന്ന ശ്രീ. ഹസ്സൻ ഇവിടെ അക്രമത്തെക്കുറിച്ച് പ്രസംഗിക്കുന്നത് ആർഡറിലാണോ ?

മി. ചെയർമാൻ : ദയവ് ചെയ്ത് പോയിന്റ് ഓഫ് ഓർഡർ ഉണ്ടെങ്കിൽ മാത്രം പോയിന്റ് ഓഫ് ആർഡർ ചോദിക്കുക. പ്രസംഗിക്കാൻ അവസരമുണ്ട്, അപ്പോൾ പ്രസംഗിക്കാം.

ശ്രീ. എം. എം. ഹസ്സൻ : സമാധാന ജീവിതമാഗ്രഹിക്കുന്നവരുടെ ജീവിതത്തെ ഭീഷണിപ്പെടുത്തുന്ന രീതിയിൽ നാടൻ ബോംബുകളുടെ വ്യാപകമായ തോതിലുള്ള നിർമ്മാണം—ആയുധശേഖരണം—ഉണ്ടായി. മാർക്സിസ്റ്റ് പാർട്ടിയുടെ ആഫീസുകളിൽ നിന്ന് അസ്ഥി പഞ്ജരങ്ങളും തലയോടുകളും കണ്ടെടുത്തു. അവിടെയിരുന്ന് ആരും ഒച്ചവയ്ക്കണ്ട, ഞങ്ങൾ നിങ്ങളോടൊപ്പമിരുന്നു ചൂണ്ടിക്കാണിച്ചതാണ്. നടുവപ്പുരം, വിലങ്ങാട്, തിരുവാമ്പാടി, വെളിയനാട് തുടങ്ങിയ സ്ഥലങ്ങളിലുണ്ടായ സംഭവങ്ങൾ—സമാധാന ജീവിതം ഞെരിച്ചപ്പോൾ മുന്നണിക്കകത്തിരുന്നുകൊണ്ട്, ഭരണകക്ഷിയിലിരുന്നുകൊണ്ട്, ചൂണ്ടിക്കാണിച്ചവരാണ് ഞങ്ങൾ. കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന കാട്ടു നിയമം ഒരിക്കലും നടപ്പാക്കരുതെന്ന് ശ്രീ. ടി. കെ. രാമകൃഷ്ണനോട് നിയമസഭാവേദിയിൽ ഉറക്കെപ്പറഞ്ഞവരാണ് ഞങ്ങൾ. മാർക്സിസ്റ്റ് പാർട്ടി ഭരിച്ചപ്പോൾ തലശ്ശേരിയിൽ സാധാരണ മനുഷ്യർ മരിച്ചുവീണു. ജീവനു ജീവൻ കൊലയ്ക്ക് കൊല എന്ന മുദ്രാവാക്യവുമായി മാർക്സിസ്റ്റു പാർട്ടി രംഗത്തു വന്നു. സർ, ലോകത്തെവിടെയെങ്കിലും, സ്വന്തം പാർട്ടിയുടെ നേതാവ് ആഭ്യന്തര വകുപ്പു കൈകാര്യം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ പാർട്ടിക്കാർ സമാധാന ജീവിതം തകർക്കാൻ ആയുധശേഖരണം നടത്തിയ സംഭവം ഏതെങ്കിലും രാജ്യത്തുണ്ടായിട്ടുണ്ടോ ? സാധാരണക്കാർക്ക് മാത്രമല്ല ഘടകകക്ഷികൾക്കും രക്ഷയില്ലായിരുന്നു. ഞങ്ങൾ അവരോടൊപ്പം തിരഞ്ഞെടുപ്പിൽ മൽസരിച്ചു ജയിച്ച, നാലു മന്ത്രിമാരുള്ള, കക്ഷിയിലെ അംഗങ്ങളാണ്. ഞങ്ങളുടെ തിരുവനന്തപുരത്തെ ഡി. സി. സി. ആഫീസ്

LIBRARY ARCHIVES Kerala Legislative Assembly

സി. ഐ. ടി. യു. ക്കാർ നിഷ്കരുണം തല്ലിത്തകർത്തു. മാത്രമല്ല പൊൻകുന്നത്ത് സി. പി. ഐ. ക്കാരനെ കൊന്നു : അതിനെപ്പറ്റി ശ്രീ. പി. കെ. വാസുദേവൻനായർ ഗദ്ഗദകണ്ഠനായി ഈ സഭയിലെ ഓരോ അംഗത്തെയും ഞെട്ടിപ്പിച്ച ഒരു പ്രസംഗം ചെയ്തു. ഒരു ചൊല്ലുണ്ട്, ഇണങ്ങിയാൽ പൊട്ട് പിണങ്ങിയാൽ വെട്ട് എന്ന്. മാർക്സിസ്റ്റ് പാർട്ടിയോട് ഇണങ്ങിയാലും വെട്ട് പിണങ്ങിയാലും വെട്ട്—ഇതാണ് മാർക്സിസ്റ്റു പാർട്ടിയുടെ പ്രത്യേകത. സർ, ഇടതുപക്ഷജനാധിപത്യ മുന്നണി അതിന്റെ കേളികൊട്ട് തുടങ്ങിയപ്പോഴും തന്നെ താളപ്പിഴയുണ്ടായി. പാർലമെന്റു തിരഞ്ഞെടുപ്പിലുണ്ടായ സംഭവങ്ങൾ നമുക്കറിയാം. ശ്രീമാൻ ശ്രീകണ്ഠൻ നായരും ശ്രീ. എം. എൻ. ഗോവിന്ദൻ നായരും ശ്രീ. വയലാർ രവിയുമൊക്കെ തോറ്റു. പുത്തരിയിൽ കല്ലു കടിച്ചതു തന്നെ ആയിരുന്നു അത്. ഈ അക്രമാധിപത്യത്തെ, അക്രമപരമായ സോഷ്യൽ ഫാസിസത്തെ, എതിർക്കേണ്ടതാണ് എന്ന് ബോധ്യമായി. ആഭ്യന്തരമന്ത്രി ഇവിടെ പത്തു കൽപനകളും പുറപ്പെടുവിച്ചു. എന്ത് പുറപ്പെടുവിച്ചിട്ടും പ്രയോജനമുണ്ടായോ ? കെട്ട വിളക്കിൽ എണ്ണയൊഴിച്ചാൽ അത് കത്തുമോ എന്നതുപോലെ ആഭ്യന്തരമന്ത്രിയുടെ പ്രഖ്യാപനങ്ങളെല്ലാം കെട്ട വിളക്കിൽ എണ്ണയൊഴിച്ചതിനു തുല്യം മാത്രമായിരുന്നു. സർ, അക്രമം കൊണ്ട് പൊറുതി മുട്ടിയ ജനങ്ങളുടെ വിളി കേൾക്കേണ്ട ചുമതല ഞങ്ങൾക്കുണ്ട്. ഞങ്ങൾ പലവട്ടം ആക്ഷേപം പറഞ്ഞു. പറയേണ്ടിടത്തൊക്കെ പറഞ്ഞു. പരിഹാരമുണ്ടായില്ല. അവസാനം, കേരളത്തിന്റെയും ബംഗാളിന്റെയും പശ്ചാത്തലത്തിൽ ഏകാധിപത്യത്തെക്കാൾ ഏറ്റവും വലിയ ശത്രു മാർക്സിസ്റ്റു പാർട്ടിയുടെ അക്രമാസക്തമായ സോഷ്യൽ ഫാസിസ്റ്റ് ഫാസിസമാണ്, അതിനെയാണെതിർക്കേണ്ടതെന്നും തകർക്കേണ്ടതെന്നും അങ്ങനെ ചെയ്യേണ്ടതു ഈ സംസ്ഥാനത്തിനാവശ്യമാണെന്നും ബോധ്യമായപ്പോൾ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കാൻ ഞങ്ങൾ തീരുമാനിച്ചു. സർ, ജനാധിപത്യ വിശ്വാസികളുടെ ഈ തീരുമാനമാണ് ഈ രാജ്യത്ത് ഒരു ഭരണമാറ്റമുണ്ടാക്കിയത്. അതല്ലാതെ പാർട്ടികളെ ബാധിക്കുന്ന, വ്യക്തിഗതമായ അഴിമതിയാരോപണങ്ങളുടെ പേരിലുള്ള, 69-ൽ സി. പി. ഐ. ക്കാരുണ്ടാക്കിയതുപോലെയുള്ള, മാറ്റമല്ല. രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന ഒരു മാറ്റം ഞങ്ങളിവിടെയുണ്ടാക്കി. ബോംബേയിൽ വച്ച് എന്താണ് തീരുമാനിച്ചത് ? ശ്രീ. ഷൺമുഖദാസ് ഇവിടെ പറഞ്ഞത്. വർഗ്ഗീയ ശക്തികളെയും ഏകാധിപത്യ ശക്തികളെയും എതിർത്ത് തോൽപ്പിക്കണമെന്നാണ്. ഞങ്ങൾ പറയുന്നു, മാർക്സിസ്റ്റു പാർട്ടിയുടെ അക്രമാസക്തമായ സോഷ്യൽ ഫാസിസ്റ്റ് ഫാസിസമാണ് ഈ രാജ്യത്ത് മറ്റ് ഏത് ഏകാധിപത്യത്തെക്കാളും എതിർക്കപ്പെടേണ്ടതെ. വർഗ്ഗീയതയെ എതിർക്കുന്ന കാര്യം ശ്രീ. ഷൺമുഖദാസ് അടുത്തിരിക്കുന്ന ശ്രീ. നായനാരോട് ചോദിക്കണം. വിജയവാഡയിൽ പാസാക്കിയ പ്രമേയത്തിൽ ബി. ജെ. പി. അടക്കമുള്ള ആളുകളോടു ചങ്ങാത്തം പിടിക്കുന്ന നയമാണ്. അവരോടൊപ്പമാണ് നിങ്ങൾ കൂടിയിരിക്കുന്നത്. ഞാനൊരു കാര്യം പറയാം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് കൂട്ടുകൂടിയിട്ടുള്ള ആരും ഈ രാജ്യത്ത് രക്ഷപ്പെടുകയില്ല. വിക്രമാദിത്യൻ കഥയിലെ രാജ്ഞിയെപ്പോലെയാണ്. ആ കഥയിലെ അനുഭവമാണ് മാർക്സിസ്റ്റു പാർട്ടിയോട് കൂട്ടു കൂടുന്നവർക്കുണ്ടാകുന്നത്. രാജ്ഞി കല്യാണം കഴിക്കുന്ന മണവാളൻ ആദ്യരാത്രിയിൽ മൃതിയടയും. അടുത്ത പ്രഭാതത്തിൽ അയാളുടെ മൃതശരീരമാണ് മണവറയിൽനിന്നു പൊന്തി വരുന്നത്. ഭോജരാജാവ് ഈ രാജ്ഞിയെ വിവാഹം കഴിക്കാൻ തീരുമാനിച്ചു. അദ്ദേഹം മണിയറയിൽ കയറി ആദ്യത്തെ ദിവസം സുന്ദരിയും സുഭോഗയുമായ രാജ്ഞിയോട് പറഞ്ഞു : ഇന്ന് ഞാൻ ഉറങ്ങുന്നില്ല. ആദ്യരാത്രിയിൽ മണവാളൻമാർ പ്രജ്ഞയറ്റ് ഉറങ്ങുകയാണ് പതിവ്. ഭോജരാജാവ് ഉറങ്ങിയില്ല. അടിവസ്ത്രങ്ങളഴിച്ചില്ല. അദ്ദേഹം നോക്കിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അർദ്ധരാത്രിയായപ്പോൾ ഈ രാജ്ഞിയുടെ മൂക്കിൽനിന്നു വിഷസർപ്പം ഇറങ്ങി വരുന്നതുകണ്ടു. അങ്ങനെയാണ് എല്ലാവരും മരിക്കുന്നത്. ആ വിഷ സർപ്പത്തെ ഭോജരാജാവ് സ്വന്തം വായ്കൊണ്ട് വെട്ടിക്കൊന്നു. ആ രാജ്ഞി യിൽനിന്ന് രക്ഷപ്പെട്ടു. പക്ഷേ സർ, വിടുന്നതിനുമുമ്പ് ഞങ്ങളുടെ മുണ്ട് ആ പാമ്പിന്റെ വായിലായിപ്പോയി. മുണ്ടും ഇട്ടിട്ട് ഞങ്ങൾ അടിവസ്ത്രങ്ങളോടെ ഓടി. അതാണ് ഷൺമുഖദാസും പി. സി. ചാക്കോയും അടക്കമുള്ള ആളുകൾ. അവർ അങ്ങനെ അവിടെയായിപ്പോയി സർ. അവർ രക്ഷപ്പെടാൻ പോകുന്നില്ല. ഈ നാടൊട്ടുക്ക് മാർക്സിസ്റ്റ് പാർട്ടി ഒരുക്കിക്കൊടുക്കുന്ന വേദികളിൽ നിന്നുകൊണ്ട് ആദർശം പ്രസംഗിക്കുകയാണവർ; ഏ.കെ.ആന്റണി ക്കെതിരായി. ഏ. കെ. ആന്റണിയുമായി ഒരു ആദർശ മൽസരത്തിന് എന്റെ സ്നേഹിതൻ കടന്നപ്പള്ളി ഇപ്പോൾ ഇറങ്ങിയിരിക്കുന്നു. എന്റെ പ്രിയപ്പെട്ട കടന്നപ്പള്ളീ : അണ്ണാൻ ആശിച്ചാൽ ആനയാകുമോ ? ആദർശപ്രസംഗം ആരോടു മൽസരിക്കാനാണ് ? നിങ്ങൾക്ക് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലെ ഏ. കെ. ആന്റണി നയിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ ചെറുവിരൽ പോലും തൊടാൻ സാധിക്കുകയില്ല. ഇരുമ്പു തൂണിനെ ഉറുമ്പരിക്കുകയില്ലെന്ന് ഈ ആറുപേരെയും ഞാൻ ഓർമ്മിപ്പിക്കാനാഗ്രഹിക്കുന്നു. ഈ പ്രസ്ഥാനത്തെ തൊടാൻ സാധിക്കുകയില്ല. ചാടിയാൽ എവിടം വരെ ചാടും—മാർക്സിസ്റ്റു കാരോടൊപ്പമാണിരിക്കുന്നത്. ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലം വരെ. അറിഞ്ഞുകൂടായെങ്കിൽ അപ്പുറത്തിരിക്കുന്ന പി. എസ്. ശ്രീനിവാസനോടും ബേബി ജോണിനോടും ചോദിച്ചാൽ പറയും. ഇട്ടിയമ്മ ചാടിയാൽ കൊട്ടിയ മ്പലം വരെ, മാർക്സിസ്റ്റുകാരോടൊപ്പമാണ് കഴിയുന്നതെങ്കിൽ അതിന പ്പുറം പോകാൻ സാധ്യമല്ല. മാർക്സിസ്റ്റ് ഗവൺമെൻറിനെപ്പറ്റി എനിക്ക് പറയാനുണ്ട്. ഈ സഭ തുടങ്ങുമ്പോൾ ജനാധിപത്യത്തിന്റെ ഒരുനിർവ്വചനം അവതരിപ്പിച്ചയാളാണ് ഞാൻ. ഇന്ന് മാർക്സിസ്റ്റ് ഗവൺമെൻറിനെക്കുറിച്ച് ഒരു പുതിയ നിർവ്വചനം ഞാനവതരിപ്പിക്കുകയാണ്.

Marxist Government is the Government of the violent followers by the volatile leaders for the violent followers in the name of the working class., for the welfare of the rich, എന്നാണ് സർ, ഡെഫനിഷൻ. കഴിഞ്ഞ 21 മാസ ക്കാലമായി ചഞ്ചലചിത്തരായ നേതാക്കളാൽ അക്രമാസക്തരായ അനുയായി കൾക്കുവേണ്ടി നടത്തിയ ഭരണമാണ് മാർക്സിസ്റ്റുഭരണം.

സർ, ഇന്ന് എനിക്കറിയാം അപ്പുറത്തിരിക്കുന്ന സി. പി. ഐ. ക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് ബുദ്ധിമുട്ടുണ്ട്. കാരണം സി. പി. ഐ. ഇന്ന് ഒരു ഗതികേടിലാണ്; വായിൽ തവിട് ഇട്ടുകൊണ്ട് തീ ഊതാൻപോയ പെണ്ണിന്റെ സ്ഥിതിയിലാണ് അവർ ഇന്ന്. പെണ്ണിന്റെ മനോഭാവം വായിലെതവിടും പോകരുത് അടുപ്പിലെ തീയും അണയരുതെന്നുള്ളതാണ്. അവസാനം അടുപ്പിലെതീയും അണഞ്ഞു, വായിലെ തവിടും പോയെന്നുള്ള സ്ഥിതിയാണ് അവർക്ക് ഉണ്ടായിരിക്കുന്നത്. സി. പി. ഐ. ക്കാരോട് ഞങ്ങൾക്ക് പരിഭവം ഇല്ല.കാരണം ശ്രീമാൻ ബേബിജോണിനെപ്പോലുള്ള അനുഭവ സമ്പന്നരായ ആളുകൾക്ക് നല്ലവണ്ണം അറിയാം കാലത്ത് തുഴഞ്ഞാൽ കടവിൽ ചെന്ന് അടുക്കും, കാലത്ത് തുഴയാതിരുന്നാൽ കടവിൽ ചെന്ന് അടുക്കുകയില്ലായെന്നുള്ളത്. അതുകൊണ്ട് അദ്ദേഹം കാലംഎത്തുമ്പോൾ തുഴയും, ആർ. എസ്. പി. യെ അദ്ദേഹം കടവിൽ കൊണ്ടുവന്ന് എത്തിക്കും. ആ കാര്യത്തിൽ ഞങ്ങൾക്ക് ഉറപ്പുണ്ട്. ഒരു കാര്യം ആർ. എസ്. പി. ക്കാരും മറ്റും ഇവിടെ വളരെ വീറോടെ വാശിയോടെ സംസാരിക്കുന്നതു കേട്ടു. പക്ഷേ 1969 ൽ ഈ നിയമസഭാതലം കേട്ട അന്നത്തെ മുന്നണിയുടെ തകർച്ചയിൽ ശ്രീ. ടി. വി. തോമസിനേറയും ശ്രീ. ടി. കെ. ദിവാകരനേറയും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. മജീദിന്റെയും വാക്കുകളെ എനിക്ക് ഉദ്ധരിക്കാതിരിക്കാൻ നിവൃത്തിയില്ല. ശ്രീ. സി. പി. രാമസ്വാമി അയ്യർ എന്നു പറയുന്ന ഒരാൾ ഇവിടം ഭരിച്ചിരുന്നു. അദ്ദേഹം കൊട്ടാരനിയമം ഏർപ്പെടുത്തി ഭരണം നടത്തി. അതിൽ ഒന്നും രണ്ടും മൂന്നും പ്രതികൾ ശ്രീ. ടി. വി. തോമസും, ശ്രീ. ടി. കെ. ദിവാകരൻ, ശ്രീ. എം. എൻ. ഗോവിന്ദൻ നായർ എന്നിവരായിരുന്നു. ''കഴിഞ്ഞ 25 വർഷമായി ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനു വേണ്ടി പ്രവർത്തിച്ച ഞങ്ങളെ തേജോവധം ചെയ്യാൻ മുഖ്യ മന്ത്രിക്ക് പ്രകോപനം ഉണ്ടായിരിക്കാം'' എന്നിങ്ങനെ തുടങ്ങി അവസാനം അദ്ദേഹം പറയുന്നതെന്തെന്നെന്നറിയാമോ? ഏതായാലും എന്നോടു പരിഭവം ഉണ്ടെങ്കിലും നമസ്കാരമുണ്ട് ഇനി നമുക്ക് കുരുക്ഷേത്രത്തിൽ വച്ച് കാണാം. നമ്മൾ കോൺഗ്രസ്സിനെ എതിർത്തു തോൽപ്പിച്ചത് 20 കൊല്ലക്കാലത്തെ ഭഗീരഥപ്രയത്നം കൊണ്ടാണ്. കേരളത്തിൽ നിന്നും മാർക്സിസ്റ്റ് പാർട്ടിയെ എതിർത്തു തോൽപ്പിക്കുന്നതിന് 5 വർഷമെടുത്താൽ അത് കൂടുതലായി പോവുകയില്ല. ആ കാര്യത്തിൽ വേണ്ടത്ര വിശ്വാസമുണ്ട്. കുരുക്ഷേത്രത്തിൽ വച്ചുകാണാം, നമസ്കാരം എന്നുപറഞ്ഞുകാണ്ടാണ് അദ്ദേഹം പിരിഞ്ഞത്. അതുമാത്രമല്ല അന്തരിച്ചുപോയ ശ്രീ.ടി.കെ. ദിവാകരന്റെ വാക്കുകൾ കൂടി കേൾക്കണം. '' ഈ ക്രൂരകൃത്യത്തിന് സാക്ഷ്യം വഹിക്കേണ്ടിവന്ന സഹപ്രവർത്തകരായ ഞങ്ങൾ മന്ത്രിസഭയിൽനിന്നും രാജിവയ്ക്കാൻ നിർബന്ധിതരായി. രാഷ്ട്രീയവിദ്വേഷം കൊണ്ടും അഹന്തകൊണ്ടും രക്തദാഹം പൂണ്ടു നിൽക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുമ്പിൽ ഏതാനും തലകൾ ഇപ്പുറത്തുനിന്നും ഞങ്ങൾ ബലി അർപ്പിക്കേണ്ടിവരും ദാഹം തീർക്കാൻ വേണ്ടി. ദാഹം തീർന്നില്ലെങ്കിൽ ഇപ്പുറത്തുനിന്നും കൂടുതൽ തലകൾ ഇല്ല. പക്ഷെ ഇവിടം കൊണ്ടും അവസാനിച്ചില്ലെങ്കിൽ സ്വന്തം അണികളെ രക്തത്തിൻ പുരട്ടി ആ വാൾ ഉയർത്തി പിടിക്കണമെന്നാണ്,''

ശ്രീ. സി. എ. കുര്യൻ: ബഹുമാനപ്പെട്ട മെമ്പർ വായിക്കുന്നത് ഏതു വർഷത്തെ ഏത് മാസത്തെ ഏത് ദിവസത്തെ പുസ്തകത്തിൽ നിന്നും ആണ്?

ശ്രീ. എം. എം. ഹസൻ: സി. പി. ഐ. പ്രവർത്തകനായ അന്തരിച്ചുപോയ ശ്രീ. ടി. എ. മജീദിന്റെ മകൻ നസീറിന്റെ നേതൃത്വത്തിൽ നടക്കുന്ന ഒരു പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച ''ചരിത്രം സൃഷ്ടിച്ച നിയമസഭാ പ്രസംഗങ്ങൾ'' എന്ന പുസ്തകത്തിൽ നിന്നും ഉള്ള ഭാഗമാണ് ഞാൻ വായിച്ചത്. സർ, ഇവിടെ ശ്രീ. ടി. എ. മജീദ് പറഞ്ഞത് എന്താണെന്നറിയാമോ? അങ്ങേയ്ക്ക് സമയമുണ്ടെങ്കിൽ പ്രൊസീഡിംഗ്സ് പരിശോധിക്കാം. ശ്രീമാൻ ടി. എ. മജീദ് പറഞ്ഞത് മാർക്സിസ്റ്റ് പാർട്ടിയുടെ സേച്ഛാധിപത്യ ഭരണം മൂലം മറ്റ് പാർട്ടികൾ ഐക്യമുന്നണിയിൽനിന്നും വലിച്ചെറിഞ്ഞു കൊണ്ടിരിക്കുന്നു. അവരുടെ ഭരണം അഴിമതിഭരണമായിമാറിയിരിക്കുന്നു ഇവിടെ മാർക്സിസ്റ്റ് മന്ത്രിമാർ എല്ലാം ഭരണത്തിന്റെ കാര്യത്തിലായാലും, മറ്റ് ഏത് രംഗത്തായാലും വിഭാഗീയ ചിന്താഗതിയോടുകൂടി ഘടക കക്ഷികളെ അകറ്റിനിർത്തിക്കൊണ്ട് മുമ്പോട്ടു നീങ്ങുന്നു. അന്തരിച്ചുപോയ ടി. എ. മജീദിന്റെയും ടി. കെ. ദിവാകരന്റേയും ടി. വി. തോമസിന്റേയും ആത്മാക്കൾ ഈ സി. പി. ഐ. ക്കാരോടും ആർ. എസ്. പി. ക്കാരോടും പൊറുക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി പിന്താങ്ങുന്നു. ഈ അവിശ്വാസപ്രമേയം പാസാക്കാൻ നോക്കിയിരിക്കാതെ ശ്രീ. കരുണാകരൻ അന്തസ്സായി രാജിവച്ചു പോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് അദ്ദേഹം കൂട്ടാക്കുന്നില്ലെങ്കിൽ അദ്ദേഹത്തെ ഗവർണ്ണർ അടിയന്തിരമായി ഡിസ്മിസ് ചെയ്യണമെന്നാണ് എനിക്ക് ഗവർണ്ണരോട് അഭ്യർത്ഥിക്കാനുള്ളത്. അതിനുള്ള കാരണങ്ങളിലേക്ക് കൂടുതൽ ഞാൻ കടക്കുന്നില്ല. ഒന്നാമത് ഈ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷം ഉണ്ടായിരുന്നില്ല, ഇപ്പോഴും ഭൂരിപക്ഷം ഇല്ല. ഈ കഴിഞ്ഞ ദിവസങ്ങളിലും മറ്റും വന്നിട്ടുള്ള കണക്കുകളും ഉണ്ട്. ആ കണക്കുകളിലേക്ക് ഞാൻ കടക്കുന്നില്ല. 31-ാം തീയതിയിലെ ഇൻഡ്യൻ എക്സ്പ്രസ് പ്രസിദ്ധപ്പെടുത്തിയ കണക്കുപ്രകാരം കോൺഗ്രസ് 17, റിബൽ കോൺഗ്രസ്, (എസ്) 16, ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് 14. കേരളാകോൺഗ്രസ് (എം) 9, കേരളാ കോൺഗ്രസ് (ജെ) 6, എൻ. ഡി. പി 3, പി. എസ്. പി. 1, ആർ. എസ്. പി(ശ്രീകണ്ഠൻ നായർ) 1, ആകെ 67. അതാണ് അവരുടെ കണക്ക്. അങ്ങനെയൊരു ഗവർമ്മെൻറ് രൂപീകരിക്കാൻ ആർക്കെങ്കിലും അധികാരമുണ്ടോ ഈ ഇൻഡ്യാ മഹാരാജ്യത്തിൽ?

ഇവിടെ ശ്രീ. രാമചന്ദ്രൻ മാസ്റ്റർ Subjective satisfaction എന്നു പറഞ്ഞു. കോൺസ്റ്റിറ്റ്യൂഷനിൽ വളരെ ഡെഫിനിറ്റായിട്ടുള്ള ചില പ്രൊവിഷൻസ് ഉണ്ട്. അതനുസരിച്ചാണ് കാര്യങ്ങളും നടക്കുന്നത്, ആർട്ടിക്കിൾ 164 (2) പറയുന്നത് The Council of Ministers shall be collectively responsible to the Legislative Assembly of the State എന്നാണ് അതിന് നിയമപരമായ വ്യാഖ്യാനം ഉണ്ടായിട്ടുണ്ട്; തീരുമാനം ഉണ്ടായിട്ടുണ്ട്. പല പ്രാവശ്യം കോടതികളിലും മറ്റും ഇതിനെ സംബന്ധിച്ച് തീരുമാനങ്ങളും ഉണ്ടായിട്ടുണ്ട്. അതിന്റെ അർത്ഥം ഈ സഭയുടെ ഭൂരിപക്ഷം മിനിസ്ട്രിക്ക് ഉണ്ടായിരിക്കണം. ഈ സഭയുടെ ഭൂരിപക്ഷമില്ലാത്ത മന്ത്രിസഭ ഉണ്ടാക്കരുത്. ഈ സഭയുടെ ഭൂരിപക്ഷം ഇല്ലാതിരിക്കുന്നതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഞങ്ങടെ 61 പേർ ഉണ്ടായിരുന്നു. സ്പീക്കറെ കൂട്ടുന്നില്ല. 6 പേർ കോൺഗ്രസ് (എസും) 5 പേർ ജനതാ പാർട്ടിയും ഉണ്ടായിരുന്നു. ഇതിൽനിന്നും കണക്ക് വളരെ വ്യക്തമാണ്. ഇവരെല്ലാം കോൺഗ്രസ് ഐ. യുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ് രൂപീകരിക്കാൻ സമ്മതിക്കുകയില്ലെന്നു പറഞ്ഞിരുന്നു. അതിന്റെ ബാക്കി ഫോർമുലാസെല്ലാം ഇരിക്കട്ടെ. കോൺഗ്രസ് (ഐ.) യുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ് രൂപീകരിക്കാൻ ഭൂരിപക്ഷം ഉണ്ടായിരുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഈ ഗവൺമെൻറിനെതിരായി ഭൂരിപക്ഷം ഉണ്ടായിരുന്നെങ്കിൽ എന്തുകൊണ്ട് ആ ഭൂരിപക്ഷം ഉള്ള ലിസ്റ്റ് ഗവർണ്ണറുടെ മുമ്പിൽ ഹാജരാക്കിയില്ല?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അന്നു ഞങ്ങൾക്ക് ഗവൺമെൻറുണ്ടാക്കാനുള്ള ഭൂരിപക്ഷം ഉണ്ടായിരുന്നില്ല. അപ്പോൾ ഞങ്ങൾക്ക് ഗവർമെൻറുണ്ടാക്കാനുള്ള ഭൂരിപക്ഷം ഉണ്ടായിരുന്നില്ലെന്ന് വ്യക്തമായി ബോധ്യം ഉണ്ടായിരുന്നതുകൊണ്ടാണ് സഖാവ് നായനാർ ഗവർണ്ണരുടെ മുമ്പിൽ പോയി രാജി സമർപ്പിച്ചത്. കോൺഗ്രസ് പോയെങ്കിലും ഞങ്ങൾക്ക് ഭൂരിപക്ഷം ഉണ്ടെന്നും സഭയിൽ തെളിയിക്കാമെന്നും പറയാൻ അവകാശമുണ്ടായിരുന്ന ഒരേ ഒരു വ്യക്തി നായനാർ ആയിരുന്നു. 'എനിക്ക് ഭൂരിപക്ഷം ഉണ്ട്, കോൺഗ്രസ് (എസ്) പോയെങ്കിലും, മറ്റ് ആരു പോയെങ്കിലും എനിക്ക് ഭൂരിപക്ഷം ഉണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ സഭയിൽ തെളിയിക്കാം ഉടൻ സഭ വിളിക്കണം, എന്നു പറയാൻ അവകാശമുള്ള ഒരേ ഒരാൾ സഖാവ് നായനാർ മാത്രമായിരുന്നു. പക്ഷെ ഞങ്ങൾക്ക് ഭൂരിപക്ഷമില്ലാതിരുന്നതുകൊണ്ടാണ് പറയാത്തത്. എനിക്ക് ഭൂരിപക്ഷം ഉണ്ട്. കോൺഗ്രസ് (എസ്) പോയെങ്കിലും മറ്റ് ആര് പോയെങ്കിലും എനിക്ക് ഭൂരിപക്ഷം ഉണ്ട്, ഞാൻ സഭയിൽ തെളിയിക്കാം. ഉടൻ സഭ വിളിക്കണം എന്ന് പറയാൻ അവകാശമുള്ള ഒരേ ഒരാൾ സഖാവ് നായനാർ മാത്രമായിരുന്നു. പക്ഷെ ഭൂരിപക്ഷമില്ലാത്ത ഗവൺമെൻറാണ് നിങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. അങ്ങനെയുള്ള ഒരു ഗവർമെൻറുണ്ടാക്കിയത് ശരിയാണോ? എനിക്ക് അപ്പുറത്തിരിക്കുന്ന ആൻറണിയുടെ കൂട്ടത്തിൽ ഉള്ളവരോടും കോൺഗ്രസ് (ഐ) യിൽ ഉള്ളവരോടും പറയാനുള്ളത് ശ്രീ. ഹസൻ പറഞ്ഞ കഥയാണ്. ഒരു പ്രാവശ്യം ഉപയോഗിച്ചുകഴിഞ്ഞാൽ ആ ജന്തുവിനെ കൊന്നുകളയുന്ന സ്വഭാവമാണ് ഒരു തരം എട്ടുകാലിക്കുള്ളത്. ശ്രീമതി ഇന്ദിരാഗാന്ധിയും മിക്കവാറും അതുപോലെയായിരിക്കും. ആരെ ഉപയോഗിച്ചാലും വളരെ വേഗത്തിൽ അവരെ ശരിയാക്കുമെന്നുള്ളത് അപ്പുറത്തുള്ളവർ മനസ്സിലാക്കണം. ശ്രീ. സി. എച്ച്. മുഹമ്മദുകോയയും ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. മാണിയും ശ്രീ. ജോസഫും അത് മനസ്സിലാക്കണം. ശ്രീ. തച്ചടിയോട് ഞാൻ പിന്നീട് പറയാം. ഇപ്പോഴും ഈ തീരുമാനം ജനാധിപത്യത്തെ ആകെ നശിപ്പിക്കുന്ന ഒന്നാണ്. ഈ കേരളത്തിൽ ഭൂരിപക്ഷമില്ലാത്ത ഒരു മന്ത്രിസഭ ഉണ്ടാക്കാൻ ഗവർണ്ണർ അനുവദിച്ചത് നിയമവിരുദ്ധമായിട്ടാണ്. അതിന് ഗവർണ്ണർക്ക് അധികാരമുണ്ടായിരുന്നില്ല. അതിന് അവരെ പ്രേരിപ്പിച്ചത് ശ്രീമതി ഇന്ദിരാഗാന്ധി ആണ്. ശ്രീമതി ഗാന്ധി ലക്നൗവിൽ വച്ച് ഈ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷ പിന്തുണ ഉണ്ടെന്നു പറഞ്ഞു. പക്ഷെ ഇവിടെ വന്നപ്പോൾ അങ്ങനെ ഭൂരിപക്ഷം ഉണ്ടോയെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഗവർണ്ണർക്ക് ന്യായമായി എന്തെങ്കിലും തെളിവുകൾ ഉണ്ടായിരിക്കുമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട കരുണാകരൻ എന്താണ് ഈ കാര്യങ്ങളെപ്പറ്റി പറയാത്തത് ? അദ്ദേഹത്തിന് അദ്ദേഹത്തിൻേറതായ ന്യായങ്ങൾ ഉണ്ടായിരിക്കും. ഇത് നിങ്ങളുടെ വീട്ടുകാര്യമാണോ? ഗവർണ്ണറുടെ അല്ലെങ്കിൽ ഇന്ദിരാഗാന്ധിയുടെ വീട്ടുകാര്യമാണോ ? ഇത് ജനാധിപത്യത്തിൻെറ പ്രശ്നമാണ്, അസംബ്ലിയുടെ പ്രശ്നമാണ്. ഇത് പാർലമെൻറിൻെറ പ്രശ്നമാണ്, ഇത് ഭരണഘടനയുടെ പ്രശ്നമാണ്. ഈ കാര്യത്തിൽ ഈ നാട്ടിലുള്ള ഓരോ കുഞ്ഞിനോടും, സമാധാനം പറയാൻ ബാദ്ധ്യസ്ഥരാണ്. നിങ്ങളുടെ കൂടെ ആരെല്ലാമാണ് ഉള്ളതെന്ന് എന്താണ് പറയാത്തത്?

ശ്രീ. കെ. കരുണാകരൻ : ഞങ്ങൾ അതു പറയാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ : എന്നാ? ഈ സഭയിലല്ല പറയേണ്ടത് നിങ്ങൾ അത് എന്നേ പറയേണ്ടതായിരുന്നു. നിങ്ങൾ മന്ത്രിസഭ ഉണ്ടാക്കാൻ ശ്രമിച്ചകാലത്തേ പറയേണ്ടതായിരുന്നു നിങ്ങൾ. പറയുന്നതിൻെറ കഥയിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. നമുക്കെല്ലാവർക്കും കൂടിയിരുന്ന് ഒരു തീരുമാനമെടുക്കാം. അതായത് കുറഞ്ഞത് പേരിൽ കുറവുള്ള പാർട്ടിക്ക് മന്ത്രിപാടില്ലായെന്ന്.

ശ്രീ. പി. ജെ. ജോസഫ് : കഴിഞ്ഞ തവണ ഇത് ബാധകമല്ലായിരുന്നോ ?

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഞാൻ പറയുന്നത് ഇപ്പോഴത്തെ കാര്യമാണ്. നമ്മൾ അങ്ങനെ തീരുമാനിക്കുന്നത് നന്നായിരിക്കും. അങ്ങനെ തീരുമാനിച്ചാൽ നല്ല ജനാധിപത്യ കീഴ്വഴക്കമുണ്ടാകും. മന്ത്രിസഭയ്ക്ക് ഭൂരിപക്ഷമില്ലായെന്നുള്ളത് ഇവിടെ മാത്രം ഒതുങ്ങി നിൽക്കുന്ന പ്രശ്നമല്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തെ പൊതുവേ ബാധിക്കുന്ന പ്രശ്നമാണ്. ഇവിടെ നിങ്ങൾക്ക് ഭൂരിപക്ഷമുണ്ടെന്ന് ആരോ പറഞ്ഞു എന്തോ ബോധ്യമായിയെന്ന് പറഞ്ഞുകൊണ്ട് ഇവിടെ ഭൂരിപക്ഷമില്ലാതെ മന്ത്രിസഭ രൂപീകരിച്ചിരിക്കുകയാണ്. ആസ്സാമിൽ 65 പേരുടെ ഭൂരിപക്ഷമുണ്ടെന്ന് പറഞ്ഞു. ഞങ്ങൾ പോയി. പക്ഷേ ഭൂരിപക്ഷമില്ലാത്തവരെ മന്ത്രിസഭ രൂപീകരിക്കുവാൻ സമ്മതിച്ചു. ഗർവാളിൽ ഇലക്ഷൻ മാററിവച്ചു. പിന്നെ ബംഗാളിലുള്ള ഭൂരിപക്ഷമുള്ള മന്ത്രിസഭ പറയുന്നു ഇപ്പോൾ തെരഞ്ഞെടുപ്പു നടത്തണമെന്ന്. പക്ഷേ തെരഞ്ഞെടുപ്പ് നടത്തുന്നില്ല. സർ, അതിന്റെയൊക്കെ ഫലം എന്താണ്? സ്വഭാവികമായി ഫലം ശ്രീമതി ഇന്ദിരാഗാന്ധിക്കും അവരുടെ മകനും ഇഷ്ടമുള്ള സമയത്ത് ഇഷ്ടമുള്ള സ്ഥലത്ത് ഇഷ്ടമുള്ള ആളുകളെ വച്ചുകൊണ്ട് മന്ത്രിസഭ രൂപീകരിക്കാമെന്നുള്ളതാണ്. ഭരണഘടനയിൽ എഴുതി വച്ചുവെന്നാണ്. ഇത് ഒരുത്തരുടേയും മിടുക്ക് അല്ല. ആണോ? ഇവിടെയിരിക്കുന്നവരുടെ എന്തെങ്കിലും മിടുക്കുണ്ടോ ഈ മന്ത്രി സഭ ഉണ്ടാക്കിയതിൽ?

ശ്രീ. എ. കെ. ആൻറണിയുടെ പാർട്ടി പോയതിനെക്കുറിച്ച് ഇവിടെ വലിയ വാദങ്ങളൊക്കെ പറഞ്ഞു. ആൻറണിയുടെ പാർട്ടി പോയത് പ്രതിപക്ഷത്ത് ഇരിക്കാനാണ്. ശ്രീ. ആൻറണിയുടെ പാർട്ടിപോയി നാലുദിവസം കഴിഞ്ഞപ്പോൾ ശ്രീ. മാണിയും പാർട്ടിയും പോയി. അദ്ദേഹം പോയതിന് പറഞ്ഞ ന്യായീകരണം എന്താണ്? ക്രമസമാധാനം. കഴിഞ്ഞ ഗവൺമെൻറ് 21 മാസക്കാലം ഭരിച്ചപ്പോൾ കേരളത്തിലെ ഏതെങ്കിലും ഒരു വീട്ടിൽ ആ മന്ത്രിസഭയുടെ നേട്ടങ്ങൾ കടന്നുചെല്ലാത്തതായിട്ടില്ല, ആനുകൂല്യങ്ങൾ കടന്നു ചെല്ലാത്തതായിട്ടില്ല. തൊഴിലാളികൾക്ക്, കൃഷിക്കാർക്ക്, ഇടത്തരക്കാർക്ക് വിദ്യാർത്ഥികൾക്ക്, അധ്യാപകർക്ക്, സർവ്വീസിലുള്ളവർക്ക്, വ്യവസായികൾക്ക്, കച്ചവടക്കാർക്ക്, തൊഴിലുള്ളവർക്കും തൊഴിലില്ലാത്തവർക്കും അങ്ങനെ ഒട്ടേറെ പേർക്ക് പല ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. പിന്നെ ശ്രീ. കെ. എം. മാണിയുടെ ഒരു പ്രസംഗം റിക്കാർഡ് ചെയ്യാൻ എനിക്ക് കഴിയാതെ പോയതിൽ ഖേദമുണ്ട്. 72 കാര്യങ്ങൾ കഴിഞ്ഞ ഗവൺമെൻറ് ചെയ്തതിനെക്കുറിച്ച് അദ്ദേഹം ഇറങ്ങിപോയതിനുശേഷവും സ്റേറററിന്റെ എല്ലായിടത്തും നടന്നു പ്രസംഗിച്ചു. അതായത് ഈ രാജ്യത്തെ കൃഷിക്കാർക്കും തൊഴിലാളികൾക്കും സാധാരണക്കാർക്കും മറും ചെയ്ത 72 കാര്യങ്ങൾ അദ്ദേഹം പ്രസംഗിച്ചു. എന്തിന്, ശ്രീ. ആൻറണി പറഞ്ഞു, അദ്ദേഹത്തിന്റെ പാർട്ടി ഉപേക്ഷിച്ച അദ്ദേഹത്തിന്റെ മന്ത്രിമാരടക്കം ഉണ്ടായിരിക്കുന്ന മന്ത്രിസഭ ഈ രാജ്യത്തെ ജനങ്ങളോട് ചെയ്ത വാഗ്ദാനം നടപ്പിലാക്കുവാൻ വേണ്ടി പ്രവർത്തിച്ചു, എന്നാൽ ക്രമസമാധാനം ആപത്തിലായി എന്ന്.

ശ്രീ. കെ. എം. മാണി ക്രമസമാധാനം ആക്ഷേപത്തിലായിരിക്കുന്നുവെന്നു പറഞ്ഞു. അത് അദ്ദേഹം ഉള്ളിൽ തട്ടിക്കൊണ്ട് പറഞ്ഞ കാര്യമാണോ? ഈ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഞങ്ങൾ കൂടി എന്താണ് ചെയ്യേണ്ടതെന്ന് ശ്രീ. ഉമ്മൻചാണ്ടിയോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു, ഒരു നിർദ്ദേശവും ഇല്ലാ ഫലം കണ്ടാൽ മതിയെന്ന്. ഇപ്പോൾ ഫലം കണ്ടു. ശ്രീ. ഉമ്മൻ ചാണ്ടിയും കുറച്ചുപേരും അപ്പുറത്തിരിക്കുകയും മറുള്ളവർ ഇപ്പുറത്തിരിക്കുകയും ചെയ്യുന്നുണ്ട്. ഭഗവത്ഗീതയിൽ ശ്രീകൃഷ്ണൻ അർജ്ജുനനോട് പറഞ്ഞത് എന്താണ്? "കർമ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന" നിനക്ക് കർമ്മം ചെയ്യാനുള്ള അധികാരമേയുള്ളൂ, ഫലത്തിനു കാര്യമില്ല. അതുപോലെ ശ്രീ. ഉമ്മൻചാണ്ടി ഞങ്ങളോട് കർമ്മത്തെക്കുറിച്ച് പറഞ്ഞത് എനിക്ക് ഒന്നും പറയാനില്ല, എനിക്ക് പറയാനുള്ളത് ഫലത്തെക്കുറിച്ച് മാത്രമാണ്. ഫലം കാണണം. ഇതാണ് പറഞ്ഞത്. ഫലം കാണാൻവേണ്ടി തീരുമാനിക്കുകയും ചില തീരുമാനമെടുക്കുകയും ചർച്ച ചെയ്യാൻ തീയതി തീരുമാനിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനുമുമ്പ് വേളിയിൽ കൂടി പിരിഞ്ഞുപോകുവാൻ തീരുമാനിച്ച വരാണിവർ. അവർ എന്തിനുവേണ്ടി പോയി? രാജ്യത്ത് കുഴപ്പമുണ്ടായതു കൊണ്ട് പോയതാണോ? ശ്രീ. ഉമ്മൻചാണ്ടിയുടെ ഓരോ പ്രസംഗവും എടുക്കണം. അദ്ദേഹം മുമ്പ് പറഞ്ഞ കാര്യങ്ങളും എടുക്കണം. ക്രമസമാധാന തകർച്ച പോലും! ക്രമസമാധാനത്തകർച്ചയുടെ കാരണം പറഞ്ഞുകൊണ്ട് കോൺഗ്രസ്-ഐയിലേക്ക് പോയിരിക്കുന്ന ശ്രീ. വി. എം. സുധീരനോട് ചോദിക്കുകയാണ് നാലായിരം ആളുകളെ—80 പോലീസുകാരടക്കം—9 മാസങ്ങൾക്ക് ഉള്ളിൽ കശാപ്പ് ചെയ്തില്ലേ യു. പി. യിൽ? ഡെൽഹിയിൽ 119 പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയില്ലേ 3 മാസത്തിനുള്ളിൽ. അതുപോലെ ഓരോ സംസ്ഥാനത്തും ആയിരക്കണക്കിന് ആളുകളെ കശാപ്പ് ചെയ്തു കൊണ്ടിരിക്കുകയാണ്. ശ്രീ. കരുണാകരന്റെ പാർട്ടി താൽപര്യങ്ങൾക്കുവേണ്ടി ഹരിജനങ്ങളെ മാറി മാറി കൊല്ലുന്നു. ദിയോളിയിൽ കൂട്ടക്കൊല നടത്തിയ ആളുകളെ ഒരു മാസത്തിനകം പിടിക്കുമെന്ന് പറഞ്ഞപ്പോൾ അങ്ങനെ പിടിക്കാതിരിക്കുവാൻ വേണ്ടി പരിശ്രമിച്ചത് അവിടത്തെ കോൺഗ്രസ് നേതാക്കൻമാരാണ്. അതിൽ മുഖ്യമന്ത്രി ആകാൻ പോകുന്ന, ഉപമുഖ്യമന്ത്രി ആകാൻ ശ്രമിക്കുന്ന കോൺഗ്രസ് (ഐ) യിലെ പല ആളുകളുമുണ്ട്. അവർക്ക് അവിടെ തടയാൻ കഴിഞ്ഞില്ലെന്ന് കാണിക്കുവാൻ വേണ്ടി പത്തുപേരെ പിറേറ ദിവസം കൊന്നു. ഇങ്ങനെ ഇൻഡ്യയുടെ വിവിധ സ്ഥലങ്ങളിൽ പതിനായിരകണക്കിന് ആളുകളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന ഒരു ഭരണത്തിന്റെ നായകനായ ശ്രീ. കെ. കരുണാകരനുമായി യോജിച്ചു കൊണ്ടാണ് അപ്പുറത്ത് നിയമസമാധാനമുണ്ടാക്കുവാൻ വേണ്ടി പോയിരിക്കുന്നത്.

ആൻറണിയുടെ പാർട്ടിക്കാർ പോയതിന്റെ നാലാം ദിവസം ആണ് ശ്രീ. കെ. എം. മാണി ഞങ്ങളിൽ നിന്നും പോയത്. അപ്പോൾ നാലാമത്തെ ദിവസമാണ് അദ്ദേഹത്തിന് ക്രമസമാധാനത്തെക്കുറിച്ച് ബോധ്യമായത്. അതിന് നാലു ദിവസം എടുക്കേണ്ടതായിവന്നു. അദ്ദേഹത്തിന്റെ നിസ്സഹായതയെക്കുറിച്ചും നാലുദിവസം ആലോചിച്ചതിനെ കുറിച്ചും മനസ്സിലാകുന്നുണ്ട്.

ശ്രീ. കെ. എം. മാണി : ഇതൊക്കെ വ്യക്തമായ രേഖകളോടു കൂടിയ കാര്യങ്ങളാണ്. ഒക്ടോബർ മാസം 10-ാം തീയതി ചില കാര്യങ്ങൾ തിരുത്തുന്നതിനു വേണ്ടി മുഖ്യമന്ത്രിയുടെ അടുത്ത് നേരിട്ട് പോവുകയും ഞങ്ങളുടെ നിലപാട് വ്യക്തമാക്കുകയും അദ്ദേഹം അത് തിരുത്താതിരിക്കുകയും ചെയ്ത പശ്ചാത്തലത്തെക്കുറിച്ച് ശ്രീ. പി. എസ്. ശ്രീനിവാസന് എന്തെങ്കിലും പറയാനുണ്ടോ? അതിനെക്കുറിച്ച് അറിയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ : അതെല്ലാം കഴിഞ്ഞാണ് നാലു ദിവസം പോയത്. ആൻറണിയുടെ പാർട്ടിക്കാർ പോയതിനുശേഷം നമ്മളും തമ്മിൽ നാലു ദിവസം ഒന്നിച്ചിരുന്നു. ആ നാലുദിവസവും നമ്മളും തമ്മിൽ എന്ത് ആലോചിക്കുകയായിരുന്നു? നമ്മളും ഇത്രയും നാളും ഒന്നിച്ചിരുന്നല്ലോ. നീങ്ങളും അങ്ങോട്ട് പോവുകയാണെന്ന് ടെലിഫോണിലൂടെയെങ്കിലും പറയാനുള്ള സാമാന്യ മര്യാദപോലും നിങ്ങൾക്ക് ഇല്ലാതെ പോയല്ലോ?

ശ്രീ. കെ. എം. മാണി : അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാരെ ഫോണിൽ വിളിച്ച്, നിവൃത്തിയില്ല ഞങ്ങളും പോവുകയാണെന്ന് പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ : ശ്രീ. എം. എം. ഹസ്സൻ ഇവിടെ മുണ്ടുരിഞ്ഞുപോയ കഥ പറഞ്ഞല്ലോ. ശ്രീ. എ. കെ. ആൻറണി ഞങ്ങളുടെ അടുക്കൽ നിന്നും പോയിട്ട് ഒരു മന്ത്രിസഭയുണ്ടാക്കി. ശ്രീ. സി. എച്ച്. മുഹമ്മദുകോയയെ മുഖ്യമന്ത്രിയാക്കി. ഇപ്പോഴും ആൻറണിക്ക് ആണ് അതിൽ നിർബന്ധമെന്നറിയാം ശ്രീ. കരുണാകരനെക്കാളും. കരുണാകരൻ അവസാനം അങ്ങുപോയതാണ്. ആൻറണിയുടെ നിർബന്ധം കൊണ്ടാണ് മന്ത്രിസഭയുണ്ടാക്കിയത് എന്നുള്ളതുകൊണ്ട് ഞാൻ കൂടുതലൊന്നും കരുണാകരനോട് പറയുന്നില്ല. അന്ന് മന്ത്രിസഭയെ മറിച്ചിട്ടത് ആരാണ് ? അന്ന് അവിടെ ഇരുന്നുകൊണ്ട് ഞങ്ങളുടെ മുഖത്തുനോക്കി ഇനി ഈ ജൻമം ഞങ്ങളും നിങ്ങളുടെ കൂടെയില്ലായെന്ന് പറഞ്ഞു. ഇപ്പോഴും പറഞ്ഞിട്ടുള്ള കണക്ക് 100 കൊല്ലം. ശ്രീ. വക്കം പുരുഷോത്തമൻ പറഞ്ഞിട്ടുള്ള കണക്ക് 20 കൊല്ലം. പിന്നെ മുഖ്യമന്ത്രിക്ക് എൻെറ ജീവിതകാലം. എനിക്ക് അറിയുകയില്ല ആ ജീവിതകാലത്തിൻെറ കണക്ക്. ഈ ജൻമം ഞങ്ങളില്ലായെന്ന് പറഞ്ഞ ശ്രീ.എ.കെ. ആൻറണി എറണാകുളത്ത് വച്ച് ശ്രീ. സി. എച്ച്. മുഹമ്മദ് കോയയുമായി പാർലമെൻറിലും അസംബ്ലിയിലും സീറെല്ലാം വിഭജിച്ച് തീരുമാനമാക്കിയിട്ട് പിറേറദിവസം ഞങ്ങളുടെ കൂടെ വന്ന് കൂടിയിയില്ലേ ? ശ്രീ.സി.എച്ച്.മുഹമ്മദ് കോയയ്ക്ക് വെളിയിലിറങ്ങുവാൻ കഴിയുമായിരുന്നോ ? ആദർശധീരതയെ കുറിച്ച് കൂടുതലൊന്നും പറയരുത്. അതിനെക്കുറിച്ച് ഈ നാട്ടിലുള്ളവർക്കെല്ലാം അറിയാം. അതെല്ലാം കുറെ കണ്ടവരാണ്. കേട്ടോ ഹസ്സൻ അന്ന് ശ്രീ. സി. എച്ച്. മുഹമ്മദുകോയയ്ക്ക് വെളിയിലിറങ്ങുവാൻ പററുമായിരുന്നില്ല. അദ്ദേഹത്തിൻെറ വസ്ത്രം അഴിച്ചുകൊണ്ടുപോയിട്ട് ..... (ബഹളം) ഈ നിയമസഭയിലായാലും വെളിയിലായാലും കുറച്ച് മാനം മര്യാദയായി സത്യസന്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്യണം.

"ഞങ്ങൾക്ക് നിൽക്കാൻ കഴിയുകയില്ല, ഇന്ന് രാജ്യത്തൊട്ടാകെ ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ വച്ചുകൊണ്ട് കോൺഗ്രസിന് അപ്പുറത്ത് പോകണം, ഞങ്ങൾ ശ്രീ. കരുണാകരനുമായി യോജിക്കുവാൻ പോവുകയാണ് എന്നു പറഞ്ഞാൽ പോരെ ? ശ്രീ. കരുണാകരൻെറ കൂടെ കൂടണമെന്ന് നിർബന്ധമുള്ള ചില ആളുകൾ അവരുടെ നിർബന്ധത്തിന് വഴങ്ങി ആൻറണി തീരുമാനമെടുത്തതാണ്. എന്നേ നിങ്ങൾ നിശ്ചയിച്ചതാണ് ? കെ. പി. സി. സി. പ്രസിഡൻറ് ശ്രീ. എ. കെ. ആൻറണിയുമായും മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനുമായും ഉള്ള ഈ ഫോർമുല നിങ്ങൾ എന്നേ തീരുമാനിച്ചതാണ് ? എന്തിനാണ് ഞങ്ങളേയും രാജ്യത്തേയും വഞ്ചിക്കുന്നത് ? നിങ്ങൾ ആ തീരുമാനം നടപ്പിലാക്കുവാൻ പോവുകയാണെന്ന് പറഞ്ഞാൽ എത്ര സുഖമുള്ള കാര്യമാണ്. പിന്നെ എന്തിനാണ് വേറെ വാചകങ്ങൾ പറയുന്നത്. സുഹൃത്തുക്കളേ നിങ്ങളോട് എനിക്ക് പറയാനുള്ളത് നിങ്ങൾ ഇനിയും ആപത്തിലേക്കാണ് പോകുന്നത് എന്നാണ്. ശ്രീ. കെ. കരുണാകരൻ നിങ്ങളെ ശരിയാക്കും എന്നുള്ള കാര്യം നിങ്ങൾ നല്ലപോലെ ഓർത്തിരിക്കണം.....

(സഭയിൽ ബഹളം)

എനിക്ക് സ്നേഹബുദ്ധ്യാ ശ്രീ. ഉമ്മൻചാണ്ടിയോട് പറയാനുള്ളത്..... (ബഹളം)..... ഇവിടെ വോട്ടെടുപ്പ് നടക്കുമ്പോൾ ഏറ്റവും മോശമായ ഫലം ഞങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാവുകയാണെങ്കിൽ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാവുകയാണെങ്കിൽ അത് ജനങ്ങൾ സമ്മതിക്കുകയില്ല. നിങ്ങൾ ചാക്കിട്ട് പിടിച്ചതും നിങ്ങൾ കൃത്രിമമായി ഉണ്ടാക്കിയതുമെല്ലാം കഴിഞ്ഞാലും ഭൂരിപക്ഷമുണ്ടാവുകയില്ല. നിങ്ങൾക്ക് ഭൂരിപക്ഷം ഉണ്ടാകണമെങ്കിൽ സ്പീക്കറുടെ വോട്ട് കൂടി വേണം. ഇത് ഗവർണ്ണറുടെ കൗൺസിൽ ഓഫ് മിനിസ്റേറഴ്സ് ആണ്. ഗവർണ്ണറുടെ കൗൺസിൽ

LIBRARY ARCHIVES Kerala Legislative Assembly

സ് പീക്കറുടെ ഭൂരിപക്ഷത്തോടുകൂടിയാണ് ഇരിക്കുന്നതെന്ന് ഗവർണ്ണർ പറയുമോ ? സ്പീക്കറുടെ കാസ്റ്റിംഗ് വോട്ടോടുകൂടി ഈ ഗവൺമെൻറ് സ്ഥിരമായി നിൽക്കുവാൻ പോവുകയാണ്. എൻെറ ഗവൺമെൻറ്, മന്ത്രിസഭ അങ്ങനെയുള്ളതാണെന്ന് പറയുവാൻ ശ്രീ. ജോതിവെങ്കിടചെല്ലത്തിന് സാധിക്കുമോ, ശ്രീമതി ഇന്ദിരാഗാന്ധിക്ക് സാധിക്കുമോ, ശ്രീ. കെ. കരുണാകരന് സാധിക്കുമോ ? എന്നാൽ ഒരൊറ്റ സെക്കൻറ് നിൽക്കുവാൻ സാധ്യമല്ല ഈ മന്ത്രിസഭയ്ക്ക് അങ്ങനെയൊരു സഹായം കൂടാതെ.

അങ്ങനെയുണ്ടാകുമെങ്കിൻ നിയമവിരുദ്ധമായ ഒന്നാണ്, ഭരണഘടനാവിരുദ്ധമായ ഒന്നാണ്. നിയമസഭ പിരിച്ചുവിടുകയില്ല പെൻഷൻ കിട്ടും. എന്നൊക്കെ ആരെങ്കിലും പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അതൊന്നും നടക്കാൻ പോകുന്നില്ല. ശ്രീ. കരുണാകരൻ അതൊന്നും സമ്മതിക്കുകയില്ല. നിയമസഭ പിരിച്ചുവിടും. അങ്ങനെ പിരിച്ചുവിടുമ്പോഴും ഒരു കെയർടേക്കറായിട്ട് ഭരിക്കാമെന്നാണ് കരുണാകരൻ ഉദ്ദേശിക്കുന്നത്. ഭൂരിപക്ഷമില്ലാത്ത കാസ്റ്റിങ്ങ് വോട്ടിൻെറ ബലമുള്ള മന്ത്രിസഭക്ക് കെയർടേക്കറാകാമെന്ന് വിചാരിക്കുന്നുണ്ടെങ്കിൽ അത് മനസ്സിലിരിക്കുകയേയുള്ളു അടിച്ച് ഞങ്ങളം വെളിയിലിറക്കും.

മുഖ്യമന്ത്രി (ശ്രീ. കെ.കരുണാകരൻ) : ഏകപക്ഷീയമായിട്ട് നാടകം അഭിനയിക്കുകയാണോ ? എൻെറ മനസ്സിലുള്ള കാര്യവും ശ്രീനിവാസൻെറ അഭിപ്രായവും ചോദ്യവും ഉത്തരവും എല്ലാം ഏകപക്ഷീയമായി പറഞ്ഞ് മോണോ ആക്ട് അഭിനയിക്കുകയാണോ ?

ശ്രീ. പി. എസ്. ശ്രീനിവാസൻ : കരുണാകരൻെറ ആക്ടിന് ബദലായിട്ടുള്ള ആക്ടാണ്. ശ്രീ. കരുണാകരനാണല്ലോ ആക്ട് ചെയ്യുന്നത്. ഇവിടെ എ. ജെ. ജോൺ പണ്ട് ഇങ്ങനെയൊരു മന്ത്രിസഭ ഉണ്ടാക്കിയിരുന്നു. അവർക്ക് വെളിയിൽ ഇറങ്ങാൻ പറ്റുകയില്ലായിരുന്നു ഈ കേരളത്തിൽ. ഇത് കേരളമാണ് (ബഹളം) വെളിയിൽ ഇറങ്ങുകയില്ലെന്ന് ഞാൻ പറയുന്നു. ശ്രീ. ഉമ്മൻ ചാണ്ടി കൊച്ചിരാജാവിനെപോലെ ഇരിക്കുകയാണ്. കൊച്ചിരാജാവിൻെറ പണിയാണ് ശ്രീ. ഉമ്മൻ ചാണ്ടി ചെയ്യുന്നത്. ആഭ്യന്തരമന്ത്രി ആയിട്ട് പ്രവർത്തിക്കുന്നത് കരുണാകരനാണ്. അദ്ദേഹം രജ്യത്തൊട്ടാകെയുള്ള ജനങ്ങളെ അടിക്കുകയാണ്. വൈക്കത്തുള്ള എൻെറ വീട് പ്രശസ്തമായ വീടൊന്നുമല്ല. ശ്രീ. പട്ടംതാണുപിള്ള സാറും ശ്രീ. കേശവനും ശ്രീ. ടി. എം. വർഗ്ഗീസും ഉൾപ്പെടെയുള്ളവർ വിശ്രമം അനുഭവിച്ച വീടാണ്. ഈ 19-ാം തീയതി പോലീസ് ആ വീട്ടിൽ ചെന്ന് എൻെറ അമ്മ ഉൾപ്പെടെയുള്ളവരെ ചീത്തപറഞ്ഞു. 1948 മുതൽ 1950 വരെയുള്ള കാലഘട്ടത്തിൽ എൻെറ അമ്മ ഏകാകിനിയായി അവിടെ കഴിയുകയായിരുന്നു. ഞങ്ങൾക്ക് ഒന്നും അവിടെ പോകാൻ കഴിയുമായിരുന്നില്ല. അന്ന് ഞങ്ങളൊക്കെ ഒളിവിലായിരുന്നു. അവിടെ നാളികേരം അടക്കാൻ ആരും ചെല്ലുകയില്ല. ചെന്നാൽ അവരെ അറസ്റ്റ് ചെയ്യും. എൻെറ വീട്ടിലുള്ള കന്നുകാലികളെവരെ കൊണ്ടുപോയി. അങ്ങനെയുള്ള വീട്ടിൽ ഇക്കഴിഞ്ഞ ജാനുവരി 19-ാം തീയതി നിങ്ങളുടെ പോലീസുകാർ ചെന്ന് എൻെറ അമ്മയെ ചീത്ത പറഞ്ഞു. 19-ാം തീയതി നടന്ന പണിമുടക്കിൽ ആയിരക്കണക്കിന് ആളുകളെ അറസ്റ്റ് ചെയ്തു. നിങ്ങൾ പറഞ്ഞു ആരേയും അറസ്റ്റ് ചെയ്യുകയില്ലെന്ന്. നിങ്ങൾ രാജ്യത്തൊട്ടാകെ ആളുകളെ തല്ലുകയാണ്. ഇത് അധികകാലം വച്ചുപുലർത്തരുതെന്ന് ശ്രീ. കരുണാകരനോട് ഞാൻ പറയുകയാണ്. നിങ്ങൾ ഒരുകാര്യം ചെയ്തു. ഇവിടത്തെ തൊഴിലാളികൾക്കും കൃഷിക്കാർക്കും സാധാരണക്കാർക്കും മഹാഭൂരിപക്ഷം ഉണ്ടായിരുന്ന അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

സ്വാധീനം ഉണ്ടായിരുന്ന ഒരു ഗവൺമെൻറിനെ തകർത്തുകളഞ്ഞ ആളുകൾ അതിനെ പിന്നിൽനിന്ന് കുത്തിയ ആളുകൾ, അതിനെ വഞ്ചിച്ചുപോയ വഞ്ചകൻമാരായ ആളുകൾ ഇവരോടെല്ലാം പറയുന്നു നിങ്ങൾക്ക് ഒരുപാട് ദിവസമുമില്ല. ഈ രാജ്യത്ത് തൊഴിലാളികളും കൃഷിക്കാരും അവരുടേതായ ഒരു ഗവൺമെൻറ് വീണ്ടും ഇവിടെ കൊണ്ടുവരും. അന്ന് ഇവിടെയിട്ട് അടിച്ച കുട്ടികളുണ്ടല്ലോ---ആ കുട്ടികളെപ്പറ്റി പ്രത്യേകം നിങ്ങൾ ഓർത്തുകൊള്ളണം. അവർ ഈ രാജ്യത്തെ നേതാക്കൻമാരായെന്നുവരാം. മന്ത്രിമാരായെന്നുവരാം. അവർ ചിലപ്പോൾ പടിക്കലിനെതന്നെ ഉപയോഗിക്കും. ശ്രീ. കരുണാകരനെ ഒന്ന് ഉരുട്ടാൻ. രാജൻറെ കാര്യം ചോദിച്ചുകൊണ്ട് കണ്ണൻറെ കാര്യം ചോദിച്ചുകൊണ്ട് നിങ്ങളെ ഉരുട്ടിയെന്നുവരും. ഞങ്ങൾക്കൊന്നും പടിക്കേണ്ട കാര്യമില്ല. ഞങ്ങളുടെ മാക്രികളെ നിങ്ങൾക്ക് പേടിപ്പിക്കാൻ ഒക്കുകയില്ല. കാരണം ഞങ്ങൾ ചോരയിൽകൂടി വന്നവരാണ്. തെറ്റിദ്ധാരണയൊന്നും വേണ്ട കരുണാകരൻ. (ബഹളം) നിങ്ങൾരാജ്യത്തൊട്ടാകെപോലീസിനെഅഴിച്ചുവിട്ടിട്ട് നിയമസമാധാനം സംരക്ഷിക്കൻ പോകുന്നു. ക്രമസമാധാനം---ആൻറി സോഷ്യൽ എലിമെൻറ്സ് എന്നുപറയുന്നത് ആരൊക്കെയാണ്. ഈ രാജ്യത്തെ പാരമ്പര്യമുള്ള രാഷ്ട്രീയ നേതാക്കൻമാരെയെല്ലാം ആൻറി സോഷ്യൽ എലിമെൻറ്സ് ആണെന്നാണ് പറയുന്നത്. നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾക്കെല്ലാം പിന്നീട് നിങ്ങൾ ഉത്തരം പറയേണ്ടിവരും. ഈ അസംബ്ലിയിലെ സെക്രട്ടറി അടക്കമുള്ള ഈ രാജ്യത്തെ ഉദ്യോഗസ്ഥൻമാരും പോലീസുദ്യോഗസ്ഥൻമാരും ഒരുകാര്യം മനസ്സിലാക്കണം. ഒരുനിയമവിരുദ്ധ മന്ത്രിസഭയാണ് ഇവിടെ ഭരിക്കുന്നത്. നിയമവിരുദ്ധ മന്ത്രിസഭ പറയുന്നതുകേട്ട് എന്തെങ്കിലും അനാവശ്യം കാണിച്ചാൽ അതിന് ഉത്തരം പറയേണ്ടിവരുമെന്ന് പറഞ്ഞുകൊണ്ട് എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സീതിഹാജി : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. പ്രതിപക്ഷത്തിന് അസംബ്ലിയിൽ അവിശ്വാസ പ്രമേയം കൊണ്ടുവരികയല്ലാതെ യാതൊരു നിവൃത്തിയുമില്ല. ശ്രീ. ബേബിജോൺ ഇവിടെ പറഞ്ഞു ഞങ്ങൾ അംഗീകരിക്കാത്ത ഒരു സഭാനേതാവാണ് ഇവിടെയുള്ളതെന്ന്. ശ്രീ. ബേബിജോണിൻറെ അംഗീകാരം ഞങ്ങൾക്ക് വേണമെന്നില്ല. ഇപ്പോൾ 71 ആളുകൾ ഉണ്ട് സ്പീക്കർക്ക് കാസ്റ്റിങ്ങ് വോട്ട് ഉണ്ടോയെന്നൊക്കെചോദിച്ചു. ശ്രീ. നായനാർ നിങ്ങൾ ഇരിക്കേണ്ട സ്ഥാനമാണ് അത്. ശ്രീ. ആൻറണി ഇറങ്ങിപ്പോന്നപ്പോൾ നിങ്ങൾ എത്ര ആളുകളുടെ ഭൂരിപക്ഷമുണ്ടായിരുന്നു സ്പീക്കറെടുക്കാം ? അന്ന് രാജിവച്ചുപോകാൻ കൂട്ടാക്കാതെ നിങ്ങൾ ചാക്കുമായി നടന്നു. എന്നിട്ട് ഇന്ന് ഞങ്ങൾ ചാക്കുമായി നടക്കുന്നുവെന്ന് പറയുകയാണ്. ഞങ്ങൾക്കു ചാക്കുംകൊണ്ട് നടക്കേണ്ട യാതൊരു ആവശ്യവുമില്ല. ശ്രീ. ശ്രീനിവാസൻ വളരെ വികാരരഹിതനായിട്ട് പറഞ്ഞു ജനങ്ങൾ അവരുടെ പിന്നിലാണെന്ന്. കാണാൻ പോകുന്ന പൂരത്തെപ്പറ്റി പറയണോ ? ആൻറണിയും മാണിയും ചോദിച്ചില്ലെന്ന് പറഞ്ഞു. 1979-ൽ ഘടകകക്ഷികളായ ഞങ്ങളോടൊന്നും ചോദിക്കാതെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അപ്രീതിക്ഷണം കൊണ്ട് രാജിവച്ചുപോയ പി. കെ. വി. യുടെ അനുയായി ഈ സഭയിൽവന്ന് ഇത് പറയുമ്പോൾ ഈ ചുവരുകൾക്ക് ജീവൻ ഉണ്ടായിരുന്നെങ്കിൽ ലജ്ജാവഹമെന്ന് വിളിച്ചുപറയുമായിരുന്നു. സ്പീക്കറെ അനുമോദിച്ചുകൊണ്ട് ഇന്ന് രാവിലെ ശ്രീ. പി. കെ. വി. പറഞ്ഞു ഞങ്ങൾ ഫൗൾ കളിക്കുകയാണ്. സ്പീക്കർ നിഷ്പക്ഷത കാണിക്കണമെന്ന്. ഫൗൾ കളിക്കുന്നത് തോൽക്കുന്ന ടീമാണ്. ചിലപ്പോൾ ഗത്യന്തരമില്ലാതെ കാലിൽ ചവിട്ടും ചില കീഴ്വഴക്കങ്ങളൊക്കെ ഉണ്ടാകും. അങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കള്ളിക്കാരെ കുത്തിപ്പിടിച്ച് ഗ്രൗണ്ടിനു വെളിയിൽ കൊണ്ടാക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ആ ഫോം കളിക്കാനാണു ശ്രീ. പി. കെ. വി. ശ്രമിക്കുന്നതെങ്കിൽ, ശ്രീ. ശ്രീനിവാസൻ പുറപ്പെടുവിച്ച ഭീഷണി നടപ്പാക്കാനാണു ഉദ്ദേശമെങ്കിൽ ഞങ്ങളാരും വീട്ടിൽ മടങ്ങിച്ചെല്ലുമെന്നു പറഞ്ഞിട്ടു വന്നവരല്ലെന്നു ശ്രീനിവാസൻ മനസ്സിലാക്കണം. ഞങ്ങളൊക്കെ പുരുഷത്വമുള്ളവരാണു, ആണത്വമുള്ളവരാണു. ഞങ്ങളുടെ ഗവൺമെന്റു ഭൂരിപക്ഷമുള്ള ഒരു ഗവൺമെന്റാണു. അങ്ങു ഇരിക്കുന്ന സീറ്റിൽ ബഹുമാനപ്പെട്ട ബാവാജി സ്പീക്കറായിരിക്കുമ്പോഴും എന്റെ പാർട്ടി പിളർന്നു ഏഴു ആളുകളും അപ്പുറത്തു പോയപ്പോഴും ഈ സഭയിൽ എത്ര ആളുകളുടെ ഭൂരിപക്ഷമുണ്ടായിരുന്നു ? ചേലാട്ടു അച്യുതമേനോൻ കരുണാകരൻ ഇരിക്കുന്ന സീറ്റിൽ ഇരുന്നപ്പോഴും ബേബിജോൺ ചാക്കുമായി നടന്ന കഥ അങ്ങാടിപ്പാട്ടാണു. അതൊന്നും ഞങ്ങളും ഇപ്പോഴും പറയുന്നില്ല. ഞങ്ങളും ആ വൃത്തികേടിനു പോകുന്നില്ല. വ്യക്തമായ ഭൂരിപക്ഷമുണ്ടു. ഞങ്ങൾക്കു 71 ആളുകളും ഉണ്ടെന്നു പറയാനുള്ള ധൈര്യമുണ്ടു. ഞങ്ങളും തെളിയിക്കും. നിങ്ങൾക്കു 71 ആളുകളുണ്ടെന്നു തെളിഞ്ഞാൽ ഈ നിമിഷം ഞങ്ങളുടെ നേതാക്കൻമാർ രാജിവച്ചുപോകാൻ അശേഷം മടിക്കുകയില്ല. ഈ രാജ്യത്തു ഒരു നല്ല ഗവൺമെന്നു വന്നു. 21 മാസക്കാലത്തെ കണക്കുകളും വേണോ ? ക്രമസമാധാനത്തെപ്പറ്റി എന്റെ സ്നേഹിതൻ പ്രസംഗിച്ചപ്പോഴും പറയുകയാണു ഇവിടെ അതൊന്നും ഉണ്ടായിട്ടില്ലെന്നു. ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർമാരെ സെക്രട്ടേറിയറ്റിൽ പടിക്കൽവച്ചു അടിച്ചുപഞ്ചറാക്കിയതു നമ്മളും കണ്ടതല്ലേ ശ്രീനിവാസാ ? അതെല്ലാം മറന്നോ ? തിരുവനന്തപുരത്തു 23 വയസുള്ള ഒരു പയ്യനെ പട്ടാപ്പകൽ പോലീസ് ലാത്തിചാർജ്ജു നടത്തി ഇഞ്ചിഞ്ചായി കൊന്നു കടലിൽ ഒഴുക്കാൻ പോയതു ശ്രീനിവാസൻ ഉൾപ്പെട്ട ഗവൺമെന്റിന്റെ കാലത്തായിരുന്നു. അതെപ്പറ്റി അറിഞ്ഞുകൂടേ ? ശ്രീ. രാമകൃഷ്ണനോടു ചോദിച്ചാൽ മതി. രാമകൃഷ്ണൻ പറഞ്ഞതു ആശുപത്രിയിൽ കൊണ്ടുപോയപ്പോഴും ജീവൻ ഉണ്ടായിരുന്നുവെന്നാണു. ക്രമസമാധാന നിലയെക്കുറിച്ചു ശ്രീ. പി. കെ. വി. വളരെ വികാരഭരിതനായിട്ടു പ്രസംഗിച്ചതു ഞാൻ ഇപ്പോഴും മറക്കുകയില്ല. വാക്കുകളും കിട്ടുന്നില്ല. അദ്ദേഹത്തിനു ഹൃദ്രോഗം വരുമോയെന്നു ഞാൻ ഭയപ്പെട്ടതാണു. അത്രയും വികാരഭരിതനായിട്ടാണു ക്രമസമാധാനത്തെ കുറിച്ചു പ്രസംഗിച്ചതു ഇപ്പോഴും വയനാട്ടിൽ ഒരു സംഭവം നടന്നു. വയനാട്ടിൽ ആ ക്രൂരകൃത്യം ചെയ്ത പ്രതിയെ 24 മണിക്കൂറിനകം അറസ്റ്റു ചെയ്തു എടുക്കാൻ കഴിഞ്ഞു. നിങ്ങളും എന്താണു ചെയ്തതു ? ചൈനയുമായുള്ള സമരത്തിൽ ലഡാക്കിൽപോയി, കൊടും തണുപ്പിൽ പോയി ഈ രാജ്യത്തിനുവേണ്ടി രക്തം ചിന്താൻ തയ്യാറെടുത്ത ചൈനാ പട്ടാളത്തിന്റെ പീരങ്കിക്കുനേരെ വിരിമാർ കാണിച്ച പെരിന്തൽമണ്ണയിലെ ജനാർദ്ദനൻ എന്ന പയ്യനെ സി. ഐ. ടി. യു. ഗുണ്ടകളും ആട്ടി പുഴയിൽ ചാടിച്ചു വേട്ടനായെപ്പോലെ എറിഞ്ഞു എറിഞ്ഞു കൊന്നു. മൂന്നു ദിവസം കഴിഞ്ഞു പുഴയിൽനിന്നു ശവം കിട്ടിയപ്പോഴും കേസു തേച്ചുമാച്ചു കളയാത്തതിന്റെ പേരിൽ മലപ്പുറം എസ്. പി. യെ രായ്ക്കുരാമാനം മാറ്റി രാമകൃഷ്ണൻ. ആ കേസു അന്വേഷിക്കാൻ പോയ സബ് ഇൻസ്പെക്ടറെ എന്തുചെയ്തു ? അഞ്ചു കൊല്ലംമുമ്പു ദുബായിൽ പോയ ആളുകളെ പത്തു കൊല്ലംമുമ്പു മരിച്ചുപോയ ആളുകളെ കേസിൽ പ്രതിയാക്കിയ രാമകൃഷ്ണനോടൊപ്പം നിന്നാണോ ശ്രീനിവാസാ ഇതെല്ലാം പറയുന്നതു ? ഇതെല്ലാം ജനങ്ങളും മനസ്സിലാക്കിയിട്ടുണ്ടു. ഈ രാജ്യത്തെ ജനലക്ഷങ്ങളും ഈ ഗവൺമെന്റിനു പിന്തുണ നൽകുന്നതു അതുകൊണ്ടാണു. പണ്ടു ഈ സഭയിൽ ശ്രീ. ദേവസ്സിക്കുട്ടി പറഞ്ഞ വാക്കുകളും ഞാൻ ഓർക്കുകയാണു. തേക്കിൻകാട്ടിൻ മൈതാനമാണു. ഇവർ ആരെ കണ്ടാണു

LIBRARY ARCHIVES Kerala Legislative Assembly

തുള്ളുന്നത് സി. പി. എം. ആണ് പറയുന്നതെങ്കിൽ നമുക്ക് മനസിലാക്കാം. ആരാണ് സി. പി. ഐ ? അറിയാത്തതുകൊണ്ട് ചോദിക്കുകയാണ്. ഞങ്ങളുടെ നേതാക്കൻമാർക്ക് ഇ വി ടെ മന്ത്രിയായി നടക്കാനൊക്കുകയില്ലെന്നാണ് പറയുന്നത്. എന്താണ് ശ്രീനിവാസാ ? ജനങ്ങളം തെരഞ്ഞെടുത്ത ഗവൺമെൻറാണ് ഇത്.

എന്താണ് ഇവിടെ മുമ്പുണ്ടായത് ? നിങ്ങളല്ലേ ശ്രീ. അച്യുതമേനോനെ ഡൽഹിയിൽനിന്ന് വിളിച്ചുകൊണ്ടുവന്നത് ? എന്ത് മുന്നണിയാണ് അന്ന് ഉണ്ടാക്കിയത്? അത് മറന്നോ? ശ്രീ. സി. എച്ച്. മുഹമ്മദ് കോയ
1 P. M. രാജി വച്ചപ്പോഴം ബഹുമാനപ്പെട്ട മാണിയെ അല്ലേ നിങ്ങളം മുഖ്യമന്ത്രിയാക്കാൻ പോയത് ? ശ്രീമതി ജ്യോതിവെങ്കടചെല്ലത്തിനെറ അടുത്ത് നിങ്ങളല്ലേ പോയത് ? നിങ്ങളം 'അയ്മൂന്ന് പതിനഞ്ച്', ഞങ്ങളം അയ്മൂന്ന് 'പതിമൂന്നേം' ?

ഈ രാജ്യത്ത് മുന്നണി ഉണ്ടാക്കിയത് നമുക്ക് അറിയാം. നിങ്ങളാണ് പോയത്, ഞങ്ങളല്ല. ഇപ്പോഴം ശ്രീ. മാണി നിങ്ങളംക്ക് പറയുകയില്ലല്ലോ. ശ്രീ. മാണി പറഞ്ഞു, ശ്രീ. ആൻറണി പറഞ്ഞു. ഇനി എൻെറ ബഹുമാനപ്പെട്ട ഷൺമുഖദാസ്, കോൺഗ്രസ് എന്ന് പറയാനുള്ള അർഹത നിങ്ങളംക്കുണ്ടോ? ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞു. പവിത്രമായ ആ കോൺഗ്രസ് പതാക, ഭാരതത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി പടപൊരുതാൻ നേതൃത്വം നൽകിയ ത്രിവർണ്ണ പതാക, അന്താരാഷ്ട്ര പ്രശസ്തി നേടിയ ശ്രീ. ജവഹർലാൽ നെഹ്റു ചുവന്ന പതാക, രാഷ്ട്രപിതാവ് മഹാത്മഗാന്ധി ചുവന്ന പതാക, സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ ബക്കിംഗ്ഹാം കൊട്ടാരത്തിൽ കേറിച്ചെന്ന്, നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം നൽകുക, അല്ലെങ്കിൽ സ്വതന്ത്ര മണ്ണിൽ ആറടി മണ്ണ് നൽകുക എന്ന് പറയാൻ മൗലാന മുഹമ്മദാലിക്ക് പ്രചോദനം നൽകിയ ത്രിവർണ്ണ പതാക, അത് ചുട്ടുകരിച്ച് ചാമ്പലാക്കിയിട്ട്, ലജ്ജയില്ലേ ശ്രീ. ഷൺമുഖദാസിന് അവിടെയിരിക്കാൻ എന്ന് ചോദിക്കുകയാണ്. എനിക്ക് കോൺഗ്രസിനോട് അഭിപ്രായ വ്യത്യാസം ഉണ്ടാകാം. പക്ഷേ ആ പതാക ഈ രാജ്യത്തിന് നേതൃത്വം നൽകിയ പതാകയാണ്. ശ്രീ. പി. കെ. വി. ക്കും, ശ്രീ. നായനാർക്കും ശ്രീ. ഷൺമുഖദാസിനും, ശ്രീ. ബേബിജോണിനും, ശ്രീ. ചന്ദ്രശേഖരനുമെല്ലാം ഈ രാജ്യത്ത് രാഷ്ട്രീയത്തിലേക്ക് വരാൻ നേതൃത്വം നൽകിയ പതാകയാണത്. ആ പതാക ചുട്ടുകരിച്ചവരുടെകൂടെ ഇന്ന് കൂടിയിരിക്കുകയാണ്. എന്തിനാണ് ഷൺമുഖദാസ് ഇതൊക്കെ ? ഞാൻ കാര്യമായി ചോദിക്കുകയാണ്. ഈ രാജ്യത്ത് ജനങ്ങളുണ്ട്.

ഇപ്പോഴം ചോദിച്ചു, പദ്ധതി വിഹിതം ചോദിച്ചോ എന്ന്. എൻെറ സി. ബി. സി., അതിനാണ് ഞങ്ങളം ഗവൺമെൻറ് കൊണ്ടുവന്നത്. ഈ രാജ്യത്ത് ഒരു ജനകീയ ഗവൺമെൻറ് ഇല്ലാത്ത കാലത്താണ് പ്ലാൻ ഡിസ്ക്ഷൻ നടന്നിരുന്നത്.

ഞങ്ങൾക്ക് തെരഞ്ഞെടുപ്പിൽ യാതൊരു പേടിയുമില്ല. ഇന്ന് ഈ മുന്നണി മൽസരിച്ചാൽ 127 സീറ്റ് കിട്ടും. 13 സീറ്റ് നിങ്ങളംക്കുംകിട്ടും. യാതൊരു സംശയവുമില്ല. ആ പതിമൂന്ന് സീറ്റിലും ഞങ്ങളം വിചാരിച്ചാൽ തോൽപ്പിക്കാൻ സാധിക്കും പക്ഷേ ശ്രീ. എം. വി. രാഘവനെപ്പോലെയുള്ളവർ വേണം. അതിനുവേണ്ടി ഞങ്ങളം വിട്ടുതന്നതാണ്. ഞങ്ങൾക്ക് യാതൊരു ഭയവുമില്ല. നമുക്കൊന്ന് നോക്കാം. ഇവിടെ ബഡ്ജറ്റ് വരട്ടെ. ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടിയാണ് ഈ ഗവൺമെൻറ് നിലകൊള്ളുന്നത്. നിങ്ങളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

കുറെ കാര്യങ്ങളം ചെയ്തുവല്ലോ. ഞങ്ങളം എന്ത് കാര്യങ്ങളം ചെയ്യുന്നു ണ്ടെന്നു ജനങ്ങളം കാണുന്നുണ്ട്. എം. എൽ. എ. മാർ തോക്ക് കൈവശം വച്ചു നടക്കണമോ ? എന്താണിത് ? ഞാൻ അന്ന് പറഞ്ഞതാണ് ; ബഹുമാനപ്പെട്ട നായനാർക്ക് ബുദ്ധിയില്ലായെന്ന് : ഇപ്പോഴെങ്കിലും സമ്മതിച്ചോ? അന്ന് ശ്രീ. ആന്റണിയുടെ പാർട്ടി രാജിവച്ചുപോയപ്പോളം ഗവർണ്ണറുടെ അടുത്തുചെന്ന് നട്ടെല്ലോടുകൂടി പറയാമായിരുന്നു. എന്നാൽ മുന്നണിയിൽ നിന്ന് ആളുകളം മാറിയിരിക്കുന്നു, ഇപ്പോളം തെരഞ്ഞെടുപ്പ് നടത്തണം. നിയമസഭ പിരിച്ചുവിടണമെന്ന്. അത് പറയാൻ അന്ന് നട്ടെല്ല് കാണിച്ചില്ല. അന്ന് ശ്രീ. മാണിയുടെ പുറകെ 'കുറുക്കൻ മുട്ടനാടിന്റെ പുറകെ നടക്കുന്നതുപോലെ' നടക്കുകയായിരുന്നു ചെയ്തത്. എന്നിട്ട് ഇപ്പോളം അദ്ദേഹം ഞങ്ങളം രാജിവയ്ക്കണമെന്ന് പറയുന്നു. ഇത് എന്ത് മനുഷ്യരാണ് ; ശ്രീ. നായനാർ വ്യക്തിപരമായി എനിക്ക് വളരെ സ്നേഹമുള്ള ആളാണ്. പക്ഷേ നിങ്ങൾക്ക് ബുദ്ധിയില്ലാ എന്ന് മാത്രമാണ് ഞാൻ പറഞ്ഞത്. അന്ന് അത് ചെയ്യേണ്ടതായിരുന്നു, ചെയ്തില്ല. നിങ്ങളം രാജിവയ്ക്കണം, നിങ്ങൾക്ക് ഭൂരിപക്ഷമുണ്ടോ എന്ന് ഇപ്പോളം ചോദിക്കുന്നു.

ഞാൻ ചോദിക്കട്ടെ, സ്പീക്കർ ഇലക്ഷനെ നിങ്ങളം എതിർത്തോ ? എതിർത്തില്ല ; ധൈര്യമില്ല. ഞങ്ങൾക്ക് 71 ഉണ്ടെന്ന് നിങ്ങളം സമ്മതിക്കുന്നു. എന്നിട്ട് ബഹുമാനപ്പെട്ട ഇ. എം. എസ്സിന്റെ വക ഒരു പ്രസ്താവന ; അതിനെ തുടർന്ന് ശ്രീ. ശ്രീനിവാസന്റെ ഒരു പ്രസംഗം. ഗവർണ്ണർ രാജിവയ്ക്കണം, കരുണാകരൻ രാജിവയ്ക്കണം. ശ്രീ. ഇ. എം. എസ്സിന്റെ തിരുവെഴുത്തിൻമേലല്ലേ ഇവിടെ നിൽക്കുന്നത് : ഇ. എം. എസ്. പറഞ്ഞാൽ ഉടൻ രാജിവയ്ക്കണം.

ശ്രീ. പി. കെ. വി. വികാരഭരിതനാകുന്നുണ്ട്. എന്താണ് ആർ. എസ്. എസ്സിനോടുള്ള സമീപനം ? പറയണം ബി. ജെ. പി. യെ കൂട്ടുപിടിക്കുന്നവരല്ലേ അവിടെയുള്ളത് ? ശ്രീ. ഷൺമുഖദാസ് പറയണം. ശ്രീ. ബേബി ജോൺ പറയണം. അന്ന് ചെയ്ത പ്രസംഗം ഇവിടെയുണ്ട്. ബി. ജെ. പി. യെ കൂട്ടുപിടിച്ച് നിങ്ങൾ അധികാരത്തിൽ കയറുമെന്നാണ് പറഞ്ഞത്. ഇതാണോ കമ്മ്യൂണിസം, ഇതാണോ മാർക്സിസം ? പറയണം. നിങ്ങൾ ജനങ്ങളോട് പറയണം. ബി. ജെ. പി. യേയും കൂടെ ഉൾപ്പെടുത്തുപക്ഷ കക്ഷിയിൽ കൂട്ടുമെന്നാണ് പറയുന്നത്. ഇത് സി. പി. ഐ. അംഗീകരിക്കുന്നുണ്ടോ ? ഞങ്ങൾ ഏതായാലും കൂട്ടല്ല. ആ കൂട്ട് ഞങ്ങൾക്ക് വേണ്ട.

ശ്രീമതി ഇന്ദിരാഗാന്ധിയെക്കുറിച്ച് പറയുന്നു. ഈ ഇന്ദിരാഗാന്ധി വിരോധം എന്നുമുതലുണ്ടായി ശ്രീനിവാസാ ! എന്തൊക്കെയാണ് പറയുന്നത്, ഗവർണ്ണറുടെ പ്രസംഗം ശരിയായില്ല.....

ശ്രീ. അച്യുതമേനോൻ ഇവിടെ എങ്ങനെ വന്നു ? ഇന്ദിരാഗാന്ധി വന്നുവെങ്കിൽ സമ്മതിക്കുമോ ? പറയണം. അടിയന്തിരാവസ്ഥക്കാലത്ത്, ഇന്ദിരാഗാന്ധിയുടെ ഇരുപതിന പരിപാടി, സഞ്ജയ് ഗാന്ധിയുടെ അഞ്ചിന പരിപാടി, അമ്മായിയുടെ മൂന്നിന പരിപാടി.

ഒട്ടകപ്പക്ഷിമാതിരി നിങ്ങളം തലകുത്തി നിൽക്കരുത്. ജനങ്ങളം കാണുന്നുണ്ട്. ഒട്ടകപ്പക്ഷിയെപ്പോലെ തല കൂടുതൽ മണലിൽ താഴ്ത്തിയാൽ ആരും കാണുകയില്ലായെന്നു വിചാരിച്ച് നിങ്ങളം ഇങ്ങനെ നിൽക്കരുത്. നിങ്ങളം ചെയ്യുന്നത് ജനങ്ങളം കാണുന്നുണ്ട്. ഞങ്ങളൊക്കെ പത്രം വായിക്കുന്നുണ്ട്. നിങ്ങളുടെ നടപടികളെല്ലാം നോക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിരാഗാന്ധിയെക്കുറിച്ച് പറഞ്ഞു. ഇന്ദിരാഗാന്ധി തെറ്റുചെയ്താൽ അത് തെറ്റാണെന്ന് പറയാനുള്ള ആണത്തം ഞങ്ങൾക്കുണ്ട്. ഇന്ന് ഒന്ന് പറഞ്ഞിട്ട് നാളെ അത് മാറ്റി പറയരുത്. അതാണ് ഞങ്ങൾ പറയുന്നത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഇവർ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും, ഇന്ദിരാഗാന്ധിയുമായിട്ടുള്ള ബന്ധത്തെ സംബന്ധിച്ചും ഇന്ദിരാഗാന്ധിയെ സംബന്ധിച്ചും, അടിയന്തിരാവസ്ഥയെ സംബന്ധിച്ചും ഞങ്ങളെടുത്ത നിലപാടുകളെ സംബന്ധിച്ചും ഈ സഭയിൽത്തന്നെ പല തവണ വിശദീകരിച്ചിട്ടുള്ളതാണ്. നമ്മൾ ഒരുമിച്ചിരിക്കുമ്പോൾ, ഇന്ദിരാഗാന്ധിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇൻഡ്യയിലെ മുതലാളിമാരുടെ, കുത്തക മുതലാളിമാരടക്കമുള്ളവരുടെ നേതാവാണ് ഇന്ദിരാഗാന്ധി. ഞങ്ങൾ ഒരിക്കലും പറഞ്ഞില്ല. ചിലപ്പോൾ ഞങ്ങൾ തമ്മിൽ കൂട്ടുകെട്ട് ഉണ്ടായി കാണും. അത് വേറെ കാര്യമാണ്.

ശ്രീ. പി. സീതിഹാജി : ഇങ്ങനെ നേതാക്കൻമാരെ തള്ളിപ്പറയുന്ന ഒരു വർഗ്ഗത്തെ ഞാൻ കണ്ടിട്ടില്ല. ചേലാട്ട് അച്യുതമേനോൻ ഈ രാജ്യത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ഈ രാജ്യത്ത് അടിയന്തിരാവസ്ഥ വന്നത്. ഇന്ന് നിങ്ങൾ തള്ളിപ്പറയുന്നു. അന്ന് ഇറങ്ങിപ്പോയി ആണത്തം കാണിക്കേണ്ടതായിരുന്നില്ലേ ? ഞാൻ ഈ മുഖ്യമന്ത്രിസ്ഥാനം സ്വീകരിക്കുന്നില്ല എന്നു പറഞ്ഞ് ഇറങ്ങി പോകണമായിരുന്നു. അതു ചെയ്തില്ല. ആ അടിയന്തിരാവസ്ഥയുടെ എല്ലാ ആനുകൂല്യങ്ങളും പറ്റി 22 ആളുകളെ ഇവിടെ കൊണ്ടുവന്നു. അന്ന്, ശ്രീ. സി. എച്ച്. മുഹമ്മദ് കോയയുടെ കാലത്ത്, ഞാൻ പ്രസംഗിച്ചതാണ്. 22 വേണം പി. കെ. വി. ഇപ്പോൾ അത് 17 ആയി. ഇനി നിങ്ങളുടെ പാർട്ടി 'സീറോ' ആയി മാറും. യാതൊരു സംശയവുമില്ല. ഇതൊക്കെ കണ്ടിട്ടാണ് ഞങ്ങൾ പറയുന്നത്.

ഞങ്ങൾക്ക് അറിയാഞ്ഞിട്ട് ചോദിക്കുകയാണ്, ഞങ്ങൾ ചാക്കിടാൻ പോയോ ? ശ്രീ. മത്തായി മാഞ്ഞൂരാനെ മന്ത്രിയാക്കിയതാര് ? ഞങ്ങളാണോ ? എന്തിന് കഴിഞ്ഞ മന്ത്രിസഭയിൽ 'പിള്ള ഗ്രൂപ്പ്' എന്നും പറഞ്ഞ് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് മന്ത്രിസ്ഥാനം കൊടുത്തു ? ശ്രീ. വെല്ലിംഗ്ടനെ മന്ത്രിയാക്കിയില്ലേ ? ഇപ്പോൾ ഞങ്ങൾ ഇവരെയൊക്കെ മന്ത്രിയാക്കിയത് തെറ്റ്. നിങ്ങൾ ശ്രീ. ചന്ദ്രശേഖരൻ മുഖ്യമന്ത്രി, അഖിലേന്ത്യാ ലീഗും ചാക്കോ ഗ്രൂപ്പും കൂടി, ഞങ്ങൾ പിൻതുണ കൊടുക്കാമെന്നു പറഞ്ഞ് മന്ത്രിസഭയുണ്ടാക്കാൻ നടന്നില്ലേ ? എന്തിനാണ് ? നിങ്ങളല്ലേ ചാക്കുമായി നടന്നത് ? അതുകൊണ്ടാണ് ശ്രീ. ഷൺമുഖദാസിന് അവിടെ നിൽക്കേണ്ടിവന്നത്. നിങ്ങൾ അത് കൊടുത്തില്ലായിരുന്നുവെങ്കിൽ കുറച്ച് ദിവസം കഴിയുമ്പോൾ ഷൺമുഖദാസും ചാക്കോയും ഇപ്പുറത്ത് വന്നേനെ : അത് എനിക്ക് ഉറപ്പുണ്ട്. അന്ന് അഖിലേന്ത്യാലീഗും ചന്ദ്രശേഖരനും ചാക്കോയും കൂടി മന്ത്രിസഭയുണ്ടാക്കിയാൽ നിങ്ങൾ പിൻതുണ കൊടുക്കാമെന്നു പറഞ്ഞു പക്ഷേ ജനതാപാർട്ടി അന്നുപറഞ്ഞു മാർക്സിസ്റ്റ് പാർട്ടിയോടൊപ്പം ഞങ്ങൾ ഉണ്ടാവുകയില്ലായെന്ന്. കൽദായത്തെ ഫോർമുലയെക്കുറിച്ച് എനിക്ക് ഒന്നും അറിയുകയില്ല. അതുകൊണ്ട് ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇനിയിപ്പോൾ നാളെ ഉച്ചവരെ നിങ്ങൾക്ക് ഒന്നിരുന്നുകൂടേ, ഞങ്ങൾക്ക് ഭൂരിപക്ഷമുണ്ടോ എന്നറിയാൻ ? ഇപ്പോൾ പറയുന്നു, സ്പീക്കർക്ക് വോട്ടുചെയ്യാൻ പാടില്ലായെന്ന് പിന്നെ സ്പീക്കർ എന്താണ് വേണ്ടത് ? നിങ്ങളോടൊപ്പമാണോ ചെയ്യേണ്ടത് ? എന്നാൽ നിങ്ങൾക്കുതന്നെ സ്പീക്കറെ തെരഞ്ഞെടുത്തുകൂടായിരുന്നോ ? ഞങ്ങളുടെ നേതാവ് പറഞ്ഞതല്ലേ ? ബഹുമാനപൂർവ്വം ഞങ്ങളുടെ സഭാനേതാവ് പറഞ്ഞതാണ്, 'പ്രതിപക്ഷത്തെ ആരെങ്കിലും സ്പീക്കറായിക്കോട്ടെ' എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പോയിന്റ് ആഫ് ആർഡർ. അങ്ങ് ഇന്ന രീതിയിൽ ചെയ്യണമെന്നു പറയുന്നത് സ്പീക്കർക്കെതിരായ ഒരു ദുസ്സൂചന യാണ്. അത് പിൻവലിക്കണമെന്ന് ആവശ്യപ്പെടണം.

ശ്രീ. ഇ. അഹമ്മദ് : ഇത് ഈ സഭയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഇരിക്കുമ്പോഴത്തെന്ന നടന്നതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട സീതിഹാജി പറയുമ്പോൾ മാത്രം ഇങ്ങനെ പറയുന്നത് എന്താണെന്ന് മനസ്സിലാകുന്നില്ല.

ശ്രീ. പി. സീതി ഹാജി : ഞങ്ങൾ പറഞ്ഞതാണോ ? സ്പീക്കർക്ക് വോട്ടു ചെയ്യാൻ പാടില്ലായെന്നും മറ്റുമൊക്കെ നിങ്ങൾ തന്നെയാണ് പറഞ്ഞത്. ശ്രീ. പി. എസ്. ശ്രീനിവാസൻ പറഞ്ഞു, ശ്രീ. പി. കെ. വി. സ്പീക്കറെ അനുമോദിച്ചപ്പോൾ പറഞ്ഞു. ശ്രീ. ബേബിജോൺ അത് പറഞ്ഞിട്ടില്ല. അത് ശരിയാണ്.

ശ്രീ. ബേബിജോൺ : ഇപ്പോൾ നിങ്ങളോട് എത്ര പേരുണ്ട് ;

ശ്രീ. പി. സീതി ഹാജി : ഞങ്ങൾക്ക് ഇന്നാണെങ്കിൽ 71 പേരുണ്ട്. നാളെയാകുമ്പോൾ 73 പേരാകും.

ശ്രീ. സി. ബി. സി. വാര്യർ : പോയിന്റ് ആഫ് ആർഡർ. ശ്രീ. സീതിഹാജി നേരത്തെ 71 പേരെന്നു പറഞ്ഞു. ഇപ്പോഴും 71 പേരെന്ന് പറയുന്നു. അങ്ങയെക്കൂടി സ്വന്തം ഭരണകക്ഷിയിൽ ഉൾപ്പെടുത്തി എണ്ണുന്ന രീതിയിൽ, 71 എന്നു പറയുന്നത് ആർഡറിലാണോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ശ്രീ. സി. ബി. സി. ഉൾപ്പെടെ 71 ആണെങ്കിലോ ?

ശ്രീ. പി. സീതിഹാജി : ഞാൻ 71 എന്നല്ല പറഞ്ഞത്. 73 ആണ്, നാളെ വോട്ടുചെയ്യുമ്പോൾ കാണിച്ചുകൊടുക്കാം. എന്നാണ് പറഞ്ഞത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ : ഇപ്പോൾ അലോട്ടു ചെയ്തിട്ടുള്ള സമയം വച്ചു നോക്കിയാൽത്തന്നെ വളരെ കൂടുതൽ സമയം നമുക്ക് ഇരിക്കേണ്ടിവരും. അതുകൊണ്ട് ഒന്നുകിൽ ബഹുമാനപ്പെട്ട അംഗങ്ങൾ കുറച്ചു സമയം കുറയ്ക്കാൻ അനുവദിക്കണം. അല്ലെങ്കിൽ വലിയ ഇൻറർപ്പഷൻസ് ഇല്ലാതെ ബഹുമാനപ്പെട്ട അംഗങ്ങളെ പ്രസംഗിക്കാൻ അനുവദിക്കണം.

ശ്രീ. പി. സീതിഹാജി : സർ ഞാൻ 73 എന്ന് പറഞ്ഞത് 71 ആക്കേണ്ട. നാളെ അറിയാൻ പോകുന്ന കാര്യമാണ്. അതുവരെ ഒന്ന് ഇരുന്നുകൂടേ? അതുപോലെ പിന്നെ ഒന്നു പറഞ്ഞത് 17 ആളുള്ള കരുണാകരൻ എങ്ങനെയാണ് മുഖ്യമന്ത്രിയായത് എന്ന് ? 16 ആളുള്ള പി. കെ. വി. ക്ക് ഇവിടെ മുഖ്യമന്ത്രിയാകാം.....(ബഹളം) ഇന്നലെ നിങ്ങളുടെ നേതാവ് ഇ. എം. എസ്. ന്റെ പ്രസ്താവനയിൽ പറഞ്ഞു 17 ആളുള്ള കരുണാകരനാണ് മുഖ്യമന്ത്രി എന്ന്. ഇതൊന്നുമില്ലാത്ത അച്യുതമേനോനെ കൊണ്ടുവന്നു മുഖ്യമന്ത്രിയാക്കിയ ആളുകളാണ് നിങ്ങൾ. നിങ്ങൾക്കിപ്പോൾ ഈ കണക്കൊക്കെ പറയാം. ജനങ്ങൾ കൂടി കേൾക്കണ്ടേ. അതുകൊണ്ട് ബഹുമാനപ്പെട്ട പി. കെ. വി. യും ബഹുമാനപ്പെട്ട ബേബിജോണും അവിടെ അധികകാലം ഇരിക്കുകയില്ലെന്നു എനിക്കറിയാം, അതാണ് ഞാൻ അവരുടെ കാര്യം ഇവിടെ പറയാത്തത്. അതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്ത് ജനാധിപത്യം പുലരണമെന്ന് ആഗ്രഹിക്കുന്ന ആളുകളാണ് .....(ബഹളം) അതുകൊണ്ട് ഈ പ്രമേയം അനവസരത്തിലുള്ള പ്രമേയമാണ്, ആവശ്യമില്ലാത്ത പ്രമേയമാണ്.

ഇവിടെ ഗവർണ്ണറുടെ നന്ദി പ്രമേയം ചർച്ചചെയ്തു വോട്ടിനിടുമ്പോൾ ഭൂരിപക്ഷം നിങ്ങൾക്കറിയാമല്ലോ. നിങ്ങൾ പ്രതിപക്ഷം അതൊന്നും പറഞ്ഞ് ഞങ്ങളെ പിണക്കാൻ നോക്കേണ്ട. പ്രതിപക്ഷങ്ങൾക്ക് ഞങ്ങൾ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കും. നിങ്ങൾ ഞങ്ങളോടു കാണിച്ച മര്യാദ അല്ല. പ്രതിപക്ഷത്തോട് വളരെ ബഹുമാനത്തോടുകൂടി, ആദരവോടുകൂടി എല്ലാം ഞങ്ങൾ പെരുമാറും. പക്ഷെ ഭീഷണിപ്പെടുത്തിയാൽ അത് കുറച്ച് അപകടമാണ്. നിങ്ങൾ വിചാരിക്കുന്നതുപോലെ ഞങ്ങളുടെ മന്ത്രിമാർ..... (ബഹളം) നിങ്ങൾ കുറെ കോർപ്പറേഷനുകളും പഞ്ചായത്തുകളുമൊക്കെ ഭരിക്കുന്നുണ്ട്. അത് നടക്കുമോ? നിങ്ങളുടെ വിചാരം എന്താണ്? ഈ കളി എവിടെ എത്തും. ഇത് ബഹുമാനപ്പെട്ട ശ്രീനിവാസൻ പറയാൻ പാടില്ലാത്തതാണ്. രാഘവൻ പറഞ്ഞാൽ എനിക്ക് അത് മനസ്സിലാക്കാം. ഈ രാജ്യം ഭരിച്ച, മന്ത്രിയായിരുന്ന ശ്രീനിവാസൻ പറയുകയാണ് ഇറങ്ങി നടക്കാൻ കഴിയുകയില്ലെന്ന്. നിങ്ങൾ ഇറങ്ങി നടക്കുമോ? നിങ്ങൾ ഏതു ലോകത്താണ്. അറിയാത്തതുകൊണ്ടു ചോദിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. സീതിഹാജിക്ക് ഇനി രണ്ടു മിനിട്ടു കൂടിയേ ഉള്ളൂ.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ജനങ്ങളുടെ സാംഗത്യം ഇല്ലാത്ത ഈ മന്ത്രിസഭയ്ക്ക് ഇരിക്കാനും പ്രവർത്തിക്കാനും സാധിക്കുകയില്ല എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. സീതി ഹാജി: ഒരു മാസക്കാലമായി ഈ മന്ത്രിസഭ ജനങ്ങൾക്കു വേണ്ടി പലതും ചെയ്തു. സ്കൂളുകൾ ഉൽഘാടനം ചെയ്യാൻ പോകുമ്പോൾ ആശുപത്രി ഉത്ഘാടനം ചെയ്യാൻ പോകുമ്പോൾ കറുത്ത കണ്ണടവുമായിട്ട് നടക്കും പ്രതിപക്ഷം. ഈ കറുത്ത കണ്ണട പേടിക്കുന്നവർ ഞങ്ങളല്ല അത് നിങ്ങൾക്ക് അറിയാമോ? നിങ്ങൾ ഈ കറുത്ത കണ്ണട പിടിക്കണം. നിങ്ങൾ അത് വളരെക്കാലം പിടിക്കണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. നായനാർ മന്ത്രിസഭ മരിച്ചതിന്റെ ദുഃഖത്തിൽ ആ കറുത്ത കണ്ണട കുറേക്കാലം നിങ്ങൾ പിടിച്ചുകൊണ്ടിരിക്കും. ഞങ്ങൾക്ക് അതിൽ പ്രതിഷേധമില്ല. എന്നിട്ട് നിങ്ങൾ ഈ രാജ്യത്ത് എന്തൊക്കെ ഉണ്ടാക്കി? പോലീസുകാർ എന്തുചെയ്തു? ഈ പോലീസുകാരെക്കൊണ്ട് നിങ്ങൾ ചെയ്യിച്ചത് ഏതായാലും ഞങ്ങൾ ചെയ്യിക്കുകയില്ല. പോലീസുകാരെ നിറുത്തേണ്ടിടത്ത് ഞങ്ങൾ നിറുത്തും, നിറുത്താൻ ഞങ്ങൾക്ക് അറിയാം.

ഇവിടെ രാജന്റെ കേസിനെപ്പറ്റി പറഞ്ഞു. രാജൻ സംഭവത്തിന്റെ പേരിൽ ആ പോലീസുകാരെ എത്രയോ കാലം വെളിയിൽ നിറുത്തിയിരുന്നു. ഭുവനേന്ദ്രൻ കേസ് ഇവിടെ കൊണ്ടുവന്നപ്പോൾ ഞങ്ങൾ അന്ന് നിയമസഭയുടെ പ്രതിപക്ഷത്തിരുന്ന് ബഹളം ഉണ്ടാക്കിയതിന്റെ പേരിൽ സസ്പെൻറ് ചെയ്യുകയും ബഹുമാനപ്പെട്ട ഈ സഭ പിരിഞ്ഞ അവസരത്തിൽ ആ ക്രൂരകൃത്യം ചെയ്ത പോലീസുകാരെ റിഇൻസ്റ്റേറ്റ് ചെയ്ത അവരാണ് ഇപ്പോൾ രാജന്റെ കേസൊക്കെ പറയുന്നത്.

മലപ്പുറത്ത് എന്തുചെയ്തു. ഞങ്ങളുടെ മൂന്ന് ആളുകളെ കൊന്നു. ആയിരക്കണക്കിനാളുകളുടെ പേരിൽ കള്ളക്കേസുകൾ ഉണ്ടാക്കി. ആ കേസിന്റെ സത്യാവസ്ഥയെപ്പറ്റിപോലും അന്വേഷണം നടത്താൻ ധൈര്യം

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കാത്ത, മര്യാദ കാണിക്കാത്ത ഇവർ പറയുന്നു ഞങ്ങളും പോലീസിനെ കൊണ്ട് അക്രമം ചെയ്യിപ്പിക്കുന്നു എന്ന്. ഇവിടത്തെ പോലീസ് ഞങ്ങളായാലും നിങ്ങളായാലും അക്രമം കാണിച്ചാൽ മുഖംനോക്കാതെ നടപടിയെടുക്കും അവർക്ക് അതിനു എല്ലാ സംരക്ഷണവും ഈ ഗവൺമെന്റും ജനങ്ങളും കൊടുക്കുമെന്നും മിസ്റ്റർ ശ്രീനിവാസനെ ഓർമ്മപ്പെടുത്തുകയാണ്. ഭീഷണിപ്പെടുത്തി പോലീസ് ഉദ്യോഗസ്ഥൻമാരെ നിഷ്ക്രിയരാക്കാമെന്നു വിചാരിക്കേണ്ട. അങ്ങനെയുള്ള പോലീസുകാരല്ല ഇവിടെയുള്ളത്, നാട്ടിലുള്ള പോലീസുകാരാണ് ഇവിടെയുള്ളത്. അവർ ഇന്നു ബോധവാൻമാരാണ്. അവർ ഇന്നു ഈ രാജ്യത്ത് ജനങ്ങളെ ഉറങ്ങുന്നവനെ ഉറക്കാനും ജോലിചെയ്യുന്നവനെ ജോലി ചെയ്യിക്കാനും വേണ്ട സംരക്ഷണം കൊടുക്കുമെന്നും അക്കാര്യത്തിൽ വേണ്ട നീതി പുലർത്തുമെന്നും പറഞ്ഞുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

[ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : സർ, ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഈ ഇടക്കാലത്ത് നടന്ന കാര്യങ്ങളും ജനാധിപത്യത്തെ സംബന്ധിച്ച് വിവക്ഷിച്ചിട്ടുള്ള ആളുകളും ഭരണഘടനാ നിർമ്മാതാക്കളും ഭാവനയിൽ കാണാത്ത സംഭവങ്ങളും സംഭവന ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു ന്യൂനപക്ഷ ഗവൺമെന്റ് കേരള സംസ്ഥാനം ഭരിച്ചു കൊണ്ടിരിക്കുന്നു. ആ ഗവൺമെന്റിനു പിന്തുണ നൽകുന്ന വിഭാഗങ്ങളും ഏതാണെന്നു പറയാൻ ആ വിഭാഗം മടിച്ചു നിൽക്കുന്നു. ജനങ്ങൾക്കുവേണ്ടി ഭരിക്കുന്ന ഒരു ഭരണം ആര് പിന്തുണ നൽകുന്നു എന്നു അറിയാനും ജനങ്ങൾക്ക് അവകാശം ഉണ്ട്. ഇത് ജനാധിപത്യത്തെ സംബന്ധിച്ച് നിർവ്വചിച്ചിട്ടുള്ള ആളുകളിതയും ആ മൂല്യത്തിനു കേടു വരാത്ത വിധത്തിൽ മാറ്റം വരുത്തി ഭേദഗതിയോഗം ചെയ്യപ്പെടുകയില്ലെന്ന ഉത്തമവിശ്വാസത്തിൽ പരിപൂർണ്ണമായി എഴുതി നിർവ്വചിക്കപ്പെടാത്ത ഒരു കാര്യം ആ വിധത്തിൽ തെറ്റായി ഇവിടെ ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. ഈ സംവിധാനത്തിനു ഇൻഡ്യൻ ഭരണ സംവിധാനത്തിൽ തുല്യതയില്ല. ലോകത്തിലും ഉണ്ടോ എന്നു ഇതുസംബന്ധിച്ച് മനസ്സിലാക്കിയിട്ടുള്ള ആളുകളോട് ചോദിച്ചിട്ട് അധികമായിട്ടില്ല എന്നാണ് ഉത്തരം ലഭിച്ചിട്ടുള്ളത്. മുഖ്യമന്ത്രി എന്നു പറയുന്ന ആൾ പറയുന്നു പ്രതിപക്ഷങ്ങൾക്ക് എന്തുകൊണ്ട് ഭൂരിപക്ഷം ഉണ്ടെങ്കിൽ അവിടെ പോയിതെളിയിച്ചുകൂടാ എന്ന്. ശ്രീനിവാസൻ അതിനു വളരെ വ്യക്തമായും മറുപടി പറഞ്ഞിരിക്കുകയാണ്. നായനാർ മന്ത്രിസഭ, മാണി പിന്തുണ പിൻവലിച്ചപ്പോൾ അര മണിക്കൂർകൊണ്ട് ഞങ്ങൾ അവിടെ വന്ന് രാജിവച്ചുകൊള്ളാമെന്ന് കേരളാഗവർണ്ണറെ ഫോണിൽ വിളിച്ച് അറിയിക്കുകയുണ്ടായി. അഖിലേന്ത്യാപാർട്ടിയെ സംബന്ധിച്ചിടത്തോളം ഇതേ സംബന്ധിച്ച് വിലയിരുത്തൽ ഉണ്ടായിരിക്കണം. ആ വിലയിരുത്തലുകൾക്ക് വ്യക്തമായും വ്യത്യസ്ത സമീപനങ്ങൾക്ക് സാദ്ധ്യതയുണ്ടെന്നും ഒരുപക്ഷേ അൽപം സാവകാശം കിട്ടിയാൽ തന്നെ പിന്തുണ ഈ നിയമസഭയിൽ തെളിയിക്കാൻ സാധിക്കപ്പെടുന്ന സന്ദർഭങ്ങൾ കരഗതമാകുമെന്ന് വീക്ഷിക്കാവുന്ന മുഖ്യമന്ത്രി അതിനൊന്നും കാത്തുനിൽക്കാതെ അവിടെ പോയി രാജി സമർപ്പിക്കുകയുണ്ടായി. അഖിലേന്ത്യാപാർട്ടിയുടെ തീരുമാനം ഉണ്ടാകുന്നതുവരെ ഞാൻ നിയമസഭയിൽ ഭൂരിപക്ഷം തെളിയിക്കാം എന്നു പറയാൻ വ്യക്തമായും അദ്ദേഹത്തിനു അവകാശം ഉണ്ടായിരുന്നു. ഒരു ഉന്നതമാതൃക കാണിച്ച ആ ഭരണത്തിന്റെ തകർച്ചമുതലെടുത്ത് ഇതാ അവിടെ പിന്തുണയുണ്ട്, ഇവിടെ പിന്തുണയുണ്ട്, ഡാങ്കെ വന്നാൽ പിന്തുണയുണ്ട് എന്നെല്ലാം പറയുന്നു. ഏറക്കുറെ ഈ നിയമസഭ ഇവിടെ കൂടുന്നതിനു രണ്ടുമൂന്നു ദിവസം മുമ്പ് മനോരമയിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു ജനതാപാർട്ടിയുടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിന്റെ പിന്തുണമാത്രമാണ് ഈ ഗവൺമെന്റിനുള്ളതെന്ന്. അതൊഴിച്ചാൽ ആരെല്ലാമാണ് പിന്തുണ നൽകുന്നതെന്നും ആരെയെല്ലാമാണ് ചാക്കിൽ കയറ്റുന്നതെന്നും വ്യക്തമാക്കാതിരിക്കുകയാണ് ചെയ്യുന്നത്. മുഖ്യമന്ത്രി ആകുന്ന ആൾ പറയുന്നു പാർട്ടികളും ഇല്ലാത്ത എം.എൽ.എ. മാർക്ക് വരാം, എം.എൽ.എ. മാർ ഇല്ലാത്ത പാർട്ടികൾക്ക് വരാം. ഇത് ജനാധിപത്യത്തെ സംബന്ധിച്ച് അപഹാസ്യമല്ലേ സർ? ഈ വിധത്തിൽ ഈ വിഭാഗത്തിലുള്ള മുഴുവൻ ആളുകളേയും ചാക്കിൽ കയറ്റാനും കുതികാൽ വെട്ട് നടത്താനും ശ്രമിച്ചിട്ടും ഇപ്പോഴുള്ള സംഭവഗതികളെ സംബന്ധിച്ചിടത്തോളം ജനതാപാർട്ടിയിൽനിന്നും ഭിന്നിച്ച മൂന്ന് അംഗങ്ങളും ഒഴികെ പിന്തുണ കൊടുക്കാൻ ഇല്ല എന്ന് ഇവിടെ വ്യക്തമായിരിക്കുകയാണ്. കെ.കെ. നായർ അദ്ദേഹത്തിന്റെ തീരുമാനം നാളെ അറിയിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇന്നും ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം ഭൂരിപക്ഷം ഉണ്ടെന്നു പറയാൻ ആ ഭാഗത്തിന് കഴിഞ്ഞിട്ടില്ല.

അവിശ്വാസ പ്രമേയത്തിന്റെ അവതരണാനുമതി ചോദിച്ചപ്പോഴും വ്യക്തമായും മുഴുവൻ ആളുകളും ഈ ഭാഗത്തുനിന്നും എണീറ്റു നിന്നിരുന്നു. എന്നിട്ടും അവിടെ 71 ആളുകളുടെ ഭൂരിപക്ഷം ഉണ്ടെന്ന് പാടിച്ചു കൊണ്ടിരിക്കുകയാണ്. ഈ 71 ആളുകളുടെ ഭൂരിപക്ഷത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായും ശ്രീനിവാസൻ അടിവരയിട്ട് ഇവിടെ പരാമർശിച്ചിരിക്കുകയാണ്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ആ ഭാഗത്തിരിക്കുന്ന ആളുകളും ഇവിടെ സീതി ഹാജിയൊക്കെ വ്യക്തമായി പറഞ്ഞു, എത്രയോ അംഗങ്ങളുടെ ഭൂരിപക്ഷം തെരഞ്ഞെടുപ്പു നടത്തിയാൽ കിട്ടുമെന്ന്. പിന്നെ എന്തുകൊണ്ട് ജനങ്ങളെ അഭിമുഖീകരിക്കാൻ മടിച്ച് നിൽക്കണം? വളരെ വ്യക്തമായും ഞാൻ ചോദിക്കുന്നു, കഴിഞ്ഞ ഗവൺമെന്റ് രാജിവച്ചതു മുതൽ ഇന്നേ ദിവസംവരെ അടിയന്തിരമായും ഇവിടെ ഒരു തെരഞ്ഞെടുപ്പുനടത്താനുള്ള അവസരമുണ്ടായിരുന്നു. എന്തുകൊണ്ട് മടിച്ചു നിൽക്കുന്നു? കുതികാൽവെട്ടുനടത്തി, ചാക്കിൽ കയറ്റി, ഇതുപര്യന്തമുള്ള പാരമ്പര്യങ്ങളെയെല്ലാം നശിപ്പിച്ച സ്പീക്കറുടെ കാസ്റ്റിംഗ് വോട്ടുകൊണ്ട് നിലനിന്നുകളയാമെന്നുള്ള വ്യാമോഹത്തിൽ ഈ ഗവൺമെന്റ് തുടരുമ്പോഴും വളരെ വ്യക്തമായും ഈ ഭാഗത്തേയ്ക്ക് പല ചോദ്യങ്ങളും ഉതിർത്തുവിട്ടുകൊണ്ടിരിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ആ ഭാഗത്ത് കാലുമാറി നിൽക്കുന്ന ആളുകളെ സംബന്ധിച്ചുള്ള സ്ഥിതി എന്താണ്? ഈ അടുത്തകാലത്തുതന്നെ ശ്രീമാൻ എ.കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള സംഘടന ഇവിടെ കാണിച്ചിട്ടുള്ള വിക്രിയകളെ സംബന്ധിച്ച് ഇവിടെ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. ശ്രീമാൻ സി. എച്ച്. മുഹമ്മദ്കോയ സാഹിബ്ബിനെ ഒരു ദിവസം മുഖ്യമന്ത്രി പദത്തിലേയ്ക്ക് കയറ്റി 53-ാം ദിവസം അദ്ദേഹത്തെ ഇറക്കി. ഇനി 100 കൊല്ലത്തേയ്ക്ക് കമ്മ്യൂണിസ്റ്റുകാരെ ഭരണത്തിൽ ഏറ്റുകയില്ലെന്ന് പറഞ്ഞു. ഇന്ന് മറെറാരു രൂപത്തിലേക്ക് അവരുടെ പ്രവർത്തനം ഇവിടെ രൂപപ്പെടുത്തിയിരിക്കുകയാണ്. ഇന്നുണ്ടായ പുതിയ രാഷ്ട്രീയ സാഹചര്യം എന്താണ്? അഖിലേന്ത്യാ തലത്തിൽ ഒന്നാമത്തെ ശത്രുവായി വ്യവഹരിച്ചിരുന്ന, വിലയിരുത്തിയിരുന്ന ശ്രീമതി ഗാന്ധിയുടെ ഭരണത്തെ സംബന്ധിച്ച്, ശ്രീമതി ഗാന്ധി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ കാര്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും വ്യത്യസ്തമായ ഒരു സമീപനം അവരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടാണോ ആ ഭാഗത്തിരിക്കുന്ന ആളുകളും അങ്ങോട്ടു പോയത് എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്തെങ്കിലും ഒരു വിധത്തിൽ ഒരു മാറ്റം ശ്രീമതി ഗാന്ധി പ്രഖ്യാപിച്ചു. അല്ലെങ്കിൽ അന്ന് ഒരു തെറ്റ് അങ്ങനെ പറ്റി, അത് മാറ്റാൻ ഞാൻ തയ്യാറാണ്. ആ തരത്തിലുള്ള എന്തെങ്കിലും പ്രഖ്യാപനം ഉണ്ടായിട്ടുണ്ടോ? ക്രമസമാധാന പ്രശ്നമാണെങ്കിൽ, ശ്രീ. ശ്രീനിവാസൻ ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ നടക്കുന്ന ക്രമസമാധാന തകർച്ചയുടെ

LIBRARY ARCHIVES Kerala Legislative Assembly

ചുരുക്കം ഇവിടെ പറഞ്ഞു. ഇവിടെ 100 കൊല്ലത്തേക്ക് കമ്മ്യൂണിസം വരുത്താതിരിക്കാൻ അന്നുണ്ടായ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ നിന്നോ, അവരുടെ ചുറ്റുപാടിൽനിന്നോ ആ വിഭാഗം എന്തെങ്കിലും മാറ്റം ഇവിടെ വരുത്തിയോ? അപ്പോഴാ പിന്നെ ഈ 100 കൊല്ലത്തേയ്ക്ക് ശപിക്കാനുള്ള കാരണമെന്താണ്? അത് വ്യക്തമാണ്. കുതികാൽവെട്ടിയും, രാഷ്ട്രീയമായ ചരടുവലികളും നടത്തിയും ഇൻഡ്യയിൽ വന്നിട്ടുള്ള മാറ്റം കണക്കിലെടുത്തുകൊണ്ടും ഇന്ന് അധികാരത്തിൽ വന്നിരിക്കുന്ന ഗവൺമെന്റ് വാദിക്കുന്നു ഇവിടെ പ്രശ്നപരിഹാരം അഭംഗുരം തുടരുന്നുവെന്ന്. ഞങ്ങളും ഇടതുപക്ഷപാർട്ടികളും ഈയിടെ വയനാട്ടിൽ ആദിവാസികളെ ബീഭത്സമായി കൊലപ്പെടുത്തിയ സ്ഥലം സന്ദർശിക്കുകയുണ്ടായി. അവിടെ ചെന്ന് നോക്കിയപ്പോൾ, ഞങ്ങൾക്ക് പ്രഥമമായി തോന്നിയ ഒരു കാര്യം, അഖിലേന്ത്യാ തലത്തിൽ പിന്നോക്ക വിഭാഗങ്ങളെയും, ഹരിജനങ്ങളെയും, ആദിവാസികളെയും കൊന്നൊടുക്കാനുള്ള സന്ദർഭം, അതിന് ഏറക്കുറെ അനുകൂലമായ ഒരു ഗവൺമെന്റ് ഇവിടെ വന്നിരിക്കുന്നു എന്നാണ്. അത് മനസ്സിലാക്കിയതിന്റെ ബഹിർപ്രകടനമായിരുന്നില്ലേ, അവിടെ അമ്മ മരിച്ചിട്ടും മുല കുടിച്ചുകൊണ്ടിരുന്ന കുട്ടിയെ ആസ്പത്രിയിൽ എടുത്തുകൊണ്ടുപോകാതെ അതിനെ കൊലപ്പെടുത്തിയത്. ഇവിടെ മന്ത്രിമാരുടെ പര്യടനാവസരത്തിൽ സമാധാനപരമായി കരിങ്കൊടി പ്രകടനം നടത്താൻ ഈ രാജ്യത്തിലെ ജനങ്ങൾക്ക് നിവൃത്തിയില്ല. മുമ്പൊരിക്കലും ജനങ്ങൾ കണ്ടിട്ടില്ലാത്ത വിധത്തിൽ അധികാരത്തിൽ വന്ന ഈ ഗവൺമെന്റിനെ അവരുടെ പ്രതിഷേധം അറിയിക്കാനുള്ള സന്ദർഭത്തെ ഈ ഗവൺമെന്റ് ഏതു വിധത്തിലാണ് കൈകാര്യം ചെയ്യുന്നത് എന്നതിനെ സംബന്ധിച്ച്, ഏറക്കുറെ മനസ്സിലാക്കിയിരിക്കുകയാണ്. ഞാൻ വ്യക്തമായി പറയുന്നു, ഭൂരിപക്ഷമില്ലാത്ത ഈ ഗവൺമെന്റ് ഇനി ഒട്ടും അറച്ചുനിൽക്കാതെ കതരഞ്ഞെടുപ്പ് ഗോദയിലേയ്ക്ക് ഇറങ്ങണം; കുരുക്ഷേത്രത്തിൽ വച്ച് നമുക്ക് കാണാം. അതിന് തയ്യാറാകണം. അപഹാസ്യമായ നിലയ്ക്ക് ഇതിനെ നിലനിർത്താൻ തയ്യാറാകരുതേയെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ ഒരിക്കൽകൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. തോമസ് ജോസഫ് : സർ, ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. 1980-ൽ രൂപംകൊണ്ട ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഒരു ഘടകകക്ഷി ആയിരുന്നു എന്റെ പാർട്ടി. ബഹുമാനപ്പെട്ട സി.ബി.സി. വാര്യർ സൂചിപ്പിച്ചതുപോലെ ശ്രീ. കെ.എം. മാണി അവിടെ ഒരു ഭൂഷണമല്ലായിരുന്നുവെന്ന് അദ്ദേഹത്തിന് തോന്നാതിരുന്നത് നന്നായി. അദ്ദേഹം മുന്നണിയിലേക്ക് വന്നത് ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലായിരുന്നു. ബഹുമാനപ്പെട്ട ശ്രീനിവാസൻ ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ടു ബഡ്ജറിലൂടെ 72 നല്ല കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങളോടൊപ്പം ഞങ്ങൾക്കും അഭിമാനിക്കാൻ വകയുണ്ട്. ഇക്കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. അക്കാര്യത്തിൽ ഞാൻ അഭിമാനിക്കുകയാണ്. പക്ഷേ, നിങ്ങൾ ഓർക്കണം, കഴിഞ്ഞ ജൂലൈ 6-ാം തീയതി ബഹുമാന്യനായ പി.കെ.വി. ഈ നിയമസഭയുടെ സന്നിധിയിൽ വന്നു നിന്നുകൊണ്ട് ഇടത്തോട്ടു വിരൽ ചൂണ്ടി, എലിക്കളത്ത് ശ്രീധരൻ നായരെയും, മലബാറിലെ ഗോപാലനെയും നശിപ്പിച്ച്, കൊന്ന്, കൊലവിളിച്ചതിനെക്കുറിച്ച് ഘോരഘോരം പ്രസംഗിച്ച് അദ്ദേഹം ഗദ്ഗദ കണ്ഠനായി വികാര ഭരിതനായി. എന്നിട്ട് അദ്ദേഹം പറഞ്ഞ വാചകങ്ങൾ ഓർക്കണേ, നമുക്കു സ്മരിക്കണേ, "ഈ കൊന്നതും പോട്ടെ, കൊന്നു കഴിഞ്ഞിട്ട് തെമ്മാടിയാണെന്നു പറഞ്ഞ് പ്രഖ്യാപിക്കുകയെങ്കിലും ചെയ്യാതിരിക്കണമേ എന്റെ ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണാ" എന്ന് അദ്ദേഹത്തിന്റെ വികാരം

LIBRARY ARCHIVES Kerala Legislative Assembly

ഇന്നും തളംകെട്ടി നിൽക്കുകയല്ലേ ഇവിടെ. ഈ നിയമസഭയുടെ ചിന്തിക്കാൻ ശബ്ദം ഉണ്ടായിരുന്നെങ്കിൽ, വീണ്ടും ശബ്ദിക്കാൻ കഴിവുണ്ടായിരുന്നെങ്കിൽ, ആ പ്രസംഗം ശ്രദ്ധിച്ചിരുന്നെങ്കിൽ എന്തായിരുന്നു അനുഭവം. കഴിഞ്ഞ കോൺഗ്രസ്സിന്റെ 15-ാം തീയതി എന്റെ നിയോജകമണ്ഡലത്തിലെ ചക്കുവള്ളത്തിൽ പട്ടാപ്പകൽ സി.ഐ.ടി.യു. ഗുണ്ടകളും അതിക്രമം അഴിച്ചു വിട്ട് എന്റെ ജില്ലാ സെക്രട്ടറിയെ ഉൾപ്പെടെ മർദ്ദിച്ച് അപകടപ്പെടുത്തി. സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15-ാം തീയതിയാണ് മർദ്ദിച്ചു അപകടപ്പെടുത്തിയത്. 16-ാം തീയതി ഞാൻ ഇവിടെ വന്ന് ആവശ്യപ്പെട്ടു. ഈ സി ഐ.ടി.യു. ഗുണ്ടകളെ നിലയ്ക്ക് നിർത്തിയില്ലെങ്കിൽ ഈ മുന്നണി തകരുമെന്ന് പറഞ്ഞു. കേരളാ കോൺഗ്രസ്സിനെ കുറ്റം പറയാൻ നിങ്ങൾക്ക് പറ്റുമോ? കെ.എം. മാണിയെ കുറ്റം പറയാൻ നിങ്ങൾക്ക് പറ്റുമോ? 1980 ഒക്ടോബർ 11-ാം തീയതി എറണാകുളത്തുകൂടിക്കൊണ്ട് ഞങ്ങളുടെ പാർട്ടി പറഞ്ഞു, ക്രമസമാധാന രംഗത്ത് മാറ്റം വരുത്തണം, കാർഷിക മേഖലയിലും, വ്യവസായ മേഖലയിലും സമാധാനം ഉണ്ടാക്കണം, ഉണ്ടാക്കിയില്ലെങ്കിൽ ഈ മുന്നണി തകരുമെന്ന്. ഈ വിവരം ഘടകകക്ഷി നേതാക്കളെ അറിയിച്ചില്ലേ. 1981 ഒക്ടോബർ ഏഴും എട്ടും തീയതികളിൽ എക്സിക്യൂട്ടീവ് കൂടിക്കൊണ്ട് ഞങ്ങൾ തീരുമാനിച്ച വിവരം ബഹുമാന്യനായ മുൻമുഖ്യമന്ത്രി ഇ.കെ. നയനാരെ ഉൾപ്പെടെ അറിയിച്ചു. ഈ രീതിയിൽ നിയമസമാധാന രംഗത്ത് ഈ രാജ്യത്തുടനീളം നടക്കുന്ന സംഭവഗതികളെ നിയന്ത്രിക്കാൻ നിങ്ങൾ തയ്യാറായില്ലെങ്കിൽ, ഹോം വകുപ്പ് ഉപേക്ഷിക്കാൻ നിങ്ങൾ തയ്യാറില്ലെങ്കിൽ, അർത്ഥ ശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ, ഈ മുന്നണിയിൽതുടരാൻ ഞങ്ങൾക്ക് സാദ്ധ്യമല്ലെന്നു അറിയിച്ചു. ബഹുമാനപ്പെട്ട നായനാർ പറഞ്ഞു, കണ്ണൂരിൽ പോയിട്ടു വരട്ടെ, 12-ാം തീയതി ഞങ്ങളുടെ സെക്രട്ടേറിയറ്റ് ഉണ്ട്, അന്നു തീരുമാനിച്ച് 12-ാം തീയതി വിവരം അറിയിക്കാമെന്ന് പറഞ്ഞു, 13-ാം തീയതി ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദൻ ചെന്ന് ശ്രീ. കെ.എം മാണിയെക്കണ്ട് സാദ്ധ്യമല്ലെന്ന് പറഞ്ഞു. ഞങ്ങൾക്ക് മാറാൻ ഒക്കുകയില്ലെന്നു പറഞ്ഞു. നിങ്ങൾക്ക് സൗകര്യമുണ്ടെങ്കിൽ ഇരുന്നാൽ മതിയെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ ഏകകണ്ഠമായി എടുത്ത തീരുമാനത്തിന്റെ വെളിച്ചത്തിൽ, 9-ാം തീയതി സ്റ്റേറ്റ്കമ്മിറ്റി വി.ജെ.ടി. ഹാളിൽ കൂടി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളെ വ്യക്തമായി അറിയിച്ചു, ഞങ്ങളെ ഇനി നോക്കേണ്ടയെന്ന്. ഈ അധ:പതിച്ച മുന്നണിയുടെ, നിങ്ങളുടെ, കൂടെ നിൽക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരല്ലെന്ന് പറഞ്ഞു. അതല്ലാതെ ഞങ്ങൾ എന്തെങ്കിലും വഞ്ചന കാണിച്ചോ?

നിങ്ങളോട് ഞങ്ങൾ വഞ്ചന കാണിച്ചെന്ന് ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ നെഞ്ചിൽ കൈവച്ചുകൊണ്ട് പറയുവാൻ സാധിക്കുകയില്ല ; ബഹുമാന്യനായ ഇ. കെ. നായനാർക്ക് സ്വന്തം നെഞ്ചിൽ കൈവച്ചുകൊണ്ട് പറയാൻ സാധ്യമല്ല. വളരെ ഉത്തരവാദിത്വത്തോടുകൂടി ഇക്കാര്യങ്ങൾ ഞങ്ങൾ പറഞ്ഞിട്ടുള്ളതാണ്. ആ രീതിയിൽ കഴിഞ്ഞ മുന്നണിയെ തകർത്തെങ്കിൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദി ഒരു പ്രാവശ്യം സി. ഐ.ടി. യു. ക്കാരും നിങ്ങൾ ഈ രാജ്യത്ത് അഴിച്ചുവിട്ട അരാജക പ്രവർത്തനവുമാണെന്ന് പറയാൻ തയ്യാറാകുന്നതിൽ ക്ഷമിക്കണം.

ശ്രീ. ഇ. കെ. നായനാർ : ശ്രീ. തോമസ് ജോസഫ് ഇവിടെ പറഞ്ഞത് വസ്തുതയ്ക്ക് നിരക്കാത്തതാണ്. എന്റെ പ്രസംഗത്തിൽ ഞാനത് ക്ലാരിഫൈ ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ജോസഫ് : സർ, ബഹുമാന്യനായ ഇ. കെ. നായനാർ ഇങ്ങനെ പറയുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. ഞാൻ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് സംസാരിക്കുന്നത്. ബഹുമാന്യനായ മുൻ മുഖ്യമന്ത്രിക്ക് അത് നിഷേധിക്കാൻ സാധ്യമല്ല. ഞാൻ അതുകൊണ്ട് ഈ മുന്നണി തകർത്തതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം മാർക്സിസ്റ്റ് പാർട്ടിയുടെ പേരിൽ ആരോപിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടിയെ ഞാൻ സംശയിക്കുകയാണ്. എം. വി. രാഘവൻ ഉൾപ്പെടെയുള്ള ഒരു വിഭാഗം ആളുകൾ ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രിയായതിന്റെ പേരിൽ അദ്ദേഹത്തെ ഒറ്റപ്പെടുത്താനുള്ള ശ്രമം നടത്തിയതിന്റെ ഫലമായി ഒരു പറ്റം സി. ഐ. ടി. യു. ക്കാരെ ഈ മുന്നണിക്കെതിരായിട്ടു അഴിച്ചു വിട്ടോയെന്നുപോലും ഞാൻ സംശയിക്കുകയാണ്.

ശ്രീ. സി. എ. കുര്യൻ : ഇങ്ങനെയൊക്കെയായിരുന്നെങ്കിൽ അതിൽ സി. പി. ഐ. യോടും സി. പി. എം. നോടും യോജിക്കുന്നവരായിരുന്നു. എന്നാൽ ഇടുക്കിജില്ല സഹകരണബാങ്ക് തെരഞ്ഞെടുപ്പിന് നമ്മൾ എല്ലാവരും ഒന്നിച്ച് നിന്നുകൊണ്ട് ആൻറണി കോൺഗ്രസിനെ എതിർത്തത് ശരിയാണോ ?

ശ്രീ. തോമസ് ജോസഫ് : നമ്മൾ രണ്ടുപേരും ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിലെ ബോർഡ് മെംബേഴ്സാണ് : നിഷേധിക്കുന്നില്ല, ഒരു മുന്നണികാലഘട്ടത്തിൽ ആ ജില്ലയിൽ ഉണ്ടാക്കിയ ധാരണയിൽ മാറ്റം വരാതെ മുന്നണി പൊളിഞ്ഞെങ്കിൽ ആ വാക്ക് പാലിക്കാൻ അന്തസ് കാണിച്ചവരാണ് കേരളാ കോൺഗ്രസുകാർ. ആ കാര്യം ശ്രീ. കുര്യനു നിഷേധിക്കാമോ; കുര്യനു നിഷേധിക്കാൻ സാധ്യമല്ല. ആ രീതിയിൽ നെറികേട് കാണിക്കാത്ത ശ്രീ. കെ. എം. മാണി പലയിടത്തും ഭൂഷണമാണ്. ബഹുമാനപ്പെട്ട ശ്രീനിവാസനെ ഞാൻ ആദരിക്കുകയാണ് ; അദ്ദേഹത്തിന്റെ സംഭാഷണത്തിൽ പറഞ്ഞു ; വഞ്ചകരാണ്. ഈ വഞ്ചക പരിഷ്കകളെ നിലം പരിശാക്കുമെന്ന്. അടുത്ത തെരഞ്ഞെടുപ്പ് വരാൻ പോവുകയാണ്. കേരള കോൺഗ്രസെന്ന രാഷ്ട്രീയ പാർട്ടിയെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണ്. പക്ഷെ ഈ മുന്നണി ഗവൺമെൻറ് നിലനിർത്തേണ്ടതു ആവശ്യമാണ്. കഴിഞ്ഞ ഗവൺമെൻറ് പ്രഖ്യാപിച്ചതാണ് അത്. ചില കാര്യങ്ങൾ കൂടി ഈ ഗവൺമെൻറിനു ചെയ്യേണ്ടതുണ്ട്. മിനിമം പരിപാടിയിലൂടെ പ്രഖ്യാപിച്ച ചില കാര്യങ്ങൾ നടപ്പിലാക്കിയില്ല. പാവപ്പെട്ട മലയോര കർഷകർക്ക് പട്ടയം കൊടുക്കാമെന്ന വാക്ക് പറഞ്ഞിട്ട് പട്ടയം കൊടുക്കാത്തതുകൊണ്ട് ഞാനീ കാര്യം റവന്യൂ മന്ത്രിയുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്. അങ്ങനെയുള്ള പ്രശ്നങ്ങൾകൂടി ഈ ഗവൺമെൻറ് കൈകാര്യം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സപ്ലിമെൻററി ചോദ്യങ്ങൾ ഇല്ലാത്തിടത്ത് സപ്ലിമെൻററി ചോദ്യങ്ങൾ കൊടുക്കാനും റെഗുലർ സപ്ലിമെൻററി ചോദ്യങ്ങളാണെങ്കിൽപോലും അത് കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

IV. മുഖ്യമന്ത്രിയുടെ പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : പാർട്ടി നേതാക്കളുടെ ഒരു യോഗം സ്പീക്കറുടെ ചേംബറിൽ ചേരുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്ത വിവരം സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

സഭ ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന അവിശ്വാസപ്രമേയ ചർച്ച നാളെ അവസാനിക്കുന്നതാണ്. കൃതജ്ഞതാ പ്രമേയത്തിനുള്ള ചർച്ച ഫെബ്രുവരി 5, 8, 9 എന്നീ തീയതികളിൽ നടക്കുന്നതാണ്. പ്രസ്തുത ദിവസങ്ങളിൽ ചോദ്യോത്തരങ്ങൾ ഉണ്ടായിരിക്കുന്നതല്ല. നാളെയും തുടർന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly